ജൂലൈ 2011

# വേദ ദർശനം



## മതേതരത്വം ഖുർആനിൽ

## റമസാൻ പുണ്യങ്ങളുടെ പൂക്കാലമോ?

## ഉസാമ ബിൻ ലാദൻ വാഴ്ത്തപ്പെടേണ്ടവനോ?



# അകത്താളുകളിൽ




കവിത 3
ഉസാമ ബിൻ ലാദൻ വാഴ്ത്തപ്പെടേണ്ടവനോ?



ലേഖനം 4
ഒരു ചരമ വാർത്ത




ലേഖനം 6
സാമൂഹികവും സാമ്പത്തികവുമായ പിന്നാക്കാവസ്ഥ




ലേഖനം 8
ശിർക്ക് എന്ന മഹാപാപം



ലേഖനം 11
അല്പം വ്രതചിന്തകൾ




ലേഖനം 14
ലൈലത്തുൽ ഖദ്ർ



കവിത 17
റമസാൻ പുണ്യങ്ങളുടെ പൂക്കാലമോ?



കവിത 18
റിലീഫ് വിതരണം



കഥ 18
ദാനം



പഠനം 19
ളിഹാറും ഖുർആനും



ലേഖനം 23
മതേതരത്വം ഖുർആനിൽ



പഠനം 27
മസ്ജിദുൽ ഹറാമിലെ നമസ്കാരത്തിന് പുണ്യം കൂടുതലില്ല



**Editorial Board**

**Mudur Aboobacker**
(Chief Editor)
**K.K. Salim Hajee**
(Printer & Publisher)
**N.T.A. Kareem**
(Co-ordinator)

**K. Sahul Hameed**
**Dr. Abdul Jaleel Puttekkad**
**Beerankutty Kuniyil**
**Abdurahman Koothuparamba**
**K.T. Muhammed Kutty**
**B.V. Sakeer**
**M.S. Rasheed**
(Editors)

DTP:
**Swapna**, Guru

Designing & Printing:
**Guru Offset & Graphics**
Clt-4. Mob: 9388678779



Address: **Veda Darsanam** P.B. No. 143, Kozhikode-673 001, E-mail: vedadarsanam@mail.com

ഒറ്റപ്രതി സംഭാവന : 12 രൂപ.
വാർഷിക സംഭാവന : 120 രൂപ.
വിദേശത്തേക്ക് : 540 രൂപ.

എം.ഒ. അയയ്ക്കുമ്പോൾ മണി ഓർഡർ ഫോറത്തിൽ സന്ദേശം എഴുതാനുള്ള ഭാഗത്ത് കൂടി വ്യക്തമായ വിലാസം (പിൻകോഡ് സഹിതം) എഴുതേണ്ടതാണ്. അപൂർണമായ വിലാസം കാരണം വേദ ദർശനം തപാലിൽ കിട്ടാതെ വന്നാൽ ഞങ്ങൾ ഉത്തരവാദികളായിരിക്കില്ല. എം.ഒ. അയയ്ക്കേണ്ട വിലാസം: വേദ ദർശനം, മണൽത്താഴം, ഗോവിന്ദപുരം പി.ഒ, കോഴിക്കോട് -673 016.

കോ – ഓർഡിനേറ്റർ

**INTERNAL CIRCULATION ONLY**

വേദ ദർശനം
2011
ജൂലൈ
പുസ്തകം – 2
ലക്കം – 7
ഖുർആൻ സുന്നത്ത് സൊസൈറ്റി മുഖപത്രം



# ഉസാമ ബിൻ ലാദൻ വാഴ്ത്തപ്പെടേണ്ടവനോ?

**കുട്ടി പെരുവഴിക്കുളം**



ലാദന്റെ ദാരുണ വാർത്തകൾ കേട്ട്
വിശ്വാസം വന്നിടാതെത്രയോ മാനവർ!
കൊല്ലപ്പെട്ടുള്ളവൻ താനല്ല എന്നവൻ
മുമ്പും പറഞ്ഞു കേട്ടിട്ടുള്ളതല്ലയോ?
എന്നാലൽഖാഇദ വൃത്തങ്ങളും പിന്നെ
വാർത്ത സ്ഥിരീകരിച്ചപ്പോൾ നിശ്ശബ്ദരായ്.
ഖുർആൻ പഠിക്കാതെ മതവാളെടുത്തവർ
ശാന്തി ജനത്തിന് നൽകില്ലൊരിക്കലും.
ശാന്തിയാണിസ്‌ലാമിൻ മുദ്രയെന്നോർക്കണം.
ശാപം ക്ഷണിച്ചൂ വരുത്താതിരിക്കണം.
എത്രയായാലും ഉസാമ ബിൻ ലാദനെ
തള്ളിപ്പറയാൻ മടിക്കുന്നഹോ ചിലർ!
ലോകപൊലീസായ് വിലസുന്ന രാഷ്ട്രത്തെ-
യല്പം വിറപ്പിച്ച വ്യക്തിയല്ലേയവൻ?
ലോകത്തിലെമ്പാടും യുദ്ധങ്ങളുണ്ടാക്കി-
യായുധം വിറ്റഴിച്ചീടാൻ തുനിഞ്ഞവർ!
ശാന്തി, സമാധാനമുള്ള രാജ്യങ്ങളെ
തമ്മിലടിപ്പിച്ച് മുതലെടുക്കുന്നവർ.
ഉസാമ ബിൻ ലാദൻ ഭീകരനെങ്കിലും
ഇസ്‌ലാം മതത്തിന്റെ പിന്തുണയില്ലേലും
നിലകൊണ്ട നാളൊക്കെയാരാഷ്ട്രത്തിന്നല്പം
തലവേദനിച്ചെന്ന് സമ്മതിച്ചേതീരൂ.

പുറമെ ഉസാമയെ തള്ളിപ്പറയുന്നോർ
ചിലരെങ്കിലുമിങ്ങനെ ഉള്ളിൽ വാഴ്ത്തിയിട്ടുണ്ടാവാം.
പ്രത്യക്ഷമായുള്ള പിന്തുണ നൽകുവാൻ
പേടിയും നല്ലൊരു കാരണമായിടാം.
ഇഹലോകവാസം വെടിഞ്ഞെന്ന് കേട്ടപ്പോൾ
പലരും ചിത്തേന ദുഃഖിച്ചിട്ടുണ്ടാവാം.
ലോകത്തിലിന്നും ദരിദ്രരുള്ള ചില
രാഷ്ട്രങ്ങൾ തേങ്ങിക്കരഞ്ഞിട്ടുമുണ്ടാവാം.
ലാദനെ പേടിച്ചിരുന്ന ചിലർക്കിനി
പേടിക്കാനെന്തിരിക്കുന്നു ഭുവനത്തിൽ?
ഭാവിയിൽ മറ്റൊരു ലാദൻ പിറന്നിടാൻ
പ്രാർഥിച്ചിടുന്നവർ എന്നുമുണ്ടായേക്കാം!




# ഒരു ചരമ വാർത്ത

**ബഷീർ താനാളൂർ**

ഒരുകാലത്ത് കേരളക്കരയിൽ നവോത്ഥാനത്തിന്റെ വെളിച്ചം വിതറിയ ആദർശ പ്രസ്ഥാനം ഖുർആനിൽ നിന്നകന്നതുമൂലം അകാല ചരമം പ്രാപിച്ച വിവരം വ്യസന സമേതം അറിയിക്കുന്നു.


അന്ധവിശ്വാസങ്ങൾക്കും ദുരാചാരങ്ങൾക്കും എതിരിൽ ശക്തമായി പോരാടുകയും അതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രസിദ്ധീകരണങ്ങളും ഖുർആൻ പരിഭാഷകളും സംവാദങ്ങളും ഖണ്ഡനങ്ങളും നടത്തുകയും ചെയ്ത മുജാഹിദ് വിഭാഗം ഇന്നലെ വരെ ഇവിടെ ജീവിച്ചിരുന്നു. എന്നാൽ പ്രവാചകന്റെ മുടി വിവാദം ഉയർന്നതോടെ ആ പ്രസ്ഥാനം ചരമമടഞ്ഞു. മലപ്പുറം ജില്ലയിലെ താനാളൂരിലും പകരയിലും നടത്തിയ പൊതുയോഗത്തിൽ സലഫികൾ പ്രഖ്യാപിച്ചു: “നബിയുടെ വിയർപ്പ്, ഉമിനീർ, വിസർജ്യങ്ങൾ, ഭക്ഷണപാനീയ ഉച്ഛിഷ്ടങ്ങൾ, നഖം, മുടി, മോതിരം, വസ്ത്രം, തൊപ്പി എന്നിവയ്ക്ക് പുണ്യമുണ്ട്. അവ പ്രവാചകന്റേതാണെന്ന് തെളിവുണ്ടെങ്കിൽ അവ കൊണ്ട് ബർക്കത്ത് എടുക്കൽ ഇസ്‌ലാമികമാണ്. ഒരു മുസ്‌ലിമിന് അത് ചെയ്യാവുന്നതുമാണ്.” ഹദീസുകളുടെ നീരാളിപ്പിടിത്തത്തിൽ ശ്വാസം മുട്ടി പിടഞ്ഞു മരിക്കുന്ന ഇസ്‌ലാഹി പ്രസ്ഥാനത്തിന്റെ ദീനരോദനമാണ് ഇവിടെ കേട്ടത്. മുഹമ്മദ് നബി സാധാരണ മനുഷ്യനാണെന്ന മുജാഹിദ് ആദർശത്തെയും ഖുർആനിക കല്പനകളെയുമാണ് പകര സ്വദേശിയായ ഒരു മദനി തന്റെ പ്രഭാഷണത്തിൽ ഖബറടക്കിയത്. മുജാഹിദുകളുടെ ആ സമീപനത്തോടെ കേശവിഷയത്തിന് പുതിയ അർഥതലങ്ങൾ കൈ വന്നിരിക്കുന്നു. പ്രവാചകകേശം സംബന്ധിച്ച നിലപാടിൽ സുന്നികളും മുജാഹിദുകളും തമ്മിൽ ഒരു വ്യത്യാസവുമില്ലാതെ ഒരേ തൂവൽ പക്ഷികളായി മാറിയിരിക്കുന്നു. പ്രവാചകകേശമാണെന്ന് ഉറപ്പുള്ളതിനാലും വ്യക്തമായ സനദുള്ളതിനാലും കേശവുമായി മുന്നോട്ടു പോകുന്ന സുന്നികളും, സനദില്ല എന്ന വാദവുമായി മാറി നിൽക്കുന്ന മറു വിഭാഗം സുന്നികളും മുജാഹിദുകളും സനദിന്റെ വ്യക്തത പുറത്തു വന്നാൽ കേശം മുക്കിയ വെള്ളത്തിന്റെ പുണ്യത്തിന് വേണ്ടി ഒന്നാകും എന്ന കാര്യത്തിൽ സംശയമില്ലെന്ന് സലഫികളുടെ ഈ പ്രഖ്യാപനത്തിലൂടെ വ്യക്തമാണ്.






സമാധാനത്തിന് നൊബേൽ സമ്മാനം നേടിയ രാഷ്ട്രീയ നേതാവാണ് ബറാക് ഒബാമ. ജനാധിപത്യത്തിന്റെ പേരിൽ സംസാരിക്കുന്ന ആൾ. ഉസാമ ബിൻ ലാദനെ പിടികൂടുകയും കോടതിമുമ്പാകെ ഹാജരാക്കി വിസ്തരിക്കുകയും കുറ്റം തെളിഞ്ഞാൽ ശിക്ഷിക്കുകയും ചെയ്തിരുന്നെങ്കിൽ അതായേനെ സമാധാനത്തിനും ജനാധിപത്യത്തിനും നിരക്കുന്ന നീതി.

–ഡോ. എം.എൻ കാരശ്ശേരി




**മലയാളക്കരയിൽ ഇന്ന് ഖുർആനികമായ സത്യങ്ങൾ തുറന്ന് പറയാനും അവ പ്രബോധനം ചെയ്യാനും ഒരൊറ്റ സംഘമേയുള്ളൂവെന്ന സത്യം തിരിച്ചറിയുക. ഖുർആന്റെ ശത്രുക്കൾ കഴുത്തിൽ മുണ്ടിട്ട് ശ്വാസം മുട്ടിച്ച് കൊലപ്പെടുത്തിയ ശേഷം ചുവന്ന കുന്നിൽ കുഴിച്ചിട്ട, കേരളം കണ്ട ഏറ്റവും പ്രഗത്ഭനായ ഖുർആൻ പണ്ഡിതൻ രൂപം നൽകിയ ഖുർആൻ വിശ്വാസികളുടെ ചെറു സംഘം.**

മുഹമ്മദ് നബി സാധാരണ മനുഷ്യനാണെന്നായിരുന്നു ആദ്യകാല മുജാഹിദുകളുടെ സമീപനം. വിശുദ്ധ ഖുർആനിലെ വ്യക്തമായ കല്പനയും അതുതന്നെയാണ്. 9:128, 10:2, 11:27, 14:10,11, 17:93, 21:3,8, 23:34, 25:7,20, 26:154,186, 36:15, 41:6 എന്നീ ഖുർആനിക സൂക്തങ്ങളിൽ അത് ആർക്കും കാണാം. സാധാരണ മനുഷ്യന്റെ മുടിയും നഖവും വിസർജ്യങ്ങളും ശരീരത്തിൽ നിന്നു വേർപെട്ടാൽ അത് നജസാണെന്ന കർമ ശാസ്ത്ര ബാലപാഠം പോലും വിഴുങ്ങി മുജാഹിദുകൾ പുതിയ പ്രഖ്യാപനത്തിലൂടെ തങ്ങളുടെ ഒരു കാലത്തെ നിലപാടുകളെ കുഴിച്ചുമൂടി ഹദീസുകളുടെ കൂരിരുട്ടിലേക്കുള്ള പ്രയാണം പൂർത്തിയാക്കി യാഥാസ്ഥിതിക സുന്നികളോടൊപ്പം നിലയുറപ്പിച്ചിരിക്കയാണ്. ഇതോടെ, ഖുർആനിക കല്പനകൾക്ക് വില കല്പിക്കാനും അത് പ്രബോധനം ചെയ്യാനുമുള്ള ധാർമികമായ അവകാശമില്ലാതെ മുജാഹിദുകൾ കാലയവനികക്കുള്ളിൽ മറഞ്ഞിരിക്കുന്നു.

മുജാഹിദ് സുഹൃത്തുക്കളേ, മലയാളക്കരയിൽ ഇന്ന് ഖുർആനികമായ സത്യങ്ങൾ തുറന്ന് പറയാനും അവ പ്രബോധനം ചെയ്യാനും ഒരൊറ്റ സംഘം മാത്രമേയുള്ളൂവെന്ന സത്യം നിങ്ങൾ തിരിച്ചറിയുക. ഖുർആന്റെ ശത്രുക്കൾ കഴുത്തിൽ മുണ്ടിട്ട് ശ്വാസം മുട്ടിച്ച് കൊലപ്പെടുത്തിയ ശേഷം ചുവന്നകുന്നിൽ കുഴിച്ചിട്ട, കേരളം കണ്ട ഏറ്റവും പ്രഗത്ഭനായ ഖുർആൻ പണ്ഡിതൻ രൂപം നൽകിയ ഖുർആൻ വിശ്വാസികളുടെ ചെറു സംഘം. പ്രവാചകകേശത്തിന്റെ ഇസ്‌ലാമിക മാനം വ്യക്തമാവണമെങ്കിൽ ഹദീസുകൾ വലിച്ചെറിഞ്ഞ് ഖുർആനിലേക്ക് പൂർണമായും മടങ്ങണം.

മുഹമ്മദ് നബിയുടെ മുടിയോ നഖമോ മറ്റു ശേഷിപ്പുകളോ ലോകത്ത് ആരുടെയെങ്കിലും ശേഖരത്തിൽ ഉണ്ടെങ്കിലും, അവ പ്രവാചകന്റേതാണെന്ന് വ്യക്തമായ തെളിവുകളുണ്ടെങ്കിലും യഥാർഥ മുസ്‌ലിമിന് അതുമായി ഒരു ബന്ധവുമുണ്ടാവാൻ പാടില്ല. പ്രവാചകന്മാർക്കിടയിൽ ഒരു വിവേചനവും കാട്ടാൻ പാടില്ലെന്നത് ഖുർആന്റെ (2:136) വ്യക്തമായ കല്പനയാണ്. ഒരു പ്രവാചകന്റെ മാത്രം ശേഷിപ്പുമായി നടക്കുമ്പോൾ ഖുർആനിക കല്പനയുടെ നഗ്നമായ ലംഘനമാണത്. ഇത്തരം ഖുർആനിക സത്യങ്ങൾ പുറത്ത് പറയാൻ മുജാഹിദുകൾക്ക് ഒരിക്കലും സാധ്യമല്ല. മുഹമ്മദ് നബിക്ക് നമസ്കാരത്തിൽ സലാം പറയുകയും മുഹമ്മദ് നബിയുടെ പേര് കേൾക്കുമ്പോൾ ഒരു തരത്തിലും മറ്റു പ്രവാചകരുടെ പേര് കേൾക്കുമ്പോൾ മറ്റൊരു തരത്തിലും പ്രതികരിക്കുകയും ചെയ്യുന്ന മുജാഹിദുകൾക്ക് 2:136 സൂക്തം കണ്ടില്ലെന്ന് നടിക്കാനേ കഴിയൂ. മുജാഹിദ് എന്ന പേരുകൊണ്ട് ഉദ്ദേശിക്കുന്ന യഥാർഥ മുജാഹിദ് ആയി മാറണമെങ്കിലും മുജാഹിദ് പ്രസ്ഥാനം ഒരിക്കൽ പറയാൻ ശ്രമിച്ച ഖുർആനിക ആശയങ്ങൾ പറയണമെങ്കിലും കേശവിഷയത്തിൽ ആത്മാർഥതയോടെയും ചങ്കൂറ്റത്തോടെയും പങ്കെടുക്കണമെങ്കിലും ഖുർആനിലേക്ക് പൂർണമായും മടങ്ങുകയും ഹദീസുകൾ വലിച്ചെറിയുകയും വേണം.



# സാമൂഹികവും സാമ്പത്തികവുമായ പിന്നാക്കാവസ്ഥ

**ഷംസുദ്ദീൻ പട്ടാമ്പി**

"നിങ്ങളാകുന്നു ഈ ഭൂമിയിലെ ഉത്തമ സമുദായം" എന്ന് വിശുദ്ധ ഖുർആൻ. മുസ്‌ലിം മത സാമൂഹിക-രാഷ്ട്രീയ രംഗത്ത് പ്രവർത്തിക്കുന്ന നേതാക്കൾ ആവേശത്തോടെ അണികളോടു പറയും "ഞങ്ങളാണ് ഒ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തി ഈ സമുദായത്തെ രക്ഷിച്ചവർ" എന്ന്. കാലങ്ങളായി സാമ്പത്തികമായും സാമൂഹികമായുമൊക്കെ പിന്നാക്കക്കാരായതിനാൽ നമ്മുടെ ഗവൺമെന്റ് അത്തരം സമുദായങ്ങൾക്ക് സർക്കാർ ഉദ്യോഗങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനത്തിലുമൊക്കെ സംവരണം നൽകിയിരിക്കുന്നു. ഈ പട്ടികയിൽ ഇടം നേടിയതുകൊണ്ട് മാത്രമാണ് സമുദായം ഇത്രയെങ്കിലും ഉന്നതിയിലെത്തിയത്.

ദൈവം സമ്പത്തുകൊണ്ട് വളരെ പരിമിതമായ ഒരു വിഭാഗത്തെ അനുഗ്രഹിച്ചിരിക്കുന്നു. സമ്പത്തിന്റെ 90 ശതമാനവും വെറും 10% വരുന്ന ആളുകളിൽ നിക്ഷിപ്തമാണ് എന്ന് ഇതു സംബന്ധിച്ച പഠനങ്ങൾ വ്യക്തമാക്കുന്നു. സമ്പന്നതയിൽ ഒരു വിഭാഗം തിമിർത്തുല്ലസിക്കുമ്പോൾ ദാരിദ്ര്യത്തിൽ മുങ്ങിത്താഴുന്ന വലിയ വിഭാഗമാളുകൾ ആധുനിക ലോകത്തും മനസ്സിൽ നൊമ്പരമുണർത്തുന്ന കാഴ്ചയാണ്. പണമെന്നത് ദൈവത്തിന്റെ വലിയ അനുഗ്രഹവും പരീക്ഷണവുമാകുന്നു. എത്രയോ സാമ്പത്തിക വിദഗ്ധർ അവരെഴുതിയ പുസ്തകങ്ങളുടെ റോയൽട്ടി കൊണ്ട് മാത്രം ഞെരുങ്ങി ജീവിക്കുന്നു. എന്നാൽ ഒരു വിദ്യാഭ്യാസവും ഇല്ലാത്തയാളുകളുടെ ബിസിനസ് സാമ്രാജ്യവും സമ്പത്തും നമ്മെ അൽഭുതപ്പെടുത്തും.

സമ്പത്ത് ഏതാനും വ്യക്തികളിൽ കേന്ദ്രീകരിക്കുമ്പോൾ വലിയൊരു വിഭാഗം ജനം നിത്യദാരിദ്ര്യത്തിൽ ജീവിക്കുക സ്വാഭാവികം. അതുകൊണ്ടായിരിക്കാം എല്ലാ മതങ്ങളും മനുഷ്യസ്നേഹത്തിലും കരുണയിലുമധിഷ്ഠിതമായിരിക്കുന്നത്. കോടികൾ ആസ്തിയുള്ള പാശ്ചാത്യലോകത്തെ വലിയ വ്യക്തികൾ മരണശേഷം തങ്ങളുടെ സ്വത്തുക്കളിൽ ഭൂരിഭാഗവും ചാരിറ്റി പ്രവർത്തനങ്ങൾക്കായി മാറ്റിവെക്കുന്നു എന്ന കാര്യം നമുക്ക് അൽഭുതത്തോടെയല്ലാതെ ഉൾക്കൊള്ളാനാവില്ല. കാരണം നാം ഏതുവിധേനയും മക്കൾക്കുവേണ്ടി പണം തരപ്പെടുത്താൻ ശ്രമിക്കുന്നവരാണ്. സ്വിസ് ബാങ്കുകളിൽ കുമിഞ്ഞുകൂടിയ കോടികൾ അവകാശികളെ കാത്തിരിക്കുന്നു എന്ന വാർത്ത നാം പത്രങ്ങളിൽ വായിച്ചിരിക്കും. പൊതുമുതൽ കൊള്ളയടിച്ച ആളുകളുടേതാണത്രെ ആ സമ്പത്ത്.

മനുഷ്യദൈവങ്ങളെ നാം അംഗീകരിക്കുന്നില്ലെങ്കിലും അവർ ചെയ്ത സൽക്കർമങ്ങൾ കണ്ടും കേട്ടും അനുഭവിച്ചും ഒരുപാട് ആളുകൾ അത്തരം വ്യക്തികളിലെ ദൈവാംശത്തെ അറിയുന്നുണ്ട്. നന്മ അധികരിപ്പിക്കുമ്പോൾ ദൈവ ചൈതന്യം കൂടുതൽ പ്രഭവമാകുന്നു.

മാനുഷിക സ്നേഹവും ധർമവും ഉയർത്തിപ്പിടിക്കുന്ന മതത്തിന്റെ അനുയായികൾ ഇതിന്റെ കടയ്ക്ക് കത്തിവെക്കുന്നതു കാണുക. അമ്പലങ്ങളിൽ സ്വർണക്കട്ടികൊണ്ട് തുലാഭാരം, ശ്രീകോവിൽ സ്വർണം പൊതിയാൻ വഴിപാട്, ക്രൈസ്തവാരാധനാലയങ്ങ




ളിൽ പൊൻകുരിശ് സ്പോൺസർ ചെയ്യാൻ തിരക്ക് കൂട്ടുന്നവർ, സ്വന്തം മനസ്സിൽ ദൈവമില്ലാത്തതിനാലോ എന്തോ; ലക്ഷങ്ങൾ മുടക്കി ദൈവത്തെയന്വേഷിച്ച് തീർഥയാത്രകൾ നടത്തുന്നവർ...


സാമ്പത്തികവും സാമൂഹികവുമായി ബഹുദൂരം പിന്നിലുള്ള വലിയ സമൂഹമാണ് കേരള മുസ്‌ലിംകൾ. സമ്പത്തിന്റെ ഭൂരിഭാഗവും കൈയടക്കിവെക്കാൻ ഭാഗ്യം ലഭിച്ച ദൈവഭയമുള്ള സമ്പന്നർക്കാണ് “നിങ്ങളാകുന്നു ഭൂമിയിലെ ഉത്തമ സമുദായം’’ എന്ന അല്ലാഹുവിന്റെ കല്പന ഇവിടെ സഫലീകരിക്കാൻ സാധ്യമാവുക. സാമ്പത്തികമായി ഉയർന്ന ചുറ്റുപാടിലുള്ള വിദ്യാർഥിക്ക് പഠിക്കാൻ നല്ല വിദ്യാഭ്യാസ സ്ഥാപനവും പഠനത്തിന് വേണ്ട സാധനങ്ങളും ട്യൂഷനും വീട്ടുകാരുടെ പ്രോത്സാഹനവും ലഭിക്കുന്നു. സമുദായത്തിലെ മത്സരപ്പരീക്ഷകളിൽ വിജയിച്ചുവന്ന 99% വിദ്യാർഥികളും ഇത്തരക്കാരാണെന്ന് കാണാം.

ഇതേ ബുദ്ധിനിലവാരമുള്ള

**സമ്പത്തിന്റെ 90 ശതമാനവും വെറും 10% വരുന്ന ആളുകളിൽ നിക്ഷിപ്തമാണ് എന്ന് ഇതു സംബന്ധിച്ച പഠനങ്ങൾ വ്യക്തമാക്കുന്നു. സമ്പന്നതയിൽ ഒരു വിഭാഗം തിമിർത്തുല്ലസിക്കുമ്പോൾ ദാരിദ്ര്യത്തിൽ മുങ്ങിത്താഴുന്ന വലിയ വിഭാഗമാളുകൾ ആധുനിക ലോകത്തും മനസ്സിൽ നൊമ്പരമുണർത്തുന്ന കാഴ്ചയാണ്.**

ദരിദ്ര വിദ്യാർഥി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്. ദാരിദ്ര്യം വീടിന്റെ ഉമ്മറപ്പടിയിൽ നിന്ന് പല്ലിളിക്കുമ്പോൾ ബാലവേലയ്ക്ക് നിർബന്ധിക്കുന്ന മാതാപിതാക്കൾ... കുട്ടികൾ ബുദ്ധിപരമായി മികച്ചവരാണെങ്കിലും തുടർപഠനം നടത്തിക്കാനാവാത്തവർ... കുട്ടികളെ വിദ്യാലയത്തിലയക്കുന്നത് ഉച്ചക്കഞ്ഞി കിട്ടാൻ മാത്രമാക്കി അവർ. ഉയർന്ന നിലവാരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇവർക്കു മുന്നിൽ കൊട്ടിയടയ്ക്കപ്പെടുന്നു. മുസ്‌ലിം സമുദായത്തിന് ഇന്ത്യയിൽ സാമ്പത്തിക സംവരണമാണുള്ളത്. അതായത് ഉയർന്ന വരുമാനമുള്ളവർക്കും ഉന്നത സർക്കാർ പദവികളിലിരിക്കുന്നവർക്കും സംവരണാനുകൂല്യം ലഭിക്കില്ല.

ഉയർന്ന സാമ്പത്തികശേഷിയുള്ളവർക്ക് ഉന്നതമേഖലകളിൽ എത്തിച്ചേരാൻ ഒരു പ്രയാസവുമില്ല എന്നതാണ് ഇതിനു കാരണം. തീർച്ചയായും നമുക്ക് ലഭിച്ച അനുഗ്രഹങ്ങളെപ്പറ്റി നാം ചോദിക്കപ്പെടുക തന്നെ ചെയ്യും. ഈ രംഗത്ത് നമുക്കെല്ലാവർക്കും വിലപ്പെട്ട സംഭാവനകൾ ചെയ്യാൻ സാധിക്കും. “തീർച്ചയായും നിങ്ങളാകുന്നു ഈ ഭൂമിയിലെ ഉത്തമ സമുദായം” എന്ന സർവശക്തന്റെ വചനം പൂർണതയിലെത്തിക്കാൻ യത്നിക്കേണ്ട ബാധ്യത ഏവർക്കുമുണ്ട്.




# ശിർക്ക് എന്ന മഹാപാപം

**അബ്ദുറഹ്മാൻ കൂത്തുപറമ്പ്**

ഈ പ്രപഞ്ചത്തെയും അതിലുള്ള സകല ജീവജാലങ്ങളെയും സൃഷ്ടിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന മഹാശക്തിയുടെ പേരാകുന്നു അല്ലാഹു അഥവാ ദൈവം. പ്രപഞ്ചത്തിൽ മനുഷ്യലോകം, ജന്തുലോകം, സസ്യലോകം തുടങ്ങിയ നിരവധി ലോകങ്ങളുണ്ട്. പ്രസ്തുത ലോകങ്ങളുടെയെല്ലാം സ്രഷ്ടാവും സംരക്ഷകനുമാണ് അല്ലാഹു. അതുകൊണ്ട് തന്നെ അവനോട് മാത്രം പ്രാർഥിക്കുവാനും അവനെ മാത്രം ആരാധിക്കുവാനുമേ നമുക്ക് അർഹതയുള്ളൂ. ദൈവവും ദൈവത്തിന്റെ ദൂതരും നിർദേശിച്ച യഥാർഥ ധർമത്തിന്റെ പാതയാകുന്നു ഇസ്‌ലാം മതം. ആ മാർഗദർശനത്തിൽ നിന്ന് വ്യതിചലിക്കുന്നവർ വഴിപിഴച്ചവരും ധിക്കാരികളുമായിരിക്കും എന്നാണ് വേദങ്ങളിലൂടെ മനുഷ്യരെ ഉൽബോധിപ്പിക്കുന്നത്. പ്രസ്തുത ദൈവിക വേദപുസ്തകങ്ങൾ അടിസ്ഥാനമാക്കി മാത്രമായിരിക്കണം മനുഷ്യർ ഭൗതികജീവിതത്തെയും മരണാനന്തര സുഖങ്ങളെയും മനസ്സിലാക്കേണ്ടത്. യഥാർഥ വേദങ്ങളിലുള്ള തത്വങ്ങൾ കാലഘട്ടങ്ങൾക്കനുസൃതമായിരിക്കും. വേദഗ്രന്ഥങ്ങൾക്ക് പുറമെ അനവധി മനുഷ്യ നിർമിത ഗ്രന്ഥങ്ങൾ വേദവ്യാഖ്യാനമെന്ന പേരിലും മറ്റും പല സമുദായത്തിലും എന്നും ലഭ്യമാണ്. പ്രസ്തുത നിർമിത പുസ്തകങ്ങളെയെല്ലാം തിരിച്ചറിയേണ്ടത് മനുഷ്യർക്ക് തെറ്റിക്കാൻ സാധിക്കാത്ത ദൈവികവേദങ്ങളെക്കൊണ്ടാണ്. ഇതറിയാതെയാണ് മനുഷ്യർ പൈശാചിക വലയത്തിൽ പെട്ട് ഉഴലുന്നത്. പടച്ചതമ്പുരാൻ അവന്റെ ദൂതരുടെ സ്വന്തം ഭാഷകളിലൂടെ ഇറക്കിക്കൊടുത്ത വേദവാക്യങ്ങളിൽ മാറ്റം വരുത്താൻ ഇന്നേവരെ ഒരു ജനതക്കും സാധിച്ചിട്ടില്ല. പരിഭാഷകളിലും വ്യാഖ്യാനങ്ങളിലുമാണ് പുരോഹിതരും മറ്റും തരികിട കളിച്ചത്.

ദൈവിക ഉൽബോധനങ്ങളെ ദൈവം തന്നെ സംരക്ഷിക്കുമെന്ന് 15:9 ലൂടെ ഉറപ്പ് തന്നത് കേവലം പരിശുദ്ധ ഖുർആനെ മാത്രം ഉദ്ദേശിച്ചല്ല. നബിമാരിലൂടെയും മുനിമാരിലൂടെയും ദേവൻമാരിലൂടെയും ജനത്തിന് സൻമാർഗ ജീവിതത്തിന് നൽകപ്പെട്ട സകല ഉൽബോധനങ്ങളും 'ദിക്ർ' ആണെന്നാണ് ഖുർആനിൽ പറഞ്ഞത്. പ്രസ്തുത ഉൽബോധനങ്ങൾ ലോകത്ത് പല സമൂങ്ങളിൽ അവരവരുടെ ഭാഷകളിലായി നിലനിൽക്കുന്നുണ്ട്. എങ്കിലല്ലേ ദൈവം മനുഷ്യരെ ശിക്ഷാരക്ഷകൾ വിധിക്കുന്നതിൽ ന്യായമുള്ളൂ. എന്നാൽ ആ ഉൽബോധനങ്ങളിൽ നിന്ന് തെറ്റിക്കലാകുന്നു പിശാചിന്റെ പ്രധാന തന്ത്രം. അതുകൊണ്ട് യഥാർഥ ദൈവിക പ്രമാണത്തെ തിരിച്ചറിഞ്ഞ് മനുഷ്യർ മറ്റു ദുർവ്യാഖ്യാനങ്ങളിൽ നിന്നും ദുരാചാരങ്ങളിൽ നിന്നും ദൈവിക പ്രമാണത്തെക്കൊണ്ട് തന്നെ തിരിച്ചറിയണം. ഖുർആൻ വന്നതോടെ മുൻവേദഗ്രന്ഥങ്ങളെല്ലാം ദുർബലപ്പെട്ടിരിക്കുന്നു എന്ന വിശ്വാസം മുസ്‌ലിംകളിൽ ചിലർ വച്ചു പുലർത്തുന്നുണ്ട്. അത് ഖുർആന്റെ വാദമല്ല; വ്യാജ ഹദീസുകളുടെ വാദമാണ്. മറ്റു സമുദാ

യങ്ങളെ തെറ്റിദ്ധരിപ്പിക്കാനും സമുദായങ്ങളെ വർഗീയവൽക്കരിക്കാനുമേ അത്തരം വാദങ്ങൾ ഉപകരിക്കൂ. മുൻകഴിഞ്ഞ വേദങ്ങളായ തൗറാത്ത്, ഇഞ്ചീൽ (പഴയ നിയമം, പുതിയ നിയമം) എന്നിവ അനുസരിച്ചാണ് യഹൂദരും ക്രിസ്ത്യാനികളും ജീവിക്കേണ്ടത് എന്ന് ഖുർആൻ അടിവരയിട്ട് പറയുന്നു. (5:46, 47) ആരാധന ഏക ദൈവത്തിനോടേ ചെയ്യാൻ പാടുള്ളൂവെന്നും സകലഗ്രന്ഥങ്ങളും ഒരേപോലെ പ്രഖ്യാപിക്കുന്നു. ആരാധനക്ക് പുരോഹിത മേധാവിത്വമോ ശുപാർശക്കാരോ ആവശ്യമില്ലെന്നും ദൈവത്തോട് നേരിട്ട് ചെയ്യേണ്ടതാണതെന്നും ഖുർആൻ പല ശൈലിയിൽ പഠിപ്പിക്കുന്നുണ്ട്. (2:186, 7:55).

പടച്ചവനോട് അറബിയിൽ പ്രാർഥിച്ചാലേ ശരിയാവൂവെന്നും അറബിയിൽ പ്രാർഥിക്കുന്നതിനാണ് പുണ്യം കൂടുതലെന്നുമൊക്കെ വിശ്വസിക്കുന്നവർ ധാരാളമുണ്ട്. അതുകൊണ്ടാണല്ലോ അറബിയിൽ പ്രാർഥിച്ച് ശീലമുള്ള പുരോഹിതരെത്തന്നെ ഉപയോഗപ്പെടുത്തുന്നത്. മുഹമ്മദ് നബിയുടെ മരണശേഷം ഉണ്ടായ അധികാരത്തർക്കത്തിന്റെ പേരിൽ മുസ്‌ലിംകൾ രണ്ട് കക്ഷികളായി തെറ്റിപ്പിരിഞ്ഞു എന്ന് ചരിത്രം പറയുന്നുണ്ട്. അതിൽ ഒരു കക്ഷി ശിയാക്കളും മറ്റൊന്ന് സുന്നികളുമാണ്. കാലചക്രം കറങ്ങിയപ്പോൾ ശിയാക്കളിലും സുന്നികളിലും ഹദീസ് പ്രമാണം ഇസ്‌ലാമിന്റെ പേരിൽ വേരുറച്ചു. പ്രസ്തുത ഹദീസുകൾ കുരുടൻ ആനയെ കണ്ടതുപോലെ ഒരു കാര്യത്തിൽ തന്നെ പലവിധ അഭിപ്രായങ്ങളും രേഖകളായി സ്വീകരിച്ചു. അതിനാൽ മേൽപറഞ്ഞ ഇരുകക്ഷികളിലും അഭിപ്രായഭിന്നതകൾ ഉടലെടുത്തതോടെ അതിലും പല കക്ഷികൾ ജന്മമെടുത്തു വേർപിരിഞ്ഞു. പ്രസ്തുത കക്ഷികളെല്ലാം ഖുർആനെ കേവലം പാരായണത്തിന് മാത്രം ഉപയോഗിച്ചു. മുഹമ്മദ് നബിയുടെ പേരിൽ കെട്ടിയുണ്ടാക്കപ്പെട്ട ഹദീസുകളിൽ പെരുപ്പിച്ചുണ്ടാക്കിയ ആരാധനകളും ആചാരങ്ങളും ഇസ്‌ലാമിന്റെ കർമങ്ങളായി സ്വീകരിച്ചു. അങ്ങനെ ഖുർആൻ ഇസ്‌ലാമിന്റെ കർമാചാരങ്ങളിൽ നിന്ന് തഴയപ്പെട്ടു. ഖുർആനിൽ സകല ഇസ്‌ലാമിക കാര്യങ്ങളും വിശദീകരിക്കുകയും പൂർത്തീകരിക്കുകയും ചെയ്തിരിക്കുന്നു എന്ന പടച്ചവന്റെ പ്രഖ്യാപനത്തെ (3:138, 16:89, 17:9,41,89, 18:54, 39:27) പുരോഹിതവർഗം നിഷേധിച്ചു. സകല കാര്യങ്ങളും ഹദീസിലൂടെയാണ് പൂർത്തീകരിച്ചതെന്ന വ്യാജവാദം ഉയർത്തുകയാണ് അവർ ചെയ്തത്. പിന്നീട് ഖുർആനും ഹദീസും സാധാരണക്കാർക്ക് തിരിച്ചറിയാത്തവിധത്തിലുള്ള ദുരവസ്ഥയാണുണ്ടായത്. ഇത് മുസ്‌ലിം സമുദായത്തിന്റെ പുരോഗതിക്ക് തടസ്സം സൃഷ്ടിച്ചു.

മുഹമ്മദ് നബിക്ക് ശേഷം ജൻമമെടുത്ത അഹ്‌ലുസ്സുന്നത്ത് വൽ ജമാഅത്തുകാർക്ക് നമസ്കാരം അഞ്ച് നേരവും അഹ്‌ലുൽ ബൈത്തെന്ന ശിയാക്കൾക്ക് മൂന്നു നേരവുമത്രെ. രണ്ട് വിഭാഗക്കാർക്കും ഹദീസുഗ്രന്ഥങ്ങളും വ്യത്യസ്തങ്ങളാണെന്ന കാര്യം അധികപേർക്കും അറിയില്ല. രണ്ട് കക്ഷികൾക്കും വ്യത്യസ്ത ഹദീസുകൾ എങ്ങനെ ഉണ്ടായി എന്നത് ചിന്താശക്തിയുള്ളവർ മനസ്സിലാക്കട്ടെ. ഇരുകക്ഷികളുടെ അടുക്കലും ഖുർആൻ ഒരേപോലെയാണ് ഉള്ളത് എന്നതിൽ തർക്കമില്ല. ഖുർആന്റെ വിശദീകരണമാണ് ഹദീസുകൾ എന്നാണ് പുരോഹിതർ സാധാരണക്കാരെ തെറ്റിദ്ധരിപ്പിക്കുന്നത്. അങ്ങനെയാണെങ്കിൽ അഞ്ച് നേര നമസ്കാരം ഖുർആനിലെ ഏത് വചനത്തിന്റെ വിശദീകരണമാണ്? ഖുർആനിൽ പറഞ്ഞ നമസ്കാരത്തിന്റെ വചനത്തെ ദുർവ്യാഖ്യാനം ചെയ്താൽ വഷളാകും എന്ന യാഥാർഥ്യമാണ് അഞ്ച് നേര നമസ്കാരം കെട്ടിപ്പടുക്കാൻ മിഅ്റാജ് എന്ന കെട്ടുകഥയുണ്ടാക്കാൻ ഹദീസ് നിർമാതാക്കളെ പ്രേരിപ്പിച്ചത്. ഖുർആൻ പ്രകാരം ചിന്തിക്കുന്നവർക്ക് മിഅ്റാജിന്റെ ജൂതായിസം മനസ്സിലാക്കാൻ പ്രയാസമില്ല. നമ്മുടെ പ്രവൃത്തികൾക്ക് പ്രതിഫലം നൽകുന്നത് അല്ലാഹു മാത്രമാണ്. മുഹമ്മദ് നബി സൃഷ്ടിയാണ്. സൃഷ്ടിക്ക് സ്രഷ്ടാവിന് തുല്യമായ സ്ഥാനം കൊടുത്താൽ അത് ദൈവത്തിന് പങ്കുകാരെ ചേർക്കലായി. ബുദ്ധിയുള്ളവർക്ക് ഇത് മനസ്സിലാക്കാൻ

ശിർക്ക് സ്ഥാപിക്കലാണ് ഹദീസുകളുടെ ലക്ഷ്യം. ശിർക്കിന്റെ അംശം നമ്മുടെ വിശ്വാസങ്ങളിലോ പ്രവൃത്തികളിലോ വന്നുപോയാൽ സകലകർമങ്ങളും നന്മകളും ഫലമില്ലാതായിപ്പോകുമെന്ന് അല്ലാഹു ഖുർആനിലൂടെ താക്കീത് ചെയ്യുന്നുണ്ട്. (39:65). ശിർക്ക് ചെയ്യാത്ത ആൾക്കാരുടെ മറ്റു പാപങ്ങൾ പൊറുത്തുകൊടുക്കുമെന്നും പറയുന്നുണ്ട്. (4:48,116). ശിർക്ക് ചെയ്തവർക്ക് സ്വർഗം നിരോധിച്ചതാണ് എന്നുകൂടി ഖുർആനിൽ പറയുന്നു. അപ്പോൾ ശിർക്കെന്ന മഹാപാപത്തെ ഭയക്കേണ്ടതില്ലേ?




പ്രയാസമില്ല. ഇപ്പോൾ മുഹമ്മദ് നബിയുടെ കേശത്തിന്റെ വാർത്തകൾ വന്നുകൊണ്ടിരിക്കയാണല്ലോ. കേശമല്ല, ഏത് അവയവമാണെങ്കിലും അതെല്ലാം കേവലം സൃഷ്ടിവസ്തുക്കളാണ്. സൃഷ്ടിവസ്തുക്കളെ മഹത്വവൽക്കരിച്ച് പൊതുജനത്തെ കബളിപ്പിക്കുക എന്നത് പിശാചിന്റെ സുപ്രധാന തന്ത്രമാണ്. ഇത്തരം സൃഷ്ടിപൂജയിൽപെടാത്തവരാണ് യഥാർഥ ബുദ്ധിജീവികൾ അഥവാ പൈശാചിക ബാധപറ്റാത്തവർ.

മുസ്‌ലിം സമൂഹത്തെ അള്ളിപ്പിടിച്ചതും പണ്ഡിതർ സ്വലാത്ത് പരിപാടികളെന്ന പേരിൽ ആചരിപ്പിക്കുന്നതുമായ പ്രക്രിയയാണ് 'ഹുബ്ബുന്നബിയ്യ്.' ഇതും സൃഷ്ടിയായ മുഹമ്മദ് നബിക്ക് വേണ്ടിത്തന്നെയാണ്. യഥാർഥ വിശ്വാസികളുടെ 'ഹുബ്ബ്' ദൈവത്തിനോട് മാത്രമായിരിക്കണം. (2:165) ദൈവം ഹുബ്ബിനെപ്പറ്റിപ്പോലും ഖുർആനിൽ ഗൗരവമായി പറഞ്ഞതും നാം മനുഷ്യ സൃഷ്ടികളെ ഹുബ്ബ് പൂജ നടത്തുന്നതുകൊണ്ടായിരിക്കണമല്ലോ? മാത്രമല്ല, ഖുർആൻ ഏറ്റവും ഗൗരവമായി ഒരുകാര്യം കൂടി വിശ്വാസികളെ താക്കീത് ചെയ്യുന്നത് നാം ഓർക്കേണ്ടതുണ്ട്. മനുഷ്യ സമൂഹത്തിലേക്ക് വന്ന പ്രവാചകന്മാരിൽ വിവേചനം സൃഷ്ടിക്കുന്ന ഒരു കാര്യവും വിശ്വാസികൾ ചെയ്യാൻ പാടില്ലെന്നതാണത്. (2:285, 3:84) അത്തരം കാര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കുന്നവരാണ് ദൈവത്തിന് പൂർണമായി സമർപ്പണം ചെയ്തവർ (മുസ്‌ലിംകൾ) എന്നാണ് അല്ലാഹു ഖുർആനിൽ പഠിപ്പിച്ചത്. മേൽവിവരിച്ചതുപോലെ വിവേചനപരമായി സമസ്കാരത്തിൽ മുഹമ്മദ് നബിക്ക് സലാം ചൊല്ലുന്നു. നാം സലാം ചൊല്ലിയിട്ട് വേണോ മുഹമ്മദ് നബിക്ക് സ്വർഗം കിട്ടാൻ? നബിമാരിൽ വിവേചനം കാട്ടാൻ പാടില്ലെന്ന അല്ലാഹുവിന്റെ കല്പനപ്രകാരം നമസ്കാരത്തിൽ മഹമ്മദ് നബിയെ വിളിക്കാൻ പാടില്ലല്ലോ. ചിന്തിക്കുക. സ്രഷ്ടാവായ അല്ലാഹുവിന് തസ്ബീഹും സ്തുതികീർത്തനങ്ങളും ചൊല്ലാനാണ് ഖുർആൻ കൽപിച്ചത്. സൃഷ്ടിയായ മുഹമ്മദ് നബിക്ക് ഒരു സലാം ചൊല്ലിയാൽ പടച്ചവൻ 10 സലാം ഇങ്ങോട്ട് ചൊല്ലുമത്രെ. സൃഷ്ടിയാരാധന ചെയ്യിക്കാൻ ഹദീസുകളിൽ കോറിയിട്ട കുതന്ത്രങ്ങളാണിവയെല്ലാം. ഇത്തരം അനിസ്‌ലാമിക ദുരാചാരങ്ങൾ നബിപറഞ്ഞുവെന്ന നുണപ്രചാരണത്തിന്റെ അടിസ്ഥാനത്തിൽ മുസ്‌ലിം സമുദായം നടപ്പാക്കുന്നതാണ് നാം ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്. ഇവ ജനത്തിനിടയിൽ ഊട്ടിയുറപ്പിക്കാൻ മതപണ്ഡിതരും ഉണ്ടല്ലോ.

ഖുർആൻ അർഥ സഹിതം പഠിക്കേണ്ടതില്ല എന്ന് പുരോഹിതർ ഈ നൂറ്റാണ്ടിലും പറയുന്നതിന്റെ പൊരുൾ നമുക്ക് തിരിച്ചറിവ് കിട്ടിയേക്കുമോ എന്ന ഭയമല്ലാതെ വേറെ എന്താണ്? എല്ലാ വിശ്വാസികളും ഖുർആൻ പഠിക്കൽ (ഓതാൻ മാത്രം അറിയലല്ല) ഫർളാണെന്ന് അല്ലാഹു ഖുർആനിലൂടെ കൽപിച്ചു. ആ ഫർള് ഇസ്‌ലാം കാര്യങ്ങളുടെ ഫർളിൽ പുരോഹിതർ പഠിപ്പിക്കുന്നുണ്ടോ? ഖുർആനിൽ അല്ലാഹു പ്രധാനമായി പറഞ്ഞ ഒരൊറ്റ ഫർളും ഹദീസു പ്രകാരമുള്ള ഇസ്‌ലാം കാര്യത്തിലെ ഫർളുകളിൽ പുരോഹിതർ പഠിപ്പിക്കുന്നില്ല.

ഹദീസുകളെയാണ് ഇസ്‌ലാമികചര്യകളായി പുരോഹിതരുടെ ജൽപനപ്രകാരം സമുദായം പേറി നടക്കുന്നത്. ഇത്തരം വിഡ്ഢിത്തങ്ങളെ തിരിച്ചറിയണമെങ്കിൽ ഖുർആനിലൂടെ ചിന്തിക്ക

*(ശേഷം പേജ് 26 ൽ)*




# അല്പം വ്രതചിന്തകൾ

**സുലൈമാൻ അയനിക്കോട്**

സുന്നത്ത് ജമാഅത്തുകാർ ഇസ്ലാം കാര്യങ്ങളിൽ നാലാമത്തേതായാണ് നോമ്പിനെ എണ്ണുന്നത്. സാധാരണ നമസ്കാരത്തിന്റെ കൂടെയാണ് നോമ്പിനെ പരിചയപ്പെടുത്തുന്നത്. നമസ്കാരത്തേക്കാൾ ഒട്ടും കുറവല്ലാത്ത പ്രാധാന്യവും പുണ്യവും നോമ്പിനുണ്ടെന്നും സമൂഹം വിശ്വസിക്കുന്നു. നമസ്കാരത്തിന് ശേഷം പ്രധാന കർമ്മമായി ഖുർആൻ പറയുന്നത് സകാത്താണ്. ഒരു വിട്ടുവീഴ്ചയും നൽകാത്ത കർമ്മമായതുകൊണ്ടാണ് സകാത്തിനെ നമസ്കാരത്തിന്റെ കൂടെ പറയുന്നത്. ഒരു സ്ഥലത്തും നമസ്കാരവും നോമ്പും കൂട്ടിപ്പറയുന്നില്ല. എല്ലാവർക്കും പ്രായോഗികമല്ലാത്തതാണ് അതിന്റെ പ്രധാന കാരണം. രോഗികൾ, യാത്രക്കാർ കഠിനാധ്വാനക്കാർ, കുട്ടികൾ എന്നിവർക്കൊന്നും നോമ്പ് ബാധകമല്ല. എന്നാൽ സകാത്തിന് ഒരു വിധത്തിലും ഇളവില്ല. കഠിനമായ പ്രയാസങ്ങൾ അനുഭവപ്പെടുമ്പോൾ പ്രയാസപ്പെടുന്നവനെ സഹായിക്കണം. അതാണ് ഖുർആൻ പറയുന്ന സകാത്ത്. സുന്നത്ത് ജമാഅത്തുകാർ നോമ്പിന് അമിതപ്രാധാന്യം കൊടുക്കുകയും നോമ്പനുഷ്ഠിക്കാത്തവരെ പുച്ഛിക്കുകയും പരിഹസിക്കുകയും ചെയ്യുന്നു. റമസാനിൽ തുറന്ന് പ്രവർത്തിക്കുന്ന ഹോട്ടലുകാരെ ഭീഷണിപ്പെടുത്തുകയും മുസ്ലിം ഭൂരിപക്ഷസ്ഥലങ്ങളിൽ ബഹിഷ്കരണം ഏർപ്പെടുത്തുകയും ചെയ്യുന്നു. ഇതെല്ലാം തീവ്രവാദത്തിലേക്കുള്ള ചുവടുവെപ്പാണെന്ന് അധികമാരും ചിന്തിക്കുന്നില്ല.

നോമ്പിനെ സംബന്ധിച്ച് ഖുർആനിൽ നാലിടത്താണ് പ്രതിപാദിച്ചത്. അവിടെയൊന്നും ഇത്തരം കാടൻ നിയമത്തിന്റെ സൂചനപോലും കാണാൻ സാധ്യമല്ല. നോമ്പിന്റെ ഉദ്ദേശ്യത്തെപ്പറ്റി ഖുർആനിലൂടെ അല്ലാഹു പറയു

## Ramazan

**സുന്നത്ത് ജമാഅത്തുകാർ നോമ്പിന് അമിതപ്രാധാന്യം കൊടുക്കുകയും നോമ്പനുഷ്ഠിക്കാത്തവരെ പുച്ഛിക്കുകയും പരിഹസിക്കുകയും ചെയ്യുന്നു. റമസാനിൽ തുറന്ന് പ്രവർത്തിക്കുന്ന ഹോട്ടലുകാരെ ഭീഷണിപ്പെടുത്തുകയും മുസ്‌ലിം ഭൂരിപക്ഷപ്രദേശങ്ങളിൽ ബഹിഷ്കരണം ഏർപ്പെടുത്തുകയും ചെയ്യുന്നു. ഇതെല്ലാം തീവ്രവാദത്തിലേക്കുള്ള ചുവടുവെപ്പാണെന്ന് അധികമാരും ചിന്തിക്കുന്നില്ല.**

ന്നതിനെക്കുറിച്ച് സുന്നത്ത് ജമാഅത്തുകാർ പുനർവിചിന്തനം നടത്തേണ്ടതാണ്.

ജനത്തിന് മാർഗദർശനമായി നേരായ വഴി കാണിച്ചു തരുന്നതിനും സത്യവും അസത്യവും വേർതിരിച്ച് തരുന്നതിനും (മറ്റൊരു പ്രമാണത്തിന്റെ ആവശ്യമില്ലാത്ത വിധം) സുവ്യക്തമായ തെളിവായി വിശുദ്ധ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമസാൻ. അതുകൊണ്ട് ആർ ആ മാസത്തിൽ സന്നിഹിതരാണോ അവരുടെ മേൽ മുമ്പുള്ളവർക്ക് നിയമമാക്കിയത് പോലെ നോമ്പ് നിയമമാക്കിയിരിക്കുന്നു. ഖുർആനിക നിയമങ്ങൾ സൂക്ഷിച്ച് ജീവിക്കാൻ ആ മാസത്തിൽ എണ്ണപ്പെട്ട ദിവസങ്ങളിൽ നോമ്പനുഷ്ഠിക്കുക. രോഗം വരികയോ യാത്രയിലാവുകയോ ചെയ്താൽ ഒഴിവാക്കിയ എണ്ണം മറ്റു ദിവസങ്ങളിൽ പൂർത്തിയാക്കുക. നോമ്പനുഷ്ഠിക്കാൻ കഴിവുള്ളവർ നോമ്പനുഷ്ഠിക്കുന്നില്ലെങ്കിൽ ഒരു നോമ്പിന് ഒരഗതിക്ക് ഭക്ഷണം പ്രായശ്ചിത്തമായി കൊടുക്കുക. കൂടുതലായി നന്മചെയ്യുന്നത് നല്ലതാണ്. നോമ്പനുഷ്ഠിക്കലാണ് ഉത്തമം. നിങ്ങൾക്ക് ആശ്വാസം വരുത്താനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്; നിങ്ങൾ ഞെരുക്കം ഇല്ലാത്തവരായിത്തീരാനും കല്പിക്കപ്പെട്ട എണ്ണം പൂർത്തിയാക്കാനും. നിങ്ങൾക്ക് സത്യവും അസത്യവും വേർതിരിച്ച് ഖുർആൻ അവതരിപ്പിച്ച് തന്നത് അല്ലാഹുവിന്റെ മഹത്വം പ്രകീർത്തിക്കാനും നന്ദിയുള്ളവരായിത്തീരാനും വേണ്ടിയാണ്. സ്ത്രീകൾ നിങ്ങളുടെ വസ്ത്രവും നിങ്ങൾ അവർക്ക് വസ്ത്രവുമാണ്. നോമ്പിന്റെ രാത്രിയിൽ ഭാര്യമാരുമായി സഹവസിക്കാനും ബന്ധപ്പെടാനും അനുവദിക്കപ്പെട്ടിരിക്കുന്നു. സൂര്യപ്രകാശം വരെ നിങ്ങൾക്ക് ഭക്ഷണം കഴിക്കാം. ശേഷം രാത്രിയാകും വരെ ഇവയെല്ലാം വർജിക്കുക. അല്ലാഹു അനുവദിച്ച വിധം ഭക്ഷണം തേടുക. ആരാധനാലയങ്ങളിൽ വെച്ച് സ്ത്രീകളുമായി ലൈംഗികബന്ധം ഒഴിവാക്കുകയും ചെയ്യണം. ഇതെല്ലാം അല്ലാഹുവിന്റെ അതിർവരമ്പുകളാണ്. ജനത്തെ അന്യായമായി മോഹിപ്പിച്ച് അന്യോന്യം സ്വത്തുക്കൾ തിന്നരുത്. മനപ്പൂർവം സന്ദർഭങ്ങൾ നോക്കി ആളുകളിൽ നിന്ന് വല്ലതും അധാർമികമായി കൈവശപ്പെടുത്താൻ തുനിയരുത്. അത് അനുവദനീയമാക്കാൻ വിധികർത്താക്കളെ സമീപിക്കുകയും ചെയ്യരുത്. 2:183, 184, 185, 187, 188 എന്നീ സൂക്തങ്ങളുടെ ഉള്ളടക്കമാണ് മുകളിൽ കൊടുത്തത്.

നിലവിലുള്ള വിശ്വാസപ്രകാരം റമസാൻ മാസം മുഴുവൻ നോമ്പനുഷ്ഠിക്കൽ നിർബന്ധമാണ്. എന്നാൽ ഖുർആനിൽ എണ്ണപ്പെട്ട ദിവസങ്ങളിൽ വ്രതമാചരിക്കാനാണ് പറയുന്നത്. എണ്ണപ്പെട്ട ദിവസങ്ങൾ എന്ന് പ്രയോഗിക്കാതെയാണ് റമസാൻ മാസം നോമ്പനുഷ്ഠിക്കുക എന്ന് ഖുർആൻ പറഞ്ഞിരുന്നതെങ്കിൽ നമുക്ക് നോമ്പ് ഒരു മാസം തന്നെ നിയമമാവുമായിരുന്നു. എണ്ണപ്പെട്ട ദിവസങ്ങളിൽ നോമ്പനുഷ്ഠിക്കാൻ പറഞ്ഞ ദൈവം അടുത്ത സൂക്തത്തിൽ തന്നെ ഒരു മാസം മുഴുവൻ നോമ്പനുഷ്ഠിക്കാൻ എങ്ങനെ കല്പിക്കും? റമസാൻ മാസത്തിൽ എണ്ണപ്പെട്ട ദിവസം എന്ന് പറയുമ്പോൾ അതിൽ യുക്തികേട് ഒന്നുമില്ല. പരസ്പര വൈരുധ്യവും വരുന്നില്ല. ഹജ്ജെന്ന മഹാസമ്മേളനത്തിൽ അല്ലാഹുവിനെ സ്മരിക്കാൻ പറഞ്ഞത് എണ്ണപ്പെട്ട ദിവസങ്ങളിലാണ്. അത് മൂന്ന് ദിവസമാണെന്ന് 2:203 ലൂടെ തെളിയുന്നത് കൊണ്ട് മൂന്ന് നോമ്പനുഷ്ഠിച്ചാൽ അല്ലാഹുവിന്റെ കൽപന അനുസരിച്ചതായി കണക്കാക്കാം.

ഖുർആൻ കൽപിക്കാത്ത പ്രാധാന്യവും പുണ്യവുമാണ് സുന്നത്ത് ജമാഅത്തുകാർ നോമ്പിന് കൊടുത്തത്. റമസാൻ മാസത്തെ നോമ്പനുഷ്ഠിച്ച ശേഷം ചെയ്ത തെറ്റുകൾ അടുത്ത റമസാൻ നോമ്പനുഷ്ഠിക്കുന്നതോടെ പൊറുക്കപ്പെടുമെന്നും നോമ്പ് കാലത്ത് ദാനധർമം ചെയ്താൽ ഒന്നിന് 70,000 മടങ്ങ് കൂലി നേടാമെന്നും മതപുരോഹിതർ സാധാരണക്കാരെ തെറ്റിദ്ധരിപ്പിച്ചു. റമസാൻ മാസത്തിൽ സംഘടനയുടെ പേരിലും യത്തീംഖാനയുടെ പേരിലും സ്വന്തം നിലയ്ക്കും പുരോഹിതർ പണം പിരിക്കുവാൻ കക്ഷത്ത് ബാഗും വെച്ച് പുറപ്പെടും. റമസാൻ മാസമെന്നാൽ പുണ്യത്തിന്റെ പൂക്കാലമാണെന്ന് പ്രചരിപ്പിച്ച് ജനത്തെ വ്യാമോഹിപ്പിച്ച് സമ്പത്ത് കരസ്ഥമാക്കി ഭക്ഷിക്കുകയും ചെയ്യും. ഇങ്ങനെയുള്ള




തട്ടിപ്പുകൾ പുരോഹിതർ നടത്തുമെന്നറിയുന്നതുകൊണ്ടാണ് നോമ്പിന്റെ നിയമങ്ങൾ പറഞ്ഞ ഉടൻ 2:188 ൽ “നിങ്ങൾ അന്യരെ മോഹിപ്പിച്ച് അധാർമികമായി സ്വത്തുക്കൾ തിന്നരുതെ’’ന്ന് അല്ലാഹു പറഞ്ഞത്. യാഥാസ്ഥിതികർ നബിയുടെ മുടിയുടെ പുണ്യം പറഞ്ഞ് ജനത്തെ വ്യാമോഹിപ്പിച്ച് പണം കരസ്ഥമാക്കുന്നു. ഇവ രണ്ടും ഖുർആൻ വിരുദ്ധമാണ്.

നോമ്പെടുക്കാൻ കഴിവുണ്ടെങ്കിലും അഗതിക്ക് ഭക്ഷണം പ്രായശ്ചിത്തമായി കൊടുത്താൽ അതിൽ നിന്ന് ഒഴിവാക്കാമെന്ന് ഖുർആൻ പറഞ്ഞതിനെ യാഥാസ്ഥിതികരും ഉൽപതിഷ്ണുക്കളെന്നവകാശപ്പെടുന്നവരും തെറ്റായ രീതിയിലാണ് വ്യാഖ്യാനിക്കുന്നത്. നോമ്പനുഷ്ഠിക്കാൻ കഴിവില്ലാത്തവരോടാണ് പ്രായശ്ചിത്തമായി അഗതിക്ക് ഭക്ഷണം കൊടുക്കാൻ പറഞ്ഞതെന്നാണ് ഇവർ വിശ്വാസികളെ തെറ്റിദ്ധരിപ്പിച്ചത്. നോമ്പ് നോൽക്കാൻ കഴിവില്ലാത്തവരോടാണ് ഖുർആൻ ഇത് പറഞ്ഞിരുന്നതെങ്കിൽ നോമ്പനുഷ്ഠിക്കലാണ് നിങ്ങൾക്കുത്തമമെന്ന് അല്ലാഹു പറയുമായിരുന്നോ? വ്രതമെടുക്കാൻ കഴിവില്ലാത്തവർക്കെങ്ങനെ വ്രതാനുഷ്ഠാനം ഉത്തമമാകും?

വ്രതദിന രാത്രിയിൽ സ്ത്രീകളുമായി സമ്പർക്കം പാടില്ലെന്ന നിയമം അന്നത്തെ യാഥാസ്ഥിതികർ ജനത്തിനുമേൽ അടിച്ചേൽപ്പിച്ചിരുന്നു. അതിനെ ഖുർആൻ വിരോധിക്കുകയും പതി-പത്നി ബന്ധത്തിന് അനുവാദം നൽകുകയും ചെയ്തു. പ്രവാചകന്റെ കാലശേഷം വീണ്ടും യാഥാസ്ഥിതികർ പഴയ നിയമം നടപ്പാക്കി. മറ്റു ചില അന്ധവിശ്വാസങ്ങളും ഇവർ സാധാരണക്കാരുടെ മേൽ അടിച്ചേൽപ്പിച്ചു. വ്രതവേളയിൽ വായവൃത്തിയാക്കാൻ പാടില്ലെന്നതാണ് അവയിലൊന്ന്. പല്ലുതേക്കാതെ വായനാറ്റമുണ്ടായാൽ പരലോകത്ത് അതിന് കസ്തൂരിയുടെ വാസനയായിരിക്കുമത്രെ! നോമ്പ് നോറ്റ് വെള്ളത്തിൽ മുങ്ങിക്കുളിക്കരുത്, ഉമിനീരിറക്കരുത് എന്നിങ്ങനെ ഖുർആൻ പറയാത്ത ധാരാളം കാര്യങ്ങൾ സാധാരണക്കാരുടെ മേൽ ഇവർ ചുമത്തി. തറാവീഹ് എന്ന പേരിൽ റമസാൻ മാസത്തിൽ പ്രത്യേക നമസ്കാരവും നിലനിർത്തിക്കൊണ്ടിരുന്നു. ഇത്തരം ഖുർആൻ വിരുദ്ധനിയമങ്ങളെല്ലാം ഇസ്‌ലാമിന്റെ ശത്രുക്കൾ മുഹമ്മദ് നബിയുടെ കാലശേഷം രണ്ടാം പ്രമാണത്തിലൂടെ സൃഷ്ടിച്ചതാണ്. ഈ കുതന്ത്രത്തിൽ അന്നത്തെ അൽപജ്ഞരായ പണ്ഡിതരും സാധാരണക്കാരും അകപ്പെട്ടുപോയി. അതോടെ മുസ്‌ലിം സമുദായം സംസ്കാരത്തിൽ ഏറ്റവും താഴ്ന്നവരായും അക്രമസ്വഭാവത്തിൽ ഏറ്റവും മുന്തിയവരായും മാറി.

കേവലാരാധനകൾ ഖുർആൻ ഏത് രൂപത്തിലാണോ കൽപിച്ചത്; അതേ രൂപത്തിലേ നമുക്ക് നിലനിർത്താനുള്ള അനുവാദമുള്ളൂ. അതിനപ്പുറം ചെയ്താൽ മതത്തിൽ അതിരുകവിയലാണ്. മതത്തിലെ ആരാധനകൾക്ക് അല്ലാഹു ഇളവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ അധികരിപ്പിക്കാൻ ഒരിക്കലും അനുവദിക്കുന്നില്ലെന്ന വസ്തുത മനസ്സിലാക്കുന്നത് ഉചിതമായിരിക്കും. ⊖



Ramazan



# ലൈലത്തുൽ ഖദ്ർ

**വി.കെ. എഞ്ചിനീയർ, മുടവനൂർ**
engineervkutty@gmail.com

അൽ ഖദ്ർ (നിർണയം) എന്നു നാമകരണം ചെയ്യപ്പെട്ട ഖുർആനിലെ 97-ാം അധ്യായത്തിൽ അഞ്ച് വചനങ്ങളുണ്ട്. മുജാഹിദ് പരിഭാഷയിൽ അവ ഇപ്രകാരം വായിക്കാം:

1. നാം ഇതിനെ (ഖുർആനെ) മഹത്വമേറിയ നിർണയ രാത്രിയിൽ അവതരിപ്പിച്ചു.

2. നിർണയ രാത്രി എന്താണെന്നാണ് താങ്കൾ മനസ്സിലാക്കിയത്?

3. നിർണായക രാത്രി 1000 മാസങ്ങളേക്കാൾ ഉത്തമമായതാണ്.

4. മലക്കുകളും ആത്മാവും (ജിബ്‌രീൽ) തങ്ങളുടെ നാഥന്റെ അനുമതിയോടെ എല്ലാ കൽപനയും കൊണ്ടു അന്നിറങ്ങിവരും.

5. പ്രഭാതത്തിന്റെ ഉദയംവരെ. അത് സമാധാനം തന്നെയാണ്.

അടിക്കുറിപ്പായി കൊടുത്തിരിക്കുന്നു: “റമസാൻ അവസാനത്തിലെ ഒറ്റയായി വരുന്ന രാത്രിയാണ് ലൈലത്തുൽ ഖദ്ർ. 1000 മാസങ്ങളേക്കാൾ പുണ്യമുള്ള ആ രാത്രിയിൽ മലക്കുകൾ ഇറങ്ങി വരികയും മനുഷ്യരുടെ കർമങ്ങൾക്ക് സാക്ഷ്യം വഹിക്കുകയും ചെയ്യും.”

ഈ വചനങ്ങളെ ദുരുപയോഗം ചെയ്തു പല ഐതിഹ്യങ്ങളും രണ്ടാം പ്രമാണക്കാർ പുണ്യ നബിയുടെ പേരിൽ നെയ്തുണ്ടാക്കിയിട്ടുണ്ട്. അവ ഇങ്ങനെ സംഗ്രഹിക്കാം:

1. ലൈലത്തുൽ ഖദ്ർ എല്ലാ കൊല്ലവും റമസാനിലെ മൂന്നാമത്തെ പത്തിൽ ആവർത്തിക്കപ്പെടുന്നു.

2. രണ്ടു തവണ അല്ലാഹു അന്ത്യ പ്രവാചകവര്യനോട് ലൈലത്തുൽ ഖദ്ർ എപ്പോഴാണ് സംഭവിക്കുക എന്ന് പറഞ്ഞിരുന്നെങ്കിലും ഓരോ കാരണം കൊണ്ട് ആ ലോകാനുഗ്രഹി മറന്നു പോയി! എങ്കിലും ഒരു കാര്യം അദ്ദേഹം പറഞ്ഞു; അത് സംഭവിക്കുക റമസാനിലെ അവസാന പത്തിൽ ഒറ്റയായി വരുന്ന രാത്രികളിലായിരിക്കും. രണ്ടാം പ്രമാണക്കാരുടെ നബി ഇതുപോലെ മറക്കുന്ന സംഭവങ്ങൾ വേറെയും ഉണ്ടല്ലോ! ഏഴാം ആകാശത്തിൽ പോയി നമസ്കാരം എത്രയെന്ന് തീരുമാനിച്ചെങ്കിലും അതിന്നിടയിൽ ഏതെല്ലാം സമയങ്ങളിൽ, എത്ര റക്അത്താണ് എന്നൊക്കെ ചോദിക്കാൻ മറന്നുപോയി. പിന്നീട് ജിബ്‌രീൽ മനുഷ്യ രൂപത്തിലെത്തി നേരിട്ടു കാണിച്ചു കൊടുക്കേണ്ടി വന്ന ഗതികേടിനെപ്പറ്റി നമുക്കറിയാം. ഒരു ദിവസം ജനാബത്തുകാരനായിരിക്കെ കുളിക്കാതെ ഇമാമായി വന്നു നിൽക്കുകയും പെട്ടെന്നു പോയി വെള്ളം ഒഴിച്ചു നനഞ്ഞു വന്ന് നിൽക്കുകയും ചെയ്ത കഥയും

നമുക്കറിയാം. 9:122 ൽ ഖുർആൻ പഠിക്കാൻ അനുയായികൾ വരണമെന്നും അങ്ങനെ ചെയ്താൽ മറ്റുള്ളവർക്കും അവർ തിരിച്ചുപോയി പഠിപ്പിക്കാമല്ലോ എന്നും പറഞ്ഞപ്പോൾ "നമസ്കരിക്കാൻ വരൂ, ഞാൻ ഇമാമായി നിൽക്കാം" എന്നുണർത്താനും മറന്നുപോയി! പലകാര്യങ്ങളെപ്പറ്റി 14 സ്ഥലത്ത് 'യസ്അലൂനക്ക' എന്നു തുടങ്ങുന്ന വചനങ്ങളിൽ ചോദ്യങ്ങളും ഉത്തരങ്ങളും കൊടുത്തിട്ടും നമസ്കാരത്തെപ്പറ്റി ഖുർആനിൽ നിന്നു തന്നെ കിട്ടുവാൻ വേണ്ട ചോദ്യങ്ങളും ഉത്തരങ്ങളും ഉൾപ്പെടുത്താൻ മറന്നുപോയി! അപ്പോൾ രണ്ടാം പ്രമാണക്കാരുടെ പ്രവാചകൻ മറവി രോഗം ബാധിച്ച ആളായിരുന്നോ എന്ന് ആരെങ്കിലും ചോദിച്ചാൽ അവരെ കുറ്റം പറയാൻ പറ്റില്ല. സകാത്തിന് പാവങ്ങളെ തെരുവിൽ കൂട്ടമായി ഓടിക്കുന്ന ചര്യ 27-ാം രാവിൽ തൽഫലമായി ഉടലെടുത്തു.

3. മറ്റു പൂർവ പ്രവാചകരുടെ അനുയായികൾക്ക് അന്ത്യ പ്രവാചകന്റെ അനുയായികളേക്കാൾ ആയുസ്സു കൊടുത്തിരുന്നുവത്രെ. അപ്പോൾ മുഹമ്മദ് നബിയുടെ അനുയായികൾക്ക് എണ്ണത്തിലും കുറവ് സംഭവിക്കുമല്ലോ. ആ കുറവിന് പരിഹാരമായി 1000 മടങ്ങു പ്രതിഫലം ലഭിക്കുന്ന 'ലൈലത്തുൽ ഖദ്ർ' നബിക്ക് പ്രത്യേക അനുഗ്രഹമായി സിദ്ധിച്ചു എന്നുള്ള ഐതിഹ്യവും അല്ലാഹുവിന്റെയും നബിയുടെയും പേരിൽ രണ്ടാം പ്രമാണക്കാർ പ്രചരിപ്പിക്കുന്നു.

"മറ്റു നബിമാരോട് പറഞ്ഞതല്ലാതെ നിന്നോടു ഒന്നും പറയുന്നില്ല" (41:43) എന്നു അല്ലാഹു പറഞ്ഞതിന് വിരുദ്ധമാവുന്നു മേൽ കാണിച്ച വിശ്വാസം.

മനുഷ്യന്റെ ഭാഗധേയം എന്ന കെട്ടുകഥ മെനഞ്ഞുണ്ടാക്കാൻ ഉതകുന്ന ഒരു വചനവും 97-ാം അധ്യായത്തിലോ സദൃശമായ 44-ാം അധ്യായത്തിലോ ഇല്ല. കൂടാതെ "അത് സമാധാനം തന്നെ" എന്നു 97:5 ൽ പറഞ്ഞതു ജാഹിലിയ്യത്തിന്റെ ഇരുട്ടു നീങ്ങി പ്രഭാതം പൊട്ടി വിടരുന്നതിന്റെ ശാന്തിയും സമാധാനവും ഉണ്ടായി എന്ന ഉദ്ദേശ്യത്തോടെയാണ്. അല്ലാതെ എല്ലാ കൊല്ലവും മനുഷ്യന്റെ ഭാഗധേയം നിശ്ചയിക്കുന്നുവല്ലോ എന്ന സമാധാനമല്ല. 5:67 ൽ പറഞ്ഞ "നിന്നെ ശത്രുക്കളിൽ നിന്ന് രക്ഷിക്കാം" എന്ന സംരക്ഷണ സംവിധാനവും ആവാം. അതുകൊണ്ട് രണ്ടാം പ്രമാണക്കാർ നബിയുടെ ദൗത്യം ഖുർആനിൽ നിന്ന് പഠിക്കുകയും ശത്രുക്കൾ നടത്തിയ അട്ടിമറികൾ കണ്ടുപിടിക്കുകയും അതിന് ശേഷം ഖുർആൻ പഠിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. കുറ്റകരമായ മൗനം അവരെ നരകത്തിലേക്ക് നയിക്കും.




ഖുർആൻ പഠിക്കാൻ തയ്യാറല്ലാത്ത രണ്ടാം പ്രമാണക്കാർ അവരുടെ പൂർവികർ പറഞ്ഞതൊക്കെ തൊണ്ട തൊടാതെ വിഴുങ്ങുകമാത്രമാണ് ചെയ്യുന്നത്. ഖുർആൻ പരിശോധിച്ചാൽ ലൈലത്തുൽ ഖദ്ർ എന്നത് അന്നു സംഭവിച്ച, വീണ്ടും എല്ലാ കൊല്ലവും തുടരാത്ത സംഗതിയാണെന്ന് കാണാം.

കൂടാതെ വിപരീതപദങ്ങൾ ഉപയോഗിച്ചു അർഥങ്ങൾ അട്ടിമറിയിൽ നിന്ന് രക്ഷിച്ചതും അല്ലാഹു ആകുന്നു എന്ന് രണ്ടാം പ്രമാണക്കാർ മനസ്സിലാക്കാത്തിടത്തോളം അവരുടെ പരിഭാഷകൾ വ്യർഥവും വികലവും അവ്യക്തവുമായിരിക്കും. നിലവിലുള്ള പരിഭാഷകൾ രണ്ടാം പ്രമാണത്തെ കാത്തു രക്ഷിക്കാനുള്ള കവചമാണ്. സുന്നത്ത് ജമാഅത്തുകാർ അട്ടിമറികൾ ആദ്യം സ്വയം തിരുത്തട്ടെ, അല്ലാത്ത പക്ഷം അന്ധൻ അന്ധനെ വഴി നടത്തുന്നത് പോലെ ആയിരിക്കും. ജോലി നഷ്ടപ്പെടുമെന്ന് അഹ്ലലുൽ ഉലമക്കാർക്ക് ഭയമുണ്ടെങ്കിൽ 'തഖിയ' ഉപയോഗിച്ച് സത്യത്തിലേക്ക് വരികയും പുറമെ മുജാഹിദ്, സുന്നി, ജമാഅത്തെ ഇസ്ലാമി തുടങ്ങിയ സംഘടനകളിൽ നിന്നു കൊണ്ട് തന്നെ വിശ്വാസം പുനഃസ്ഥാപിക്കുകയും ചെയ്യാം. സമയമാവുമ്പോൾ മാത്രം പുറത്ത് ചാടുക. നിങ്ങൾക്കും മുസ്‌ലിം ആയി മരിക്കണ്ടേ? മുജ്‌രിം ആയി നരകത്തിൽ മുഖം കുത്തി വീഴാൻ ഇടയാക്കരുത്. ഈ ജീവിതം നശ്വരമാണ്. ഖുർആൻ സുന്നത്തിലേക്ക്; നബിയുടെ യഥാർഥ സുന്നത്തിലേക്ക് തിരിച്ചുവരാൻ സമയമായിരിക്കുന്നു.

ജനതയെ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് നയിക്കുകയാണ് ചെയ്യുന്നതെന്ന് 2:257, 5:16, 14:1, 14:5 മുതലായ വചനങ്ങളിൽ വ്യക്തമാക്കുന്നത് നമുക്കറിയാം. എന്നാൽ 97:1 ലെ പ്രയോഗം ഖുർആൻ ഇറങ്ങിയതിനെക്കുറിച്ചാണെങ്കിലും ഇരുട്ടിലേക്ക് ഇറങ്ങി എന്നു പറഞ്ഞത് ജാഹിലിയ്യാകാലത്ത് നിലനിന്ന അജ്ഞത, അവിവേകം, അഹംഭാവം, അലസത, അസഹിഷ്ണുത, അക്ഷമ, അക്രമം, അനീതി, ദുരാചാരം, അന്ധവിശ്വാസം, അരക്ഷിതാവസ്ഥ, അനൈക്യം മുതലായവയെ ദൂരീകരിച്ച് പ്രഭാത വെളിച്ചം ഉദിക്കുന്നതുവരെ എല്ലാവിധ ദീനി വിധിവില

ക്കുകളെയും ആ ജനതയിൽ എത്തിച്ചു എന്ന അർഥത്തിലായിക്കൂടെ?

97-ാം അധ്യായവും 44-ാം അധ്യായത്തിലെ അഞ്ചുവചനങ്ങളും സദൃശമാണെന്ന് കാണാം. നിരക്ഷരകുക്ഷികളിലേക്ക് ഖുർആൻ വെളിച്ചം നൽകി പ്രഭാതം പൊട്ടിവിടരും വരെ ഇറക്കിയെന്നേ, ആശയ സംരക്ഷണം വേറൊരു വിധത്തിൽ നടത്തിയെന്നേ കാണാൻ സാധിക്കൂ.

ഖദ്ർ, മുബാറക്കത്തിൻ എന്നൊക്കെ കേൾക്കുമ്പോഴേക്കും എടുത്തുചാടി ഐതിഹ്യങ്ങൾ ചമക്കേണ്ടതില്ല. ദൈവിക വചനങ്ങളെ അട്ടിമറിക്കുന്നവർക്ക് കഠിന ശിക്ഷയുണ്ടെന്ന കാര്യം ഓർക്കുക. 97, 44 അധ്യായങ്ങളിൽ പറയുന്നത് അനുഗ്രഹമായി ഇറക്കിയ കിതാബിനെപ്പറ്റി തന്നെയാണെന്ന് വ്യക്തമാവുന്നു.


ഖുർആൻ പഠിക്കാൻ തയ്യാറല്ലാത്ത രണ്ടാം പ്രമാണക്കാർ അവരുടെ പൂർവികർ പറഞ്ഞതൊക്കെ തൊണ്ട തൊടാതെ വിഴുങ്ങുകമാത്രമാണ് ചെയ്യുന്നത്. ഖുർആൻ പരിശോധിച്ചാൽ ലൈലത്തുൽ ഖദ്ർ എന്നത് അന്നു സംഭവിച്ച, വീണ്ടും എല്ലാ കൊല്ലവും തുടരാത്ത സംഗതിയാണെന്ന് കാണാം.

“തന്റെ ദാസന്റെ മേൽ വ്യക്തമായ ദൃഷ്ടാന്തങ്ങൾ ഇറക്കിക്കൊടുക്കുന്നവനാണ് അവൻ” എന്ന് 57:9 ൽ പറയുന്നു. അക്കാര്യം എല്ലാ വർഷവും നടക്കുന്നുണ്ടോ? “അവർ (ഹവാരിയ്യുകൾ) പറഞ്ഞു: ഞങ്ങൾക്കതിൽ നിന്ന് ഭക്ഷിക്കാനും അങ്ങനെ മനസ്സമാധാനം ഉണ്ടാകാനും താങ്കൾ ഞങ്ങളോടു പറഞ്ഞത് സത്യമാണെന്ന് ഞങ്ങൾക്ക് ബോധ്യമാവാനും ഞങ്ങൾക്ക് നീ ആകാശത്ത് നിന്ന് ഒരു ഭക്ഷണത്തളിക ഇറക്കിത്തരേണമേ.” (5:113) ഇവിടെ പറഞ്ഞ കാര്യവും എല്ലാ വർഷവും സംഭവിക്കുമോ? ജാഹിലിയ്യത്ത് ഒരു നിർണായക പരിധി വരെ എത്തിയപ്പോൾ ആ അജ്ഞതയിലേക്ക് അല്ലാഹുവിന്റെ നിശ്ചയ പ്രകാരം ഖുർആൻ ഇറക്കി എന്നു ചുരുക്കി മനസ്സിലാക്കിയാൽ മതി.

അതുപോലെ “ഖുർആൻ ഒറ്റ രാത്രിയിൽ ഇറങ്ങിത്തുടങ്ങി പ്രഭാതമാവുമ്പോഴേക്കും അവസാനിച്ചു” എന്നു പറഞ്ഞാൽ ഖുർആനിലെ പല വചനങ്ങൾക്കും എതിരാവുകയും ചെയ്യും. ഖുർആൻ പറയുന്നു: “തീർച്ചയായും നാം നിനക്ക് ഈ ഖുർആനെ അല്പാല്പമായി അവതരിപ്പിച്ചു തന്നിരിക്കുന്നു.” (76:23).

“സത്യനിഷേധികൾ പറഞ്ഞു; ഇദ്ദേഹത്തിന് (നബിക്ക്) ഖുർആൻ ഒറ്റത്തവണയായി ഇറക്കാത്തതെന്താണ്? അപ്രകാരം പല അധ്യായങ്ങളിലായി അവതരിപ്പിച്ചതു നിന്റെ ഹൃദയത്തെ ഉറപ്പിച്ചു നിർത്താനാണ്. ശരിയായ സാവകാശത്തോടെ നാമത് വായിച്ചു കേൾപ്പിക്കുകയും ചെയ്യുന്നു.” (25:32).

23 വർഷം കൊണ്ടാണ് ഇറങ്ങിയത് എന്ന് ഖുർആനിൽ കാണില്ലെങ്കിലും ഇനി ഒരു രണ്ടാം പ്രമാണത്തിന്റെ ആവശ്യം ദൂരീകരിച്ച് സൂത്രധാരനിൽ സൂത്രധാരനായ അല്ലാഹു എല്ലാ കാര്യങ്ങളും അതിൽ വ്യക്തമാക്കിയിരിക്കുന്നു. രണ്ടാം പ്രമാണക്കാരുടെ ഇമാമുകൾ ഖുർആൻ പരിപൂർണമല്ലെന്ന് വാദിക്കുമെങ്കിലും ഒരു സത്യവിശ്വാസി അല്ലാഹുവിന്റെ വചനങ്ങൾക്ക് പ്രഥമ സ്ഥാനം കൊടുക്കണം.



“അല്ലാഹുവിന്റെ വാക്കാണ് ഏറ്റവും ഉയർന്ന് നിൽക്കുന്നത്.” (9:40)

ആമാശയ പൂരണാർഥം സ്വാർഥമതികൾ ചെയ്തുവെച്ച കൂട്ടിച്ചേർക്കലുകൾ ഖുർആൻ വിശ്വാസികൾ തള്ളിക്കളയുക തന്നെ വേണം. ശിർക്കിലേക്ക് നയിക്കുന്ന അത്തരം അക്രമങ്ങളിൽ നിന്ന് വിട്ടുനിൽക്കുക. ⊖

Ramazan

ഹാജി സലാം മീനടത്തൂർ

# റമസാൻ പുണ്യങ്ങളുടെ പൂക്കാലമോ?

പുണ്യ രാവുകളോ?
പുണ്യ പകലുകളോ?
വല്ലാത്ത തമാശ!!
രാവുകളും പകലുകളും
എന്നുമെന്നും ഒന്നാണ്.
സ്ഥായിയായ പ്രതിഭാസങ്ങൾ.
പുണ്യങ്ങളും നിന്ദ്യങ്ങളും മാനവന്റേതത്രെ.
മനുഷ്യകർമങ്ങൾ ദൈവികമാകുമ്പോൾ
പുണ്യങ്ങൾ പുലരുകയായ്,
മനുഷ്യകർമങ്ങൾ പൈശാചികമാകുമ്പോൾ
നിന്ദ്യങ്ങൾ പെരുകുകയായ്.
ജീവകാലത്തെ പൂക്കാലമാക്കുന്നതും
പേക്കോലമാക്കുന്നതും മാനവകർമങ്ങളത്രെ.
ദൈവത്തിൻ ഖലീഫയായ
മാനവന്റെ കർമങ്ങൾ!
അവനത്രെ കർത്താവ്,
പുണ്യങ്ങളുടെ; നിന്ദ്യങ്ങളുടെ നിർമാതാവ്...



Ramazan

ഫൈസി സലാം
faisysalamhaji@yahoo.com

# റിലീഫ് വിതരണം



ചെരിപ്പ് ഊരിവെച്ചില്ല,
തലപ്പാവ് അഴിച്ചുവെച്ചില്ല,
തലചൊറിഞ്ഞില്ല,
കൈ കൂപ്പിയില്ല,
ഷർട്ടിലും മുണ്ടിലും
ചെളിയും ചേറും കണ്ടില്ല,
മുഖത്ത് വിശപ്പിന്റെ, ദാഹത്തിന്റെ
അരിശവും അക്ഷമയും കണ്ടില്ല,
തിക്കാനും തിരക്കാനും പോയില്ല,
തള്ളാനും ഉന്താനും കുതിച്ചില്ല,
സാറേ...സാറേ... എന്ന് വിളിച്ച്
ഓച്ഛാനിച്ചു നിന്നില്ല,
റിലീഫ് വിതരണ ബുക്കിലെ
അയാളുടെ ദാനകോളം
കാലിയായ് കിടന്നു,
അയാൾക്ക് അരിമണിയോ
ചില്ലിക്കാശോ കിട്ടിയില്ല,
അയാൾക്ക് ഒന്നും കൊടുത്തില്ല,
കാരണം; അയാളൊരു ധിക്കാരിയാണത്രെ,
പരമ ധിക്കാരി.
അയാൾ യാചക വേഷം കെട്ടിയില്ല,
റിലീഫ് നേതാക്കളെ വന്ദിച്ചില്ല.
പക്ഷേ അയാളുടെ വയറ് ഒട്ടിയതായിരുന്നു
മനം വരണ്ടതായിരുന്നു.
എല്ലാ ഇല്ലായ്മയും ദാരിദ്ര്യവും മൂടിവെച്ച്
ഉള്ളവനെപ്പോലെ നടന്നു.
അതാണുപോൽ
അയാൾ ചെയ്ത നിഷേധം; ധിക്കാരം.

കഥ

# ദാനം

ബി.വി സക്കീർ
sakeer@journalist.com



ദാനം കൊടുക്കുന്നുണ്ടെന്നറിഞ്ഞാണ് അയാൾ ടൗൺഹാളിൽ എത്തിയത്. ഹാളുനിറയെ ആളുകൾ. ഇവരെല്ലാം ദാനം വാങ്ങാനെത്തിയവരോ? അയാൾ ആശ്ചര്യപ്പെട്ടു. ഓരോരുത്തരായി സ്റ്റേജിലെത്തി വിശിഷ്ടാതിഥിയിൽ നിന്ന് എന്തോ ഏറ്റുവാങ്ങുന്നു. അയാൾക്ക് ക്ഷമയുണ്ടായില്ല. തീർന്നുപോയെങ്കിൽ കിട്ടാതെ വരരുതല്ലോ. പൊടുന്നനെ വേദിയിലേക്ക് കയറിച്ചെന്ന് വി.ഐ.പിയുടെ നേരെ അയാൾ കൈകൾ നീട്ടി. സംഘാടകരും സദസ്യരും ഒരുവേള അമ്പരന്നു. ആരൊക്കെയോ പിടിച്ചുമാറ്റാൻ ശ്രമിക്കവേ അയാൾ ക്ഷുഭിതനായി.

"ദാനം കൊടുക്കുന്നൂന്ന് പറഞ്ഞ് ആളെ പറ്റിക്കാ?"

"ദാനം കൊടുക്കേ?" കൂട്ടത്തിലൊരാൾ ചോദിച്ചു.

"അതെന്നെ. പിന്നെന്താ അവിടെ എഴുതിയിരിക്കണത്?"

–അയാൾ സ്റ്റേജിലെ ബാനറിന് നേരെ വിരൽ ചൂണ്ടി.

അതിൽ വായിക്കാൻ കഴിഞ്ഞത്:

'അവാർഡ് ദാനം.'



ഖുർആനിലെ സെയ്ദ്:
ഒരു പുനർവായന 5

# ളിഹാറും ഖുർആനും

**അബ്ദുസ്സലാം ചേക്കരാത്ത്**
cmtkss@yahoo.co.in

നിന്റെ ഭാര്യയെ നീ നിന്റെ അടുത്ത് തന്നെ നിർത്തുക (അംസിക് അലയ്ക സൗജക) എന്ന് നബി ദത്തുപുത്രനോട് പറയാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്ന് ഖുർആൻ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. അതു ശ്രദ്ധിക്കുക.

“തന്റെ ഭർത്താവിന്റെ കാര്യത്തിൽ നിന്നോട് തർക്കിക്കുകയും അല്ലാഹുവിങ്കലേക്ക് സങ്കടം ബോധിപ്പിക്കുകയും ചെയ്യുന്നവളുടെ വാക്ക് അല്ലാഹു കേട്ടിട്ടുണ്ട്. അല്ലാഹു നിങ്ങൾ രണ്ടാളുടെയും സംഭാഷണം കേട്ടു കഴിഞ്ഞു. ആ സ്ഥിതിക്ക് കേട്ട വിഷയത്തിന് പരിഹാരം കണ്ടെത്താൻ കഴിവുറ്റവനാണ് അല്ലാഹു.” (58:1). ഇനി പരിഹാര നിർദേശം ശ്രദ്ധിക്കുക: “നിങ്ങളുടെ കൂട്ടത്തിൽ തങ്ങളുടെ ഭാര്യമാരെ ‘ളിഹാർ’ ചെയ്യുന്നതായി പ്രഖ്യാപിക്കുന്നവർ അറിയുക; ആ മഹതികൾ അവരുടെ മാതാക്കളല്ല! അവരുടെ മാതാക്കൾ എന്നതിന്റെ വിവക്ഷയെ ദ്വയാർഥത്തിൽ കണ്ടു ഭാര്യമാരെ അതിനു പ്രേരിപ്പിക്കരുത്. മാതാക്കളെന്നാൽ അവരെ പ്രസവിച്ച സ്ത്രീകളല്ലാതെ മറ്റാരുമല്ല. തീർച്ചയായും അവർ പറയുന്ന ദ്വയാർഥത്തിലുള്ള വാക്ക് നിഷിദ്ധവും അസത്യവുമാണ്. അല്ലാഹു അധികം മാപ്പുനൽകുന്നവനും പൊറുക്കുന്നവനുമാകയാൽ നിങ്ങൾക്കു വിരമിക്കാം.” (58:2)

ഒരു സ്ത്രീ തന്റെ ഭർത്താവിന്റെ കാര്യത്തിൽ നബിയോട് തർക്കിച്ചതായി ഇവിടെ വന്നിട്ടുണ്ട്. ഈ സ്ത്രീ ദത്തുപുത്രന്റെ ഭാര്യയാണ്. അതുകൊണ്ടാണ് തന്റെ ദത്തുപുത്രനോട് ‘നിന്റെ ഭാര്യയെ നിന്റെ അടുത്ത് തന്നെ നിർത്തുക’ എന്ന് നബി പറഞ്ഞത്. ഭാര്യയെ സ്വീകരിച്ചവനാരോ അവൻ തന്നെ തന്റെ ഭാര്യയെ തന്നിലേക്ക് ചേർത്തു നിർത്തണമെന്നാണ് 33:37 ലെ സാരം. എന്നാൽ 58:1, 2 സൂക്തങ്ങൾ വഴി അവതരിച്ച വിഷയമാകട്ടെ ഭാര്യയെ ‘ളിഹാർ’ ചെയ്യുന്നതു സംബന്ധിച്ചാണ്. ഈ സൂക്തങ്ങൾ തമ്മിൽ പരസ്പരം ഇണക്കിച്ചേർത്താലേ ‘സെയ്ദുൻ മിൻഹാ വത്വറൻ’ എന്ന പ്രയോഗത്തിന്റെ പൊരുൾ വ്യക്തമാവൂ. ളിഹാർ എന്ന വിഷയത്തെ കേന്ദ്രീകരിച്ചാണ് നബി ദത്തുപുത്രനോട് സംസാരിച്ചത്. അതുകൊണ്ടാണ് ആ സൂക്തത്തിൽ ‘നിന്റെ ഭാര്യയെ നിനക്കായ് വെച്ചുകൊണ്ടിരിക്കുക’ എന്ന് വന്നത്. ഭാര്യയെ തന്റെ മാതാവിന്റെ മുതുകിന് സമാനമാക്കി പിതാവിന്റെ മുതുകിന് താങ്ങാവാനായി നിർദേശം നൽകാൻ ഒരു പുരുഷനും അവകാശമില്ലെന്നിരിക്കെ ജനത്തെ ഭയന്ന് എന്തിനാ മകനേ നീ മനസ്സ് വ്യാകുലപ്പെടുത്തുന്നത്, അതിനാൽ നിനക്കായ് തന്നെ നിന്റെ ഭാര്യയെ നീ വെച്ചുകൊണ്ടിരിക്കുക എന്ന സന്ദേശമാണ് 33:37 ന്റെ ഇതിവൃത്തം.

“നീ എനിക്ക് എന്റെ ഉമ്മയെപ്പോലെയാണ്” എന്ന് ഒരു പുരുഷൻ തന്റെ ഭാര്യയോടു പറഞ്ഞാൽ, അതിനെ സ്നേഹത്തിന്റെ പര്യായവാക്കായി കാണാൻ അന്നത്തെ സമൂഹം തയ്യാറല്ലാതിരുന്നതു കൊണ്ടാണ് ഇത്തരം ദ്വയാർഥ പ്രയോഗത്തിനെതിരെ അതിശക്തമായ നില



പാടുകൾ സ്വീകരിച്ച് ഖുർആൻ ഇത് വ്യക്തമാക്കിയത്.

മാതാക്കൾ നിങ്ങൾക്കു ജന്മം നൽകിയത് നിങ്ങളുടെ പിതാക്കളുടെ മുതുകിന് താങ്ങായി ആ സ്ത്രീകൾ വർത്തിച്ചതു കൊണ്ടാണ്; 'ളിഹാർ' എന്ന നീച പദം ഇനി മേൽ നിങ്ങളുടെ ഭാര്യമാരുടെ കാര്യത്തിൽ പ്രയോഗിച്ച് "ഉമ്മയെപ്പോലെയാണ് നീ" എന്ന സത്യവിരുദ്ധവാക്ക് ഒരിക്കലും പറഞ്ഞേക്കരുത് എന്നാണ് ഖുർആന്റെ പക്ഷം.

ഇത്തരം ദ്വയാർഥങ്ങൾ ഒളിഞ്ഞു നിൽക്കുന്ന വാക്കുപയോഗിച്ച് ആൺമക്കളുടെ ഭാര്യമാരെ ശല്യം ചെയ്യാനുള്ള ഉപാധിയാക്കി തീർത്ത് ഈ നീചവൃത്തിയെ ഒരു നിയമം കണക്കെ നോക്കിക്കണ്ടിരുന്ന സമൂഹത്തെ ഉണർത്തി നബി തുടക്കം കുറിച്ച സമര പ്രഖ്യാപനത്തിന്റെ ഗർജനം ശ്രദ്ധിക്കുക.

''തങ്ങളുടെ ഭാര്യമാരെ ളിഹാർ ചെയ്യുന്നു എന്ന് പ്രഖ്യാപിച്ച്, എന്നിട്ട് ആ നീചവാക്ക് മുഖവിലക്കെടുത്ത് അതിനെ മുൻനിർത്തി പിതാവിനു സൗകര്യമൊരുക്കി അവരിൽ നിന്ന് മട

> "നീ എനിക്ക് എന്റെ ഉമ്മയെപ്പോലെയാണ്'' എന്ന് ഒരു പുരുഷൻ തന്റെ ഭാര്യയോടു പറഞ്ഞാൽ, അതിനെ സ്നേഹത്തിന്റെ പര്യായവാക്കായി കാണാൻ അന്നത്തെ സമൂഹം തയ്യാറല്ലാതിരുന്നതു കൊണ്ടാണ് ഇത്തരം ദ്വയാർഥ പ്രയോഗത്തിന്നെതിരെ അതിശക്തമായ നിലപാടുകൾ സ്വീകരിച്ച് ഖുർആൻ ഇത് വ്യക്തമാക്കിയത്.

ങ്ങുകയും ചെയ്യുന്നവർ പരസ്പരം സ്പർശിക്കും മുമ്പായി ഒരു അടിമയെ മോചിപ്പിക്കേണ്ടതുണ്ട്. അതാണ് നിങ്ങൾക്കു നൽകുന്ന ഉപദേശം. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മജ്ഞാനമുള്ളവനാണ്. അതിനാൽ ളിഹാറിൽ നിന്ന് നിങ്ങൾ മുക്തി നേടണം. ഇനി വല്ലവന്നും അടിമയെ മോചിപ്പിക്കാൻ സാധ്യമായില്ലെങ്കിൽ അവർ പരസ്പരം സ്പർശിക്കും മുമ്പ് തുടർച്ചയായി രണ്ടു മാസക്കാലം നോമ്പനുഷ്ഠിക്കേണ്ടതുണ്ട്. ഇനി വല്ലവനും നോമ്പ് അസാധ്യമെങ്കിൽ 60 അഗതികൾക്കു ആഹാരം നൽകേണ്ടതാണ്. അല്ലാഹുവിലും അവന്റെ ദൂതനിലും നിങ്ങൾക്ക് വിവേകപൂർണമായൊരു വിശ്വാസം ഉണ്ടാക്കി തീർക്കാൻ വേണ്ടിയായിരിക്കണം മേൽ പറഞ്ഞവയെ നിങ്ങൾ സമീപിക്കേണ്ടത്. അവ അല്ലാഹുവിന്റെ പരിധികളാവുന്നു. ഇതിനെ അവഗണിക്കുന്ന സത്യനിഷേധികൾക്ക് വേദനയേറിയ ശിക്ഷയുമുണ്ട്." (58:3,4).

ഇപ്രകാരമുള്ള വ്യക്തമായ ബോധവൽക്കരണത്തിലൂടെ, തന്റെ സമൂഹത്തിൽ നിലനിന്ന ളിഹാർ എന്ന നീചവൃത്തിയുടെ വക്താക്കളെ പട്ടിണിക്കിട്ട് പാഠം പഠിപ്പിച്ച് ലോക ശ്രദ്ധ മുഴുവനും തന്നിലേക്കാകർഷിപ്പിച്ചുകൊണ്ടിരുന്ന സന്ദർഭത്തിൽ അതിന്റെ അനന്തര ഫലം നിർവൃതിയോടെ സ്ത്രീ സമൂഹവും അനുഭവിച്ചു തുടങ്ങിയപ്പോൾ, നിജസ്ഥിതി വ്യക്തമാക്കാൻ ഉദ്ദേശിച്ച് ഒരു സൂക്തം ഇറക്കിയപ്പോഴേക്കും അത് വിവിധ രൂപത്തിലും ഭാവത്തിലും വേഷത്തിലും കോലത്തിലും മാറിമാറി അക്രമിക്കപ്പെട്ടതു കൊണ്ടാണ് നമുക്കീ വഴിയിൽ അല്പദൂരം സഞ്ചരിക്കേണ്ടി വന്നത്.

## സെയ്ദുൻ എന്ന അവസ്ഥ

"ഫലമ്മാ ഖളാ സെയ്ദുൻ മ്മിൻഹാ വത്വറൻ സവ്വജ്നാകഹാ" എന്ന ഭാഗത്ത് ഗുരുതരമായ അട്ടിമറികൾ ഹദീസുനിർമാതാക്കളുടെ വകയായി ഖുർആൻ പരിഭാഷകളിലൂടെ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് എന്നതാണ് ഈ ചർച്ചയുടെ കാതലായ വശം. ഈ വാചകത്തിൽ കാണുന്ന 'സെയ്ദുൻ' എന്ന പദത്തിന്റെ അർഥം 'അഭിവൃദ്ധിയുള്ളവൻ' എന്നാണ്. ഇതിനെയാണ് നബിയുടെ ദത്തുപുത്ര

'സെയ്ദുൻ' എന്ന പദത്തിന്റെ അർഥം 'അഭിവൃദ്ധിയുള്ളവൻ' എന്നാണ്. ഇതിനെയാണ് നബിയുടെ ദത്തുപുത്രന്റെ നാമമെന്നോണം സൈദ് എന്ന പേരിൽ ദുർവ്യാഖ്യാനം ചെയ്തത്.

ന്റെ നാമമെന്നോണം സൈദ് എന്ന പേരിൽ ദുർവ്യാഖ്യാനം ചെയ്തത്. ആൺമക്കളുടെ വിവാഹാനന്തരം ഒരു ഗൃഹത്തിൽ കാലുകുത്തുന്ന മഹതിയെ കാമനിർവൃതിയോടെ മാത്രം നോക്കിക്കൊണ്ടിരുന്ന പുരുഷവർഗത്തിന്റെ മനോഗതിയെ തട്ടിയുണർത്തി ആ മനസ്സിൽ കുടുംബ ജീവിതത്തിന്റെ ധാർമികതയുടെ വിത്തുപാകി സുദർശന ചിന്തകൾ അധികമായി വരാൻ അഥവാ സെയ്ദാവാൻ പാകത്തിൽ ബോധത്തെ പുനർസൃഷ്ടിച്ച് മാനസികാവസ്ഥയുടെ ഉന്നത നിലവാരം കാഴ്ചവെക്കാനായപ്പോൾ, അതിനെ വിശേഷിപ്പിച്ച് പറഞ്ഞതാണ് 'സെയ്ദുൻ' എന്ന്.

'വത്വറൻ' എന്നതിന് 'ആവശ്യം' എന്ന അർഥമുണ്ടെങ്കിലും ഇവിടേക്കിത് യോജിക്കില്ല. കാരണം ദത്തുപുത്രൻ തന്റെ ലൈംഗികാവശ്യങ്ങൾ നിറവേറ്റിയ ശേഷം ഭാര്യയെ മൊഴിചൊല്ലി എന്ന് ഖുർആനിൽ വന്നിട്ടില്ല. മാത്രമല്ല വിവാഹമോചനത്തെ ഉദ്ദേശിച്ച് 'ക്വള്വാ-വത്വറൻ' എന്ന് ഖുർആൻ പ്രയോഗിച്ചിട്ടില്ലതന്നെ. അപ്പോൾ 'ആവശ്യങ്ങൾ' എന്നത് ഇവിടെ അർഥശൂന്യമാണ്. അതിനുപകരം 'ലക്ഷ്യം' എന്ന അർഥമാണ് നൽകേണ്ടത്. അങ്ങനെ വരുമ്പോൾ 'ക്വള്വാ-വത്വറൻ' എന്നതിന് ലക്ഷ്യം പൂർത്തിയായി, ലക്ഷ്യപ്രാപ്തി കൈവരിച്ചു, ലക്ഷ്യബോധം കൈവരിക്കാനായി എന്നിങ്ങനെയുള്ള സാരങ്ങൾ വന്നുചേരും. 'മിൻഹാ' എന്നതിന് നൽകേണ്ട അർഥം 'അവളെ സംബന്ധിച്ച്' എന്നാണ്. 'അവളിൽ നിന്ന്' എന്ന ധ്വനിയിൽ ഇവിടെ മൊഴിയാൻ പാടില്ല.

'സവ്വജ്നാകഹാ' എന്നതിന്റെ വിവക്ഷയെ "നബിക്ക് അവളെ അല്ലാഹു നിക്കാഹ് ചെയ്തുതന്നു" എന്ന് അല്ലാഹു നബിയോട് പറഞ്ഞതായി വ്യാഖ്യാനിക്കരുത്. മറിച്ച്, നബി തന്റെ ദത്തുപുത്രനോട് പറഞ്ഞ വാക്കുകൾ അല്ലാഹു നബിയോട് തിരിച്ചവതരിപ്പിച്ചപ്പോൾ വന്ന ഭാഷാപരമായ വ്യതിയാനമായേ അതിനെ പരിഗണിക്കാവൂ. മകനേ, അല്ലാഹുവാണ് നിനക്ക് ഇവളെ ഇണയാക്കിത്തന്നത് എന്ന വാചകം മറുമൊഴിയായി പറഞ്ഞുവെന്ന് സാരം.

## തുടർന്നും അട്ടിമറി

ദത്തുപുത്രന്മാരുടെ മുൻഭാര്യമാരെ നിക്കാഹ് ചെയ്യാനുള്ള അവകാശം നബിക്ക് മാത്രമല്ലെന്നു നബിയുടെ ഉമ്മത്തിനും അത് ബാധകമാണെന്നും വരുത്തിത്തീർക്കാനായി മറ്റൊരട്ടിമറിയും ഈ സൂക്തത്തിന്റെ സാരാംശങ്ങളിൽ തിരുകിവെച്ചിട്ടുണ്ട്.

'ഇദക്വദൗ മിൻഹുന്ന വത്വറൻ' എന്ന വാചകത്തെ ദുർവ്യാഖ്യാനം ചെയ്ത് എഴുതിപ്പിടിപ്പിച്ചിരിക്കുന്നത് 'ആ സ്ത്രീകളിൽ നിന്ന് അവർ ആവശ്യങ്ങൾ നിർവഹിച്ചു കഴിഞ്ഞാൽ' എന്ന വികൃത രൂപത്തിലാണ്. എന്നു വെച്ചാൽ, ദത്തുപുത്രൻമാർ അവരുടെ ഭാര്യമാരിൽ നിന്ന് വിവാഹമോചനം നേടിക്കഴിഞ്ഞാൽ ആ സ്ത്രീകളെ



ദത്തുപുത്രന്റെ മുൻഭാര്യയെ വളർത്തു പിതാക്കൾക്കു തന്നെ പുനർവിവാഹം ചെയ്യാൻ അവകാശമുണ്ട് എന്നാണ് ഹദീസ് പുരാണം. ഇതിനു വേണ്ടിയാണ് നബിക്ക് അല്ലാഹു ഏഴാനാകാശത്തുനിന്ന് ദത്തുപുത്രന്റെ മുൻഭാര്യയെ ഇണയാക്കി, തുണയാക്കി നിക്കാഹ് ചെയ്തു കൊടുത്തു എന്ന ഹദീസ് നെയ്തുണ്ടാക്കിയത്.



അഥവാ ദത്തുപുത്രന്റെ മുൻഭാര്യയെ വളർത്തു പിതാക്കൾക്കു തന്നെ പുനർവിവാഹം ചെയ്യാൻ അവകാശമുണ്ട് എന്നാണ് ഹദീസ് പുരാണം. ഇതിനു വേണ്ടിയാണ് നബിക്ക് അല്ലാഹു ഏഴാനാകാശത്തുനിന്ന് ദത്തുപുത്രന്റെ മുൻഭാര്യയെ ഇണയാക്കി, തുണയാക്കി നിക്കാഹ് ചെയ്തു കൊടുത്തു എന്ന ഹദീസ് നെയ്തുണ്ടാക്കിയത്. മുആവിയാ പക്ഷക്കാരായ സുന്നത്തു ജമാഅത്തുകാർ ഇതിനെ 'നബിചര്യ' എന്ന് വിളിക്കുന്നു!

ദത്തുപുത്രന് വളർത്തു പിതാവിന്റെ സ്വത്തിൽ നിന്ന് ചില്ലിക്കാശിന് പോലും അവകാശമില്ലെന്നും എന്നാൽ അവന്റെ മുൻഭാര്യയിൽ വളർത്തു പിതാവിന് അവകാശമുണ്ടെന്നും നവമുസ്‌ലിംകളുടെ ബോധത്തിൽ കുത്തിച്ചെലുത്താൻ വേണ്ടിയുള്ള വയള് പരമ്പരകൾക്ക് അന്നുതന്നെ വടം കെട്ടിയിറങ്ങിയിരുന്നു എന്നാണ് നാം വിലയിരുത്തേണ്ടത്.

## ചില സംശയങ്ങൾ

ദത്തുപുത്രൻ അവന്റെ ആവശ്യങ്ങൾ നിറവേറ്റി ഉപേക്ഷിച്ച സ്ത്രീ, അവൻ താമസിക്കുന്ന വീട്ടിൽ തന്നെ തന്റെ വളർത്തു പിതാവുമായി 'ആവശ്യങ്ങൾ' നിറവേറ്റിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ആ വളർത്തുപുത്രൻ എന്ത് നിലപാടാണ് കൈക്കൊള്ളേണ്ടത് എന്ന് സൂചിപ്പിക്കുന്ന വല്ല സൂക്തവും ഖുർആനിലുണ്ടെങ്കിൽ അതൊന്ന് വ്യക്തമാക്കാൻ ഇവർക്കാവുമോ?

തന്റെ ദത്തുപുത്രന് സ്വത്തവകാശമില്ലെന്ന് മുഹമ്മദ് നബി ഏത് സൂക്തത്തിന്റെ അടിസ്ഥാനത്തിലാണ് വിധി പറഞ്ഞതെന്ന കാര്യത്തിൽ ഇവർക്കു വല്ല പിടിപാടുമുണ്ടോ? സൈനബാ ബീവി നബിയുടെ ഭാര്യയായി മാറിയപ്പോൾ, ദത്തുപുത്രനെ ആ വീട്ടിൽ നിന്ന് പുറത്താക്കാൻ അല്ലാഹു ഇറക്കിയ ആയത്ത് ഏതെന്ന് ഹദീസ് നിർമാതാക്കൾ വെളിപ്പെടുത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് ഏത് ആയത്തിനെ വിവരിച്ചാണ് ക്രോഡീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

> ദത്തുപുത്രൻ അവന്റെ ആവശ്യങ്ങൾ നിറവേറ്റി ഉപേക്ഷിച്ച സ്ത്രീ, അവൻ താമസിക്കുന്ന വീട്ടിൽ തന്നെ തന്റെ വളർത്തു പിതാവുമായി 'ആവശ്യങ്ങൾ' നിറവേറ്റിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ആ വളർത്തുപുത്രൻ എന്ത് നിലപാടാണ് കൈക്കൊള്ളേണ്ടത് എന്ന് സൂചിപ്പിക്കുന്ന വല്ല സൂക്തവും ഖുർആനിലുണ്ടെങ്കിൽ അതൊന്ന് വ്യക്തമാക്കാൻ ഇവർക്കാവുമോ?

വിഭാര്യനായ ദത്തുപുത്രനെ വീണ്ടും വിവാഹം ചെയ്യിപ്പിക്കാൻ, അവന്റെ മുൻഭാര്യയെ സ്വീകരിച്ച വളർത്തു പിതാവിന്നവകാശമുണ്ടോ? രണ്ടാമത്തെ ഭാര്യയെയും ആവശ്യങ്ങൾ നിറവേറ്റിയ ശേഷം ദത്തുപുത്രൻ മോചിപ്പിച്ചാൽ, ഈ മഹതിയെയും സ്വീകരിക്കാൻ അവന്റെ വളർത്തു പിതാവിന് അവകാശമുണ്ടെന്ന് സ്ഥാപിച്ച വല്ല ആയത്തും ഖുർആനിലുണ്ടോ?

ദത്തുപുത്രന്റെ മൂന്നാമത്തെ ത്വലാക്കും കഴിഞ്ഞാൽ ഭാര്യയെ തിരിച്ചെടുക്കണമെന്ന് അവനു തോന്നിയാൽ, ചടങ്ങു നിൽക്കാൻ വളർത്തു പിതാവിന് അവകാശമുണ്ടെന്ന് സ്ഥാപിച്ച വല്ല ഹദീസും ഖുർആന്റെ വ്യാഖ്യാനമെന്ന പേരിൽ സൃഷ്ടിച്ചിട്ടുണ്ടോ, ഖുർആനിലെ ഏതെങ്കിലും ആയത്തിൽ ഈ 'ചടങ്ങുനിൽക്കൽ' പ്രക്രിയയെ പ്രോത്സാഹിപ്പിക്കുന്നുണ്ടോ എന്നിങ്ങനെയുള്ള സംശയങ്ങൾക്ക് വ്യക്തമായ മറുപടി ഖുർആനിലൂടെ കിട്ടുമെന്നുണ്ടെങ്കിലേ 33:37 ലെ ആശയങ്ങളെ കല്യാണ സംഭവമാക്കി വ്യാഖ്യാനിക്കാനാവൂ.

*(അവസാനിക്കുന്നില്ല)*



# മതേതരത്വം ഖുർആനിൽ

**സി. വി. എച്ച്**

ദൈവിക മതം ഏതായിരുന്നാലും മനുഷ്യൻ നന്നായാൽ മതി. ആര് നന്മ ചെയ്താലും നന്മ തന്നെ; ആര് തിന്മ ചെയ്താലും തിന്മയും എന്നുള്ള വിശ്വാസമാണ് ഖുർആൻ നമ്മെ പഠിപ്പിക്കുന്നതെന്ന് താഴെ പറയുന്ന ഖുർആൻ സന്ദേശങ്ങളിൽ നിന്ന് മനസ്സിലാക്കാൻ കഴിയും.

ഖുർആനിൽ മതേതരത്വവും സർവമത സത്യവാദവും ഉണ്ടെന്ന് പ്രശസ്ത പണ്ഡിതരായ മൗലാനാ അബുൽ കലാം ആസാദ്, പി.കെ മുഹമ്മദ് അബുൽ ഹസൻ (മൗലവി ചേകനൂർ) തുടങ്ങിയവർ പ്രസ്താവിച്ചിട്ടുണ്ട്.

ഖുർആനിലെ ആലുഇംറാൻ അധ്യായത്തിലെ 199-ാം സന്ദേശത്തിൽ പറയുന്നത് ശ്രദ്ധിക്കുക: “മുൻമത വേദക്കാരിൽ ഒരു വിഭാഗമുണ്ട്. അവർ ദൈവത്തിലും നിങ്ങൾക്ക് അവതരിക്കപ്പെട്ടതിലും അവർക്ക് അവതരിക്കപ്പെട്ടതിലും വിശ്വസിക്കുന്നു. അവർ ഭക്തിയോടെ ദൈവത്തെ വണങ്ങുന്നു. ദൈവസന്ദേശങ്ങളെ കാര്യലാഭത്തിന് വേണ്ടി വിൽക്കുന്നില്ല. അവർക്ക് ദൈവത്തിൽ പ്രതിഫലമുണ്ട്.” ഈ ഖുർആൻ സന്ദേശപ്രകാരം മുൻദൈവിക മതങ്ങൾ സത്യമാണെന്നും ഖുർആൻ അവതരിക്കപ്പെട്ടതിന് ശേഷവും മുൻ ദൈവിക വേദഗ്രന്ഥത്തെ പിൻപറ്റി പ്രവർത്തിച്ചവർക്ക് ദൈവത്തിന്റെ പ്രതിഫലം ഉണ്ടെന്നും വ്യക്തമാകുന്നു. ഇനിയും കാണുക.

“അവർ (മുൻമത വേദഗ്രന്ഥത്തെ പിൻപറ്റിയവർ) നന്മ ചെയ്താൽ അതിന്റെ പ്രതിഫലം നിഷേധിക്കപ്പെടില്ല.” (3:115).

“മുൻമത വേദക്കാരിൽ വിശ്വാസികളുണ്ട്.” (3:110).

“മുൻമത വേദക്കാരേ, നിങ്ങൾ തൗറാത്തും ഇഞ്ചീലും (മുൻമത വേദ ഗ്രന്ഥങ്ങൾ) അനുസരിച്ച് ജീവിച്ചെങ്കിലേ ദൈവത്തിൽ നിങ്ങൾക്ക് സ്ഥാനമുള്ളൂ.” (5:68)

ഖുർആൻ സന്ദേശങ്ങൾ മതേതരത്വത്തിനും എല്ലാ ദൈവിക മതങ്ങളും സത്യമാണെന്നതിനും തെളിവാണ്. എന്നാൽ സർവമത സത്യവാദ വിരോധികളുടെ വാദം മുൻവേദ ഗ്രന്ഥങ്ങളുടെ അസ്സൽ പതിപ്പ് ഇപ്പോഴില്ലെന്നാണ്. അവരോട് ഒരു മറു ചോദ്യം: അസ്സൽ പതിപ്പ് ഉണ്ടായിരുന്നാൽ സത്യപ്പെടുത്തുമോ? ഞങ്ങളുടെ വാദം അത്രയേയുള്ളൂ. മുൻദൈവിക പ്രവാചകന്മാർ കൊണ്ടു വന്ന വേദഗ്രന്ഥം സത്യമാണ്. പിൽക്കാലങ്ങളിൽ അതിൽ കടന്നു കൂടിയതിനെയും കടത്തിക്കൂട്ടിയതിനെയും നാം സത്യപ്പെടുത്തുന്നില്ല. “വാക്കുകൾ ശ്രദ്ധിച്ചു കേൾക്കുകയും അതിൽ ഉത്തമമായവയെ പിൻപറ്റുകയും ചെയ്യുന്നവരാരോ അവർ സന്മാർഗികളും ബുദ്ധിമാന്മാരുമാകുന്നു.”(39:18).

ഖുർആനിൽ വിശ്വസിക്കുവിൻ എന്ന് മുൻ വേദക്കാരോട് കൽപ്പിച്ചിട്ടുണ്ട്. നാം അവരുടെ വേദഗ്രന്ഥത്തെയും പ്രവാചക

ന്മാരെയും സത്യപ്പെടുത്തുന്നത് പോലെ അവർ ഇങ്ങോട്ടും സത്യപ്പെടുത്തണമെന്നു മാത്രം. അവരുടെ വേദഗ്രന്ഥം ഉപേക്ഷിക്കേണ്ടതില്ല.

മാനുഷിക ഗുണങ്ങളോട് കൂടിയ ഒരു ജീവിതമാണ് യഥാർഥ മതം. ഖുർആൻ പറയുന്നത് ശ്രദ്ധിക്കുക: "നീ നിന്റെ ജീവിതത്തെ നേരായ മാർഗത്തിൽ നിലനിർത്തുക. മനുഷ്യനെ ഏതെല്ലാം ഗുണങ്ങളിന്മേലാണോ ദൈവം സൃഷ്ടിച്ചത്; ആ ഗുണങ്ങളോടെ ജീവിക്കുക. ആ സൃഷ്ടിപ്പിന് ഒരു മാറ്റവും ഇല്ല. അതാണ് യഥാർഥ മതം." (30:30)

മനുഷ്യന്റെ ജീവിതത്തിൽ മതം മാത്രം മതിയാവില്ലല്ലോ. വൈദ്യശാസ്ത്രം, ഗണിതശാസ്ത്രം തുടങ്ങിയ വിഷയങ്ങളിലെ വിജ്ഞാനം ആവശ്യമാണ്. അവ കരസ്ഥമാക്കുവാൻ ആ വിഷയങ്ങൾ ആചാര്യന്മാരിൽ നിന്നും പ്രവാചകന്മാരിൽ നിന്നും നാം പഠിക്കേണ്ടതുണ്ട്.

ഓരോ വേദഗ്രന്ഥത്തിനും നടപടിക്രമവും നിയമസംഹിതയും ഉണ്ട്. ഇതിൽ നടപടിക്രമത്തിൽ മാത്രമാണ് എല്ലാ മതവേദഗ്രന്ഥങ്ങളിലും പൊതുവായ ഐക്യം. നിയമസംഹിതയിൽ ഐക്യമില്ല. ആരാധനാ രൂപത്തിലും ഐക്യമില്ല. നിയമസംഹിതയും ആരാധനാ രൂപവും ദൈവപ്രവാചകന്മാർ മുഖേന മാറ്റങ്ങൾക്ക് വിധേയവുമാണ്. ഖുർആൻ പറയുന്നത് ശ്രദ്ധിക്കുക: "ഓരോ കാലഘട്ടത്തിൽ ഓരോ വേദഗ്രന്ഥമുണ്ട്. അതിൽ ദൈവം ഉദ്ദേശിക്കുന്ന നിയമങ്ങൾ നിലനിർത്തുകയും മറ്റുള്ളവ ദുർബലപ്പെടുത്തുകയും ചെയ്യുന്നു. വേദഗ്രന്ഥത്തിലെ അടിസ്ഥാന നിയമങ്ങൾ മാത്രമാണ് ദൈവത്തിൽ നിലനിൽക്കുക."(13:38)

ഖുർആൻ സന്ദേശ പ്രകാരം മനുഷ്യരെല്ലാം ഒറ്റ സമുദായമായി ജീവിക്കുവാൻ ദൈവം ഉദ്ദേശിച്ചിട്ടില്ലെന്നും പല സമുദായങ്ങളായി ജീവിക്കുവാനാകുന്നു ദൈവോദ്ദേശ്യമെന്നും വ്യക്തമാകുന്നു.

പള്ളി പൊളിച്ച് അമ്പലം പണിയുന്നതും അമ്പലം പൊളിച്ച് പള്ളി പണിയുന്നതും മത സംഘർഷം ഉണ്ടാക്കുകയും മാനവസൗഹാർദം ഇല്ലാതാക്കുകയും ചെയ്യും. സന്യാസീ മഠങ്ങളും ക്രിസ്ത്യൻ പള്ളികളും ജൂതപ്പള്ളികളും മുസ്‌ലിം പള്ളികളും ദൈവനാമം കൂടുതൽ സ്മരിക്കപ്പെടുന്ന ഇടങ്ങളാണെന്ന് ഖുർആൻ (22:40) പ്രസ്താവിച്ചത് നാം ഓർക്കേണ്ടിയിരിക്കുന്നു.

## മുസ്‌ലിം വധൂവരന്മാർ വിവാഹവേദിയിൽ സന്നിഹിതരാകട്ടെ

മുസ്‌ലിം വിവാഹം ഒഴികെ ഇതര സമുദായങ്ങളുടെ വിവാഹ വേദിയിൽ വധൂവരന്മാർ സന്നിഹിതരായാണ് വിവാഹിതരാകുന്നത്. എന്നാൽ മുസ്‌ലിം വിവാഹത്തിൽ മാത്രം വരനും വധുവിന്റെ പിതാവും കൂടി വിവാഹകർമം നടത്തിവരുന്നതായാണ് നാം കണ്ടുവരുന്നത്. മുസ്‌ലിം യുവതികൾ അവരുടെ വിവാഹവേദിയിൽ



സന്നിഹിതരാകുന്നതിന് വല്ല നിയമ തടസ്സവുമുണ്ടോ? ഈ വിഷയത്തിൽ ഖുർആൻ 2:232 ൽ പറയുന്നത് ശ്രദ്ധിക്കുക.

“നല്ല നിലയിൽ പരസ്പരം തൃപ്തിപ്പെട്ട് സ്ത്രീ അരുടെ ഇണയെ വിവാഹം ചെയ്യുന്നതിനെ നിങ്ങൾ തടയരുതെന്ന് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരോട് അല്ലാഹു ഉപദേശിക്കുന്നു. അത് നിങ്ങൾക്ക് സംസ്കാരവും പരിശുദ്ധിയും നേടിത്തരുന്ന നടപടിയാകുന്നു.”

മുസ്‌ലിം വധുവിന് വിവാഹവേദിയിൽ സന്നിഹിതയാകാമെന്നും വിവാഹത്തിൽ വധൂവരന്മാരുടെ സമ്മതവും തൃപ്തിയും ഉണ്ടായിരിക്കണമെന്നും അങ്ങനെയുള്ള വിവാഹം നടത്തിക്കൊടുക്കുകയെന്നതാണ് സംസ്കാരമുള്ളവരുടെ നടപടിയെന്നും മേൽ വചനങ്ങളിൽ നിന്ന് വ്യക്തമാണല്ലോ.

നല്ല നിലയിൽ എന്ന് പറഞ്ഞാൽ അതിൽ ധാരാളം നല്ല വിഷയങ്ങൾ ഉൾപ്പെടും. വിവാഹബന്ധം നിലനിർത്തൽ, ഒരേ കുടുംബസംസ്കാരം, കുടുംബം പുലർത്താനുള്ള കഴിവ്, സ്വകുടുംബങ്ങളെ ഉൾപ്പെടുത്തിയുള്ള വിവാഹം എന്നിവയെല്ലാം വിവാഹത്തിൽ ശ്രദ്ധിക്കേണ്ട പ്രധാന വിഷയങ്ങളാകുന്നു. സ്ത്രീക്ക് വിവാഹം ചെയ്യുന്നതിന് മധ്യവർത്തിയായി ആരുടെ കൈയും വേണമെന്നില്ല. വിവാഹകർമത്തിൽ അവൾക്ക് നേരിട്ട് തന്നെ പങ്കെടുക്കാവുന്നതാണ്. വധൂവരന്മാരുടെ കുടുംബങ്ങളുടെ അടിസ്ഥാനത്തിൽ നടത്തുന്ന വിവാഹമാണ് ഏറ്റവും അഭികാമ്യമായത്. കാരണം, ഏതൊരു പ്രശ്നവും സംസാരിക്കാൻ അതിൽ വേദിയുണ്ടായിരിക്കുന്നതാണ്. രക്ഷാകർത്താക്കൾ നടത്തിക്കൊടുക്കുന്ന വിവാഹത്തിൽ പത്തുപൊരുത്തം ഒത്താലും മനപ്പൊരുത്തംകൂടി ഒക്കേണ്ടതുണ്ട്.

> ഖുർആൻ സന്ദേശപ്രകാരം മനുഷ്യരെല്ലാം ഒറ്റ സമുദായമായി ജീവിക്കുവാൻ ദൈവം ഉദ്ദേശിച്ചിട്ടില്ലെന്നും പല സമുദായങ്ങളായി ജീവിക്കുവാനാകുന്നു ദൈവോദ്ദേശ്യമെന്നും വ്യക്തമാകുന്നു.

വിവാഹത്തിൽ രക്ഷാധികാരികളുടെ സമ്മതം വേണമെന്ന് പറഞ്ഞത് അടിമകൾക്കാണ്. (4:25) അടിമവർഗം ഇപ്പോൾ ഇല്ലല്ലോ. മതപരമായ വിവാഹ രജിസ്റ്ററിൽ വരനെ പോലെ വധുവിനും വിവാഹസമ്മതം രേഖപ്പെടുത്താനുള്ള പ്രത്യേക ഭാഗം ഉണ്ടായിരിക്കേണ്ടതാണ്.

മുസ്‌ലിം സമുദായത്തിൽ പടുകിഴവന്മാരായ അറബികൾക്ക് എട്ടും പൊട്ടും തിരിയാത്ത പെൺകുട്ടികളെ അവരുടെ സമ്മതം കൂടാതെ വിവാഹം ചെയ്തുകൊടുക്കുന്ന സംഭവങ്ങൾ നടക്കുമ്പോൾ അതിനെതിരിൽ പ്രതികരിക്കുവാൻ സമുദായത്തിലെ ഉൽബുദ്ധരായ പൗരന്മാരുടെ മനസ്സാക്ഷി ഉണരേണ്ടിയിരിക്കുന്നു. അത്തരം വിവാഹങ്ങൾ സാധുവാകില്ല. പ്രായപൂർത്തിയായവർ തമ്മിലാണ് വിവാഹവും കരാറും ചെയ്യേണ്ടത്.

മതപരമായ വിവാഹവേദിയിൽ വധുവും വരനും ദൈവനാമത്തിൽ സത്യപ്പെടുത്തി ഇപ്രകാരം പറയണം: “ഞാൻ നിങ്ങളെ (ഭാര്യയായി; ഭർത്താവായി) സ്വീകരിച്ചിരിക്കുന്നു. സന്തോഷത്തിലും സന്താപത്തിലും സമ്പത്തിലും ദാരിദ്ര്യത്തിലും ആരോഗ്യത്തിലും അനാരോഗ്യത്തിലും ഒരുമിച്ച് ജീവിക്കുമെന്ന് ഞാൻ സത്യം ചെയ്യുന്നു.” ഇത് രണ്ട് സാക്ഷികൾ മുഖേന പറയുകയും വിവാഹ സമ്മതം രേഖപ്പെടുത്തുകയും വരൻ വധുവിന് പാരിതോഷികം നൽകുകയും ചെയ്താൽ അത് മതപരമായ വിവാഹമായി. പുതിയൊരു ജീവിതത്തിൽ പ്രവേശിക്കുന്ന വധൂവരന്മാർക്ക് മതപരമായ സദുപദേശങ്ങൾ നൽകുകയും ചെയ്യട്ടെ. അതിന് രക്ഷാകർത്താക്കൾ സാക്ഷിത്വവും ഉത്തരവാദിത്തവും നിർവഹിക്കട്ടെ. ഭാര്യാഭർത്താക്കന്മാർ സന്മാർഗത്തിൽ പരസ്പരം സഹകരിച്ച് ജീവിക്കുകയാണ് ചെയ്യേണ്ടത്.

മുൻവേദ ഗ്രന്ഥ വിശ്വാസികളിൽപ്പെട്ട കുടുംബങ്ങളിൽ നിന്ന് വിവാഹം ചെയ്യുന്നതിന് ഖുർആനിൽ വിരോധമില്ല. (5:5). എന്നാൽ അവരെല്ലാം ഉയർന്ന മതേതര വിശ്വാസികളായിരിക്കണം.

പ്രായപൂർത്തിയായ മുസ്‌ലിം സ്ത്രീക്ക് ഇഷ്ടമുള്ളയാളെ വിവാഹം ചെയ്യാമെന്ന് പാകിസ്ഥാൻ ശരീഅത്ത് കോടതിയും സുപ്രീം കോടതിയും ഒരു കേസിൽ വിധി പറഞ്ഞിട്ടുണ്ട്. പ്രായപൂർത്തിയായ വ്യക്തിക്ക് ആരുടെ കൂടെ ജീവിക്കുവാനും അവകാശമുണ്ടെന്നും മാതാപിതാക്കൾ മക്കളുടെ ക്ഷേമം പരിരക്ഷിക്കേണ്ടത് അവരുടെ താൽപ്പര്യമനുസരിച്ചാകണമെന്നും അലഹബാദ് ഹൈക്കോടതിയും ഒരു കേസിൽ വിധി പറഞ്ഞിട്ടുണ്ട്.

വധൂവരന്മാരുടെ സമ്മതം കൂടാതെ നടത്തുന്ന വിവാഹങ്ങൾക്കെതിരിൽ നിയമ നടപടികൾ സ്വീകരിക്കാവുന്നതാണ്. അടുത്ത ബന്ധുക്കൾ തമ്മിലും മനപ്പൊരുത്തമില്ലാത്തവർ തമ്മിലും നടത്തുന്ന വിവാഹംമൂലം മാനസിക വൈകല്യം ഉണ്ടാകുവാൻ സാധ്യതയുണ്ട്.

സൗന്ദര്യത്തിൽ നൂറ് ശതമാനം പൂർണത ആരിലും ഉണ്ടായിരിക്കില്ല.

⊖

# ശിർക്ക്...

(പേജ് 10 ൽ നിന്ന് തുടർച്ച)

ണമെന്ന് അല്ലാഹു പഠിപ്പിച്ചത് ഉൾക്കൊള്ളുക. (4:82). ഖുർആന്റെ കൽപനകളെ നാം അംഗീകരിച്ചില്ലെങ്കിൽ അല്ലാഹുവിന്റെ ശിക്ഷയ്ക്ക് നാമെല്ലാവരും വിധേയരാകും. പ്രതിഫല ദിവസത്തെപ്പറ്റി ഓർക്കുന്നുണ്ടോ നാം?

നമസ്കാരത്തിൽ സലാം വീട്ടൽ പരിപാടിയുണ്ടല്ലോ. വലത്തോട്ട് ചുമലിലെ റഖീബ് എന്ന മലക്കിനും ഇടത്തോട്ട് അത്തീദ് എന്ന മലക്കിനും ആണെന്നാണ് ഹദീസ് മതം പഠിപ്പിക്കുന്നത്. എന്നാൽ നാമറിയാതെ മുഖം കൊണ്ട് കുരിശ് വരക്കലാണതെന്ന അന്തർ നാടകം മനസ്സിലാക്കാൻ ഹദീസ് ലഹരിയിൽ നമുക്ക് സാധിക്കുന്നില്ല. ഈസാ മസീഹിന്നെതിരെ ഉണ്ടാക്കിയ കുരിശിന്റെ നിർമാതാക്കളും ജൂതരാണല്ലോ. നമസ്കാരം അവസാനിപ്പിക്കേണ്ടത് "അൽഹംദുലില്ലാഹി റബ്ബിൽആലമീൻ'' എന്ന് പറഞ്ഞാണെന്ന് അല്ലാഹു ഖുർആനിൽ പറയുന്നുണ്ട്. (10:10) ഹദീസ് പ്രമാണക്കാരായ പണ്ഡിതർ ഖുർആൻ സത്യങ്ങൾ പറഞ്ഞുതന്നിട്ട് നമുക്ക് സ്വീകരിക്കാമെന്ന് കരുതി കാത്തിരിക്കേണ്ട. (9:34). നിത്യ നമസ്കാരം അല്ലാഹു ഖുർആനിൽ പഠിപ്പിച്ചതുപോലെ നാം നിർവഹിക്കുകയാണെങ്കിൽ ലളിതമാണ്. മനസ്സറിഞ്ഞ് സ്രഷ്ടാവിന് സ്തുതികീർത്തനം ചെയ്ത് നമ്മുടെ കാര്യങ്ങൾ ദൈവത്തിൽ അർപ്പിക്കലാകുന്നു പ്രാർഥന. നമുക്ക് പ്രതിഫലം തരേണ്ടത് അല്ലാഹുവാണ്. പടച്ചതമ്പുരാൻ കൽപിക്കുന്നത് അവന്റെ ഖുർആനിലൂടെയാണ്. ഖുർആൻ സ്വീകരിക്കുന്നവർക്കാകുന്നു സൻമാർഗം. (6:126,153, 17:9, 25:30).

ഖുർആന്റെ ലളിതമനോഹരങ്ങളായ അനുഷ്ഠാനകർമങ്ങളെ വികലമാക്കാനും വികൃതമാക്കാനും ഹദീസുമിർമാണത്തിലൂടെ സാധിച്ചിട്ടുണ്ട്. ഖുർആൻ കൊണ്ട് ഹദീസുകളെ പോസ്റ്റ്മോർട്ടം നടത്തിയാൽ പരിപാവനമായ ഇസ്‌ലാമിനെ സുന്ദരമായി നമുക്ക് ദർശിക്കാൻ സാധിക്കും. മതത്തൊഴിലാളി അല്ലാത്തവർക്ക് ഖുർആന്റെ ഇസ്‌ലാമിനെ പഠിക്കാൻ പ്രയാസമുണ്ടാവില്ല.

ശിർക്ക് സ്ഥാപിക്കലാണ് ഹദീസുകളുടെ ലക്ഷ്യം. ശിർക്കിന്റെ അംശം നമ്മുടെ വിശ്വാസങ്ങളിലോ പ്രവൃത്തികളിലോ വന്നുപോയാൽ സകലകർമങ്ങളും നൻമകളും ഫലമില്ലാതായിപ്പോകുമെന്ന് അല്ലാഹു ഖുർആനിലൂടെ താക്കീത് ചെയ്യുന്നുണ്ട്. (39:65). ശിർക്ക് ചെയ്യാത്ത ആൾക്കാരുടെ മറ്റു പാപങ്ങൾ പൊറുത്തു കൊടുക്കുമെന്നും പറയുന്നുണ്ട്. (4:48,116). ശിർക്ക് ചെയ്തവർക്ക് സ്വർഗം നിരോധിച്ചതാണ് എന്നുകൂടി ഖുർആനിൽ പറയുന്നു. അപ്പോൾ ശിർക്കെന്ന മഹാപാപത്തെ ഭയക്കേണ്ടതില്ലേ? ശാശ്വതമായി പരലോക ജീവിതം നഷ്ടപ്പെട്ടുപോയാൽ ഒരിക്കലും തിരിച്ചുകിട്ടില്ല എന്ന് നാം മനസ്സിലാക്കണം. ശിർക്കിന്റെ ഭീകരമായ അക്രമങ്ങളിൽ നിന്ന് രക്ഷനേടാൻ നമുക്കുള്ള മാനദണ്ഡം ഖുർആൻ മാത്രമാവണം. ഈ ലോകത്ത് നിന്ന് നാം എല്ലാവരും വിടപറയേണ്ടവരാണ്. ഏതൊരാൾക്കും ഒരു സംശയവുമില്ലാത്ത ഒരേ ഒരു സംഭവമാണ് മരണം. മരിക്കുന്നതിന് മുമ്പ് നാം സൻമനസ്സോടെ ചെയ്യുന്ന കർമങ്ങൾക്കാകുന്നു പടച്ചവൻ പ്രതിഫലം നൽകുന്നത്. അവരവർ ചെയ്ത കർമങ്ങൾക്കുള്ള പ്രതിഫലം ന്യായമായും അവരവർക്ക് തന്നെയാകുന്നു. ഖുർആൻ മരണശേഷം മയ്യിത്തിന് വേണ്ടിയുള്ള നമസ്കാരം കൽപിക്കുന്നില്ല. അവനവന്റെ കർമം കൊണ്ടല്ലാതെ ചുളുവിലൂടെ പ്രാർഥനകൊണ്ട് രക്ഷപ്പെടാൻ സാധ്യമല്ല.

ദുരാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും നിർമാർജനം ചെയ്യണമെന്നും അതുമായി സഹകരിക്കരുതെന്നും നാഴികക്ക് 40 വട്ടം പറഞ്ഞു നടക്കുന്നവരാണ് മുജാഹിദ്-ജമാഅത്ത്-അഹമ്മദിയാ പ്രസ്ഥാനക്കാർ. എന്നാൽ മുഹമ്മദ് നബിയെപ്പോലും അന്ധവിശ്വാസങ്ങളുടെ അടിമയായാണ് അവരുടെ ഹദീസുകളിൽ ചിത്രീകരിച്ചത്. സുപ്രധാന ഖുർആൻ വചനങ്ങളുടെ വിവരണങ്ങളൊന്നും ഹദീസുകളിൽ വിവരിക്കാതെ ഖുർആന്റെ വിശദീകരണങ്ങളാണ് ഹദീസുകൾ എന്ന് വിശ്വസിക്കുന്നതിൽ വല്ല അടിസ്ഥാനവുമുണ്ടോ? ആറായിരത്തിൽപരം വചനങ്ങളടങ്ങിയതാണ് ഖുർആൻ. എന്നാൽ കേവലം അഞ്ഞൂറോളം ഖുർആൻ വചനങ്ങളെയാണ് ഹദീസ് ഭാണ്ഡങ്ങളിൽ പ്രതിപാദിക്കുന്നതെന്ന യാഥാർഥ്യം (അതും വികലമായി) ആരെങ്കിലും മനസ്സിലാക്കുന്നുണ്ടോ? അതുകൊണ്ട് അല്ലാഹു പറഞ്ഞതുപോലെ ഖുർആനെ നേർക്ക് നേരെ പഠിക്കുക; ചിന്തിക്കുക. നമ്മുടെ പരലോക ജീവിതം സുഖമമാക്കാൻ ഖുർആനിൽ പറഞ്ഞ മതവിഷയങ്ങൾ മാത്രം ജീവിതത്തിൽ പകർത്തുക. ഹദീസുകളുടെ നീരാളിപ്പിടിത്തത്തിൽ നിന്ന് മോചിതനായി ഖുർആന്റെ യാഥാർഥ്യങ്ങളിലേക്ക് മടങ്ങുക. ⊖

ഖുർആനിൽ ഹജ്ജിനുള്ള സ്ഥാനവും രൂപവും 9

# മസ്ജിദുൽ ഹറാമിലെ നമസ്കാരത്തിന് പുണ്യം കൂടുതലില്ല



മൗലവി ചേകനൂർ

മദീനത്തെ പള്ളിയിൽ വച്ചുള്ള നമസ്കാരത്തിന് 1000 ഇരട്ടി കൂലിയുണ്ടെന്നും മക്കത്തെ മസ്ജിദുൽ ഹറാമിൽ വച്ചാണെങ്കിൽ അതിന് ഒരു ലക്ഷമാണ് കൂലിയെന്നുമൊക്കെയാണ് അബൂ ഹുറയ്റാ കമ്പനിക്കാർ പ്രചരിപ്പിച്ച കള്ള ഹദീസുകളിലുള്ളത്. അഹ്മദ്, ഇബ്നു ഹിബ്ബാൻ, ഇബ്നുഖുസൈമ, ത്വബറാനി, ബൈഹഖീ മുതലായ വാറോലക്കാർ അതൊക്കെ നിവേദനം ചെയ്തിട്ടുമുണ്ട്. ലക്ഷത്തിന്റെ കണക്ക് പൊതുവെ എല്ലാവർക്കും അറിയില്ലെങ്കിലും 70,000 ഇരട്ടി കൂലി കിട്ടുമെന്ന വിശ്വാസം മുസ്ലിം സാധാരണക്കാർക്ക് പൊതുവെയുള്ളതാണ്. അതുകൊണ്ട് തന്നെ ആദ്യകാലങ്ങളിൽ നഷ്ടപ്പെട്ടുപോയ നമസ്കാരങ്ങൾക്ക് പകരമായി മസ്ജിദുൽ ഹറാമിൽ വച്ച് കുറച്ചങ്ങ് നമസ്കരിക്കണമെന്ന ലക്ഷ്യത്തോടെ ഹജ്ജിന് പോകുന്നവർ നമുക്കിടയിൽ ധാരാളമുണ്ട്. എന്നാൽ മേൽപ്പറഞ്ഞ വിശ്വാസവും സങ്കൽപ്പവുമെല്ലാം കേവലം വിഡ്ഢിത്തവും ഖുർആൻ വിരുദ്ധവുമാണെന്നാണ് നമുക്ക് പറയാനുള്ളത്. കാരണം നമസ്കാരത്തിന് 10 ഇരട്ടി കൂലിയുണ്ടെന്ന് 6:161 ലൂടെ ഖുർആൻ വ്യക്തമാക്കിയതല്ലാതെ എപ്പോഴെങ്കിലും, എവിടെയെങ്കിലും അതിന് 11 ഇരട്ടിയുണ്ടെന്ന് പോലും ഖുർആൻ സൂചിപ്പിച്ചിട്ടേയില്ല. എന്നിട്ടാണോ എഴുപതിനായിരവും ലക്ഷവുമൊക്കെ അതിന് പ്രതിഫലമുണ്ടെന്ന് ജൂതനായ അബൂ ഹുറയ്റയും കൂട്ടുകാരും പറഞ്ഞാലത് വിശ്വസിക്കാൻ കൊള്ളുക? ഹജ്ജ് ചെയ്യാൻ മക്കത്ത് ചെല്ലുന്നവരെ മുഴുവൻ നമസ്കാര ഭ്രാന്തരാക്കി മാറ്റാനും അതുവഴി ഹജ്ജ് സീസണിൽ അല്ലാഹു അനുവദിച്ച ഫലവത്തായ കച്ചവടങ്ങളെന്തെങ്കിലും നടത്തി നല്ല നിലയിൽ സമ്പാദിക്കുന്നത് പൂർണമായും തടയാനും അബൂ ഹുറയ്റയും കൂട്ടുകാരും കൂടി മനഃപൂർവം കെട്ടിപ്രചരിപ്പിച്ച കള്ളഹദീസുകളാണതൊക്കെ. അതുകൊണ്ടും പോരാഞ്ഞാണ് മൂന്നാമത്തെ പള്ളിയായ ജൂതരുടെ ബൈത്തുൽ മുഖദ്ദസിലേക്ക് പോവാൻ കൂടി നബി പ്രോത്സാഹിപ്പിച്ചിട്ടുണ്ടെന്ന് ബുഖാരി, മുസ്ലിമിന്റെ ഹദീസിലൂടെ ജൂതനായ അബൂ ഹുറയ്റ മുസ്ലിംകളെ ഉപദേശിച്ചത്. അതായത് മക്കയിലും മദീനയിലും പോയി നമസ്കാരാദി ഇബാദത്തുകൾ പൂർത്തിയാക്കിയ ശേഷം പിന്നെയും പണം ബാക്കിയുണ്ടെങ്കിൽ അതുകൂടി തുലച്ചിട്ടല്ലാതെ ഒരു ഹാജിയും നാട്ടിലേക്ക് മടങ്ങരുതെന്ന ദുഷ്ടബുദ്ധിയോടെ അബൂ ഹുറയ്റ ആസൂത്രണം ചെയ്തുണ്ടാക്കിയ കള്ള ഹദീസാണത്. പക്ഷേ പലവിധ കാരണങ്ങളാലും ആ ഉപദേശം മുസ്ലിംകളിൽ വേണ്ടത്ര വിലപ്പോയില്ലെന്ന് മാത്രം.

## അല്ലാഹുവിന്റെ മഹത്തായ നീതിവ്യവസ്ഥ

അബൂ ഹുറയ്റാ കമ്പനിക്കാർ പറയും പ്രകാരം മസ്ജിദുൽ ഹറാമിലും മറ്റും നമസ്കരിക്കുന്നതിന് ലക്ഷം ഇരട്ടി കൂലി വർധിപ്പിച്ചുകൊടുക്കുമെന്ന് പറഞ്ഞാൽ അല്ലാഹുവിന്റെ വ്യവസ്ഥിതിയിലെ ഏറ്റവും വലിയ ഒരനീതിയാണതെന്ന് പറയേണ്ടി വരും. അതെന്തു കൊണ്ടെന്നാൽ മക്കക്കാർക്ക് മക്കത്തെ പള്ളിയിൽ നിത്യവും പോയി നമസ്കരിക്കുക

എന്നത് വലിയ പ്രയാസമുള്ള കാര്യമൊന്നുമല്ല. നേരെ മറിച്ച് നമ്മളെ പോലുള്ള വിദേശികൾക്ക തൊരു കാലത്തും പ്രായോഗികമ ല്ലല്ലോ. എന്നിരിക്കെ, മക്കക്കാർ നമസ്കരിക്കുമ്പോലെ -അല്ലെ ങ്കിൽ അതിനേക്കാൾ ഭയഭക്തി യോടെ- നാം നമസ്കരിച്ചാൽ പോലും നമസ്കരിച്ച സ്ഥലം മാറി പ്പോയി എന്ന ഏക കാരണ ത്താൽ അവർക്ക് ലക്ഷം ഇരട്ടി കൂലി കൊടുക്കുമ്പോൾ നമുക്കത് വെറും 10 ഇരട്ടി മാത്രമാക്കുന്നത് ഏത് തരത്തിലാണ് നീതിയായി ത്തീരുക? അവർക്ക് പകരം നമ്മളെ മക്കയിൽ ജനിപ്പിക്കാത്ത തിന്റെ ഉത്തരവാദി നാമാണോ? ഇവിടെ ജനിച്ച നാം മക്കയിലാണ് ജനിച്ചിരുന്നതെങ്കിൽ എല്ലാ ദിവ സവും മക്കത്തെ പള്ളിയിൽ തന്നെ നമസ്കരിക്കാൻ നമുക്കും ശ്രമിക്കാമായിരുന്നില്ലേ? അപ്പോൾ നമ്മുടേതല്ലാത്ത കാരണത്താൽ നാം നിർവഹിച്ച അതേ പുണ്യ കർമത്തിന് കൂലി കുറക്കുന്നത് ഒരിക്കലും നീതിയാവില്ല. അല്ലാഹു വിന്റെ ഖുർആനിൽ അത്തരം നീതികേട് കണ്ടെത്താൻ സാധ്യ വുമല്ല.

ആകയാൽ മക്കത്തോ മദീ നത്തോ നമസ്കരിച്ചാൽ അതിന് വർധിച്ച കൂലി ലഭിക്കുമെന്നോ അവിടങ്ങളിൽ പ്രാർഥിച്ചാൽ അതി ന്നുത്തരം കിട്ടുമെന്നോ പറയു ന്നത് ഖുർആന്റെ ദൃഷ്ടിയിൽ നീതിയോ ന്യായമോ അല്ല. അങ്ങ നെയുള്ള വ്യത്യാസങ്ങളുണ്ടെന്ന് ഖുർആനൊരിക്കലും സൂചിപ്പിച്ചിട്ടു മില്ല. അല്ലാഹുവിന്റെ പരിപാവന മായ നീതിവ്യവസ്ഥയിൽ അത്ത രം പക്ഷപാതിത്വവും ഇരട്ടത്താപ്പ് നയവും ഒരിടത്തും കാണപ്പെടുന്ന തുമല്ല. അപ്പോൾ സ്വാർഥികളായ പുരോഹിതവർഗം അവരുടെ മത ക്കച്ചവടം പുഷ്ടിപ്പെടുത്താൻ മേൽപറഞ്ഞ തരത്തിലുള്ള അനീ തികളിൽ മുസ്‌ലിംകളെ അന്ധ

നമ്മുടേതല്ലാത്ത കാര ണത്താൽ നാം നിർവ ഹിച്ച അതേ പുണ്യ കർമത്തിന് കൂലി കുറ ക്കുന്നത് ഒരിക്കലും നീതിയാവില്ല. അല്ലാഹു വിന്റെ ഖുർആനിൽ അത്തരം നീതികേട് കണ്ടെത്താൻ സാധ്യവു മല്ല.

മായി വിശ്വസിപ്പിച്ചെന്ന് മാത്രം.

## മസ്ജിദുൽ ഹറാമിൽ നമസ്കാരം വർധിപ്പിക്കുന്നത് തനി ദുരാചാരം


നമസ്കാരത്തിന് നിശ്ചിത പരിധിയും സമയവുമൊക്കെയു ണ്ടെന്ന് 4:103 ൽ ഖുർആൻ വ്യക്ത മാക്കിയതാണ്. എന്നിരിക്കുമ്പോൾ ഹജ്ജിന് ചെല്ലുന്നവരെല്ലാം മസ്ജിദുൽ ഹറാമിൽ പോയി കഴി യുന്നിടത്തോളം നമസ്കാരം വർധിപ്പിക്കാൻ പാടുപെടുന്നത് അവരുടെ അജ്ഞതകൊണ്ടും അന്ധവിശ്വാസംകൊണ്ടും മാത്ര മാണെന്നും ഖുർആൻ കൽപ്പിച്ച നമസ്കാരമല്ലാതെ ഒറ്റ റക്അത്തും അവിടെവെച്ച് വർധിപ്പി ക്കാനാർക്കും പാടില്ലെന്നും അതെല്ലാം ഖുർആനെ മറികടന്ന് ചെയ്യുന്ന കേവല ദുരാചാരങ്ങളാ ണെന്നും നാമെല്ലാം വ്യക്തമായും മനസ്സിലാക്കേണ്ടതുണ്ട്. നബിയേ ക്കാളും സഹാബിമാരേക്കാളും മുന്തിയ ഭക്തരും നമസ്കാര ക്കാരും മുസ്‌ലിം ലോകത്തുണ്ടാ യിട്ടില്ലെന്ന് നാമെല്ലാം സമ്മതിക്കു ന്നുണ്ടല്ലോ. എന്നിരിക്കെ, അവ രാരും ഹജ്ജിന് പോയപ്പോൾ ചെയ്യാത്തൊരു സ്പെഷ്യൽ നമ സ്കാരം (എല്ലാവരും കഴിയുന്നത്ര സുന്നത്ത് നമസ്കരിക്കുക എന്ന ത്) ജൂതമുനാഫിഖും നമസ്കാര ഭ്രാന്തനുമായ അബൂ ഹുറയ്റയും താവഴിക്കാരും കൂടി അവിടെ സമ്പ്രദായമാക്കിയെങ്കിൽ അതൊന്നും വിലവയ്ക്കേണ്ട ആവശ്യം മുസ്‌ലിംകൾക്കില്ല. നാട്ടിൽ വെച്ചുള്ള നമസ്കാരത്തേ ക്കാൾ അണുവോളം കൂലി വർധന മസ്ജിദുൽ ഹറാമിൽ വെച്ചുള്ള നമസ്കാരത്തിനില്ലെന്ന് ഖുർആൻകൊണ്ട് തെളിഞ്ഞ സ്ഥിതിക്ക് വിശേഷിച്ചും.

## ഒരു പ്രധാന സംശയം

മസ്ജിദുൽ ഹറാമിൽ വെച്ചുള്ള നമസ്കാരത്തിന് കൂലി വർധനയുണ്ടെന്ന് സങ്കൽപിക്കു ന്നത് അനീതിയാണെന്നും അത് ഖുർആനെതിരാണെന്നുമൊക്കെ യാണല്ലോ മേൽ സമർഥിച്ചത്. ''അങ്ങനെയാണെങ്കിൽ മക്ക യിലും പരിസരത്തുമുള്ളവർക്ക് സൗകര്യപ്പെടുമാറുള്ള ഒരു ഹജ്ജേജർപ്പെടുത്തുക വഴി അവർക്കെല്ലാം ഹജ്ജിന്റെ പുണ്യം കരസ്ഥമാക്കാനിടയാ യതും അതേസമയം വിദൂര സ്ഥർക്കാ സൗകര്യമില്ലാത്തതി നാൽ അവർക്ക് പൊതുവെ ഹജ്ജിന്റെ പുണ്യം നേടാനാവസ രമില്ലാതാക്കിയതുമൊക്കെ തിക ച്ചും അനീതിയാണെന്ന് പറയേണ്ടി വരില്ലേ? അതിനാൽ മക്കത്ത് പോയി ഹജ്ജ് ചെയ്യുന്നവർക്ക് പ്രത്യേക കൂലി നൽകുന്നതുപോ ലെത്തന്നെയാണ് മക്കത്ത് പോയി നമസ്കരിക്കുന്നവർക്ക് പ്രത്യേക കൂലി നൽകുന്നതും. അപ്പോൾ അതിലൊന്നും ഒരനീതിയും ആർക്കും ആരോപിക്കാനില്ല.'' ഇതാണ് പുരോഹിതർക്ക് പറയാ നുണ്ടാവുക.

## മറുപടി

മക്കയിലും പരിസരത്തുമു ള്ളവരെല്ലാം ഹജ്ജ് ചെയ്യുമ്പോൾ അതിലൊന്നും പങ്കെടുക്കാനാ വാത്ത വിദൂരസ്ഥർക്ക് ഹജ്ജിനേ ക്കാൾ 70 ഇരട്ടി കൂലിയുള്ള ഏറ്റവും മുന്തിയ പുണ്യകർമം



അല്ലാഹു ചൂണ്ടിക്കാട്ടിക്കൊടുത്തിട്ടുണ്ട്. അത് മറ്റൊന്നുമല്ല. അധ്വാനിച്ചു കുടുംബം പോറ്റൽ, അവശരെ സഹായിക്കൽ മുതലായവയാണത്. അതുകൊണ്ടാണ് കുടുംബങ്ങളുടെയും മറ്റും ദാരിദ്ര്യവും അവശതയും പരിഹരിക്കാതെ ഹജ്ജിന് പണം ചെലവാക്കാൻ പാടില്ലെന്ന് 2:215ലൂടെയും മറ്റും മുമ്പ് നാം സമർഥിച്ചത്. ഹജ്ജിനിടയിൽ കച്ചവടം ചെയ്ത് പണം സമ്പാദിക്കാൻ ശ്രമിക്കണമെന്ന് ഖുർആൻ സൂചിപ്പിക്കാൻ കാരണവും അത് തന്നെയാണ്. അപ്പോൾ മക്കക്കാർക്ക് ഒരു പ്രയാസവും കൂടാതെ ഹജ്ജിന്റെ പുണ്യം നേടാനാവുന്നതിലും വിദൂരസ്ഥരിൽ ഭൂരിഭാഗത്തിനും അത് സാധിക്കാതെ വരുന്നതിലും ആരും വേവലാതിപ്പെടേണ്ടതില്ല. ഹജ്ജ് ചെയ്യാൻ ഭാഗ്യം സിദ്ധിച്ചവരാണ് മുസ്‌ലിംകളിലെ പുണ്യവാന്മാരെന്ന് ആരും തെറ്റിദ്ധരിക്കുകയും വേണ്ട. മുസ്‌ലിംകളിലെ ഏറ്റവും മുന്തിയ പുണ്യവാന്മാർ ഒരു ഹജ്ജും ചെയ്യാതെ, ഹിജ്റ ഒമ്പതാം വർഷത്തിന് മുമ്പ് മരിച്ചുപോയ ബദ്‌രീങ്ങൾ, ഉഹ്ദീങ്ങൾ മുതലായ മുഹാജിറുകളും അൻസാറുകളും മറ്റുമാണെന്ന ഖുർആനിലെ മഹത്തായ സത്യം നാമെപ്പോഴും ഓർക്കേണ്ടതാണ്.

ചുരുക്കത്തിൽ, എല്ലാവരോടും നിർബന്ധപൂർവം നമസ്കരിക്കാൻ കൽപ്പിക്കുകയും എന്നിട്ടാ നമസ്കാരത്തിന് രണ്ട് തരത്തിൽ പ്രതിഫലം നൽകുകയും ചെയ്യുന്നത് അല്ലാഹുവിന്റെ മഹത്തായ നീതിവ്യവസ്ഥക്കൊരിക്കലും യോജിച്ചതാവില്ലെന്ന കാര്യത്തിൽ ആർക്കും തർക്കിക്കാനവകാശമില്ല.

> ഹജ്ജ് ചെയ്യാൻ ഭാഗ്യം സിദ്ധിച്ചവരാണ് മുസ്‌ലിംകളിലെ പുണ്യവാന്മാരെന്ന് ആരും തെറ്റിദ്ധരിക്കണ്ട. മുസ്‌ലിംകളിലെ ഏറ്റവും മുന്തിയ പുണ്യവാന്മാർ ഒരു ഹജ്ജും ചെയ്യാതെ ഹിജ്റ ഒമ്പതാം വർഷത്തിന് മുമ്പ് മരിച്ചുപോയ ബദ്‌രീങ്ങൾ, ഉഹ്ദീങ്ങൾ മുതലായ മുഹാജിറുകളും അൻസാറുകളും മറ്റുമാണെന്ന ഖുർആനിലെ മഹത്തായ സത്യം നാമെപ്പോഴും ഓർക്കേണ്ടതാണ്.

### പുരോഹിത വർഗം ഏകോപിച്ചു ചെയ്ത കപടത്തരം

നബി ജീവിതത്തിലാകെ നിർവഹിച്ചത് ഒരേ ഒരു ഹജ്ജ് മാത്രമാണല്ലോ. ഹജ്ജത്തുൽ വദാഅ് എന്നാണതിന് പുരോഹിതർ പേരിട്ടിരിക്കുന്നത്. പുരോഹിത വർഗത്തിന്റെ ഏകകണ്ഠമായ കപടത്തരമാണത്. അതല്ലായിരുന്നുവെങ്കിൽ 'ഹജ്ജത്തുന്നബി' എന്ന് മാത്രമേ അവർ പേര് പറയേണ്ടിയിരുന്നുള്ളൂ. അങ്ങനെ പറഞ്ഞിരുന്നെങ്കിൽ നബി ആകെ ഒരു ഹജ്ജേ ചെയ്തിട്ടുള്ളൂവെന്ന സത്യം സമുദായത്തിൽ പരക്കെ പ്രചാരമത്തിലാവുകയും ചെയ്യുമായിരുന്നു. പക്ഷേ, ഹജ്ജ് കച്ചവടക്കാരായ പുരോഹിത വർഗത്തിന്റെ ലക്ഷ്യം നബി ഒന്നിലധികം ഹജ്ജ് ചെയ്തിട്ടുണ്ടെന്ന് സമുദായത്തെ മുഴുവൻ തെറ്റിദ്ധരിപ്പിക്കലാണ്. 'ഹജ്ജത്തുന്നബി' എന്ന് പറയാതെ, 'ഹജ്ജത്തുൽ വദാഅ്' എന്നു പറഞ്ഞാൽ സകലരും അങ്ങനെ തെറ്റിദ്ധരിക്കുകയും ചെയ്യും. കാരണം, ഹജ്ജത്തുൽ വദാഇന്റെ അർഥം യാത്ര ചൊല്ലി പിരിഞ്ഞ ഹജ്ജെന്നാണല്ലോ. അപ്പോൾ അത് കേട്ടാൽ തോന്നുക അതിനുമുമ്പ് യാത്ര ചൊല്ലി പിരിയാതെയുള്ള കുറേ

നബി ഒരു ഹജ്ജേ ചെയ്തുള്ളൂവെന്ന സത്യം സകല പുരോഹിതരും സമ്മതിച്ചതാണ്. എന്നിരിക്കെ, ആ സത്യം വ്യക്തമാക്കുന്നതും അന്തസ്സുള്ളതുമായ 'ഹജ്ജത്തുന്നബി' എന്ന പേര് അവരാരും പ്രചാരത്തിലാക്കാതിരുന്നതും 'ഹജ്ജത്തുൽ വദാഅ്' എന്ന കപട നാമം മാത്രം ഏകകണ്ഠമായി പ്രചരിപ്പിച്ചതും അവരെല്ലാം ആ വിഷയത്തിൽ തനി കപടന്മാരാണെന്നതിന്റെ ഏറ്റവും മുന്തിയ ദൃഷ്ടാന്തമാണ്.

ഹജ്ജ് നബി ചെയ്തിട്ടുണ്ടെന്നല്ലേ? വാസ്തവത്തിൽ നബി ഒരു ഹജ്ജ് മാത്രമേ ചെയ്തിട്ടുള്ളൂവെന്ന സത്യം സകല പുരോഹിതരും സമ്മതിച്ചതാണ്. എന്നിരിക്കെ, ആ സത്യം വ്യക്തമാക്കുന്നതും അന്തസ്സുള്ളതുമായ 'ഹജ്ജത്തുന്നബി' എന്ന പേര് അവരാരും പ്രചാരത്തിലാക്കാതിരുന്നതും 'ഹജ്ജത്തുൽ വദാഅ്' എന്ന കപടനാമം മാത്രം ഏകകണ്ഠമായി പ്രചരിപ്പിച്ചതും അവരെല്ലാം ആ വിഷയത്തിൽ തനി കപടന്മാരാണെന്നതിന്റെ ഏറ്റവും മുന്തിയ ദൃഷ്ടാന്തമാണ്. നബി തീരെ ചെയ്തിട്ടില്ലാത്ത സുന്നത്ത് ഹജ്ജ് എല്ലാ മുസ്ലിംകളും ചെയ്യൽ സുന്നത്താണെന്ന് അവർ ഏകകണ്ഠമായി പ്രഖ്യാപിക്കുമ്പോൾ വിശേഷിച്ചും.

## ഹജറുൽ അസ്വദിനെപ്പറ്റി അല്പം കൂടി


## ബുഖാരിയും മുസ്ലിമും സത്യത്തിൽ അസത്യം ചേർക്കുന്നത് കാണുക

നബി ചെയ്ത ഏക ഹജ്ജിൽ ഹജറുൽ അസ്വദിന്റെയവിടെ ചെല്ലുമ്പോൾ നബി എന്ത് ചെയ്യുന്നു എന്ന് പരിശോധിക്കാനായി നബിയുടെ കൂടെ നടന്ന പ്രധാന സഹാബിയായിരുന്നു ഹസ്രത്ത് ഇബ്നു അബ്ബാസ്. അങ്ങനെ അദ്ദേഹമത് വ്യക്തമാക്കിത്തരികയും ചെയ്തു. അതായത് ഇബ്നു അബ്ബാസ് പറയുകയാണ്: ''നബിയുടെ ഹജ്ജിൽ ഓരോ ത്വവാഫും ആരംഭിക്കുമ്പോൾ നബി തന്റെ കൈയിലുണ്ടായിരുന്ന വടികൊണ്ട് ഹജറുൽ അസ്വദ് തൊടാറുണ്ട്". ഇബ്നു അബ്ബാസിൽ നിന്ന് ബുഖാരിയും മുസ്ലിമും മറ്റും ഏകോപിച്ച് നിവേദനം ചെയ്ത ഹദീസാണിത്. അപ്പോൾ നബി ഹജറുൽ അസ്വദ് തീരെ ചുംബിച്ചിട്ടില്ലെന്ന് മാത്രമല്ല, കൈകൊണ്ട് തൊടുക പോലും ചെയ്തിട്ടില്ലെന്ന് പ്രസ്തുത ഹദീസ് മുഖേന ഹസ്രത്ത് ഇബ്നു അബ്ബാസ് വേണ്ടത്ര വ്യക്തമാക്കിത്തന്നു. അത് തികച്ചും സത്യമായിരിക്കുമെന്ന് നമുക്കും സമ്മതിക്കാം. എന്നാൽ ബുഖാരിയും മുസ്ലിമും ഇനി ആ സത്യം കലക്കാൻ പോവുകയാണ്. അതെങ്ങനെ എന്ന് കാണുക. അബൂ ഹുറയ്റ കമ്പനിക്കാരുടെ പരമ്പരയിലൂടെ ബുഖാരിയും മുസ്ലിമും പിന്നീട് നിവേദനം ചെയ്തു; നബി ഹജറുൽ അസ്വദ് തൊട്ടശേഷം ആ കൈ ചുംബിക്കാറുണ്ടെന്ന്. പോരേ! ഹജറുൽ അസ്വദിന്മേൽ വടികൊണ്ട് തൊട്ടശേഷം നബി ആ വടി ചുംബിക്കാറുണ്ടെന്ന് മുസ്ലിം വീണ്ടും നിവേദനം ചെയ്യുന്നു. 'ഇലനക്കിയുടെ ചിറിനക്കി' എന്നു പറയുമ്പോലെയല്ലേ ഇത്. ഇത്രയും കടുത്ത അസംബന്ധം പറഞ്ഞുണ്ടാക്കാൻ തനി ജൂതർക്കല്ലാതെ ധൈര്യം വരുമോ? ഹജറുൽ അസ്വദ് നബി തൊടുകപോലും ചെയ്തിട്ടില്ലെന്ന് സ്ഥാപിക്കാൻ പറ്റിയ ഹദീസ് ആദ്യം നിവേദനം ചെയ്ത ശേഷമാണ് ഹജറുൽ അസ്വദ് തൊട്ട വടി പോലും നബി ചുംബിച്ചു എന്ന അസംബന്ധം കെട്ടിപ്പറഞ്ഞിരിക്കുന്നത്. നുണപറയാനുള്ള നെഞ്ചൂക്ക് കണ്ടോ!

ഇനിയും കാണുക. സഈദുബ്നുമൻസൂർ നിവേദനം ചെയ്യുന്നു: “അബൂ ഹുറയ്റയും മറ്റും ഹജറുൽ അസ്വദ് തൊട്ട ശേഷം അവരുടെ കൈകൾ അവർ ചുംബിക്കാറുണ്ട്. അപ്പോൾ ആരോ ഒരാൾ ചോദിച്ചു; ഇബ്നു അബ്ബാസും ചുംബിക്കാറുണ്ടോ എന്ന്. ഉടനെ അബൂ ഹുറയ്റയുടെ ശിഷ്യൻ അത്വാഅ് പറഞ്ഞു; ഹോ! അദ്ദേഹമത് ധാരാളം ചെയ്യാറുണ്ട്.'' നോക്കണം, ഇത്തരം ജൂതാസുകളാണ് ഹദീസ് ലോകത്തിലെ ഏറ്റവും മുന്തിയ ഇമാമുകളായി വാഴ്ത്തപ്പെടുന്ന വാറോല പ്രമാണിമാർ. ചുരുക്കത്തിൽ ഹജറുൽ അസ്വദ് ചുംബിക്കാറില്ലെന്ന് മാത്രമല്ല, നബിയുടെ കൈകൊണ്ട് അത് തൊടുകപോലും ചെയ്യാറില്ലെന്ന് ഹസ്രത്ത് ഇബ്നു അബ്ബാസ് തന്റെ മുത്തഫഖ് അലൈഹിയായ ഹദീസിലൂടെ വ്യക്തമാക്കിയ സ്ഥാനത്താണ് “ഹജറുൽ അസ്വദ് തൊട്ട വടിയുടെ മൂട് പോലും ചുംബിക്കലായിരുന്നു നബിയുടെ തൊഴിലെ”ന്ന് ആ ദജ്ജാലുക്കൾ പറഞ്ഞു പ്രചരിപ്പിച്ചത്.

## 10,000 ദൃക്സാക്ഷികളുണ്ടായിട്ടും നബി നിർവഹിച്ച ഏക ഹജ്ജ് ഏത് രൂപത്തിലായിരുന്നുവെന്ന് തെളിയിക്കാൻ അഹ്ലുൽ ഹദീസുകാർക്ക് പറ്റിയില്ല

ഹജ്ജ് കർമങ്ങൾ വിവരിക്കാൻ അഹ്ലുൽ ഹദീസുകാർ രേഖപ്പെടുത്തിവെച്ച ഒറ്റ ഹദീസും



വിശ്വസിക്കാൻ കൊള്ളില്ലെന്ന തിന്റെ ഏറ്റവും മുന്തിയ ദൃഷ്ടാന്ത മാണ് മുകളിലുദ്ധരിച്ചത്. "നബി യുടെ ഹദീസുകളഖിലവും വള്ളി പുള്ളി തെറ്റാതെ സമാഹരി ച്ചെഴുതിവെച്ചു" എന്നവകാശപ്പെ ടുന്ന അഹ്‌ലുൽ ഹദീസു കാർക്കാർക്കും തന്നെ നബി നിർവഹിച്ച ഏക ഹജ്ജ് മൊത്ത ത്തിൽ ഏത് രൂപത്തിലായിരുന്നു വെന്നെങ്കിലും സംശയരഹിത മായി തെളിയിക്കാൻ പറ്റിയ ഒരു ഹദീസും രേഖപ്പെടുത്തിവെക്കാൻ കഴിഞ്ഞില്ലെന്ന അൽഭുതകരമായ ചരിത്രസത്യമാണിവിടെ തെളിയി ക്കാൻ പോകുന്നത്. അത് ശരിക്കും തെളിയുന്ന പക്ഷം നബി യുടെ ഒരു ചര്യയും ശരിയായ രൂപ ത്തിൽ – സംശയമറ്റ നിലയിൽ – രേഖപ്പെടുത്തി വെക്കാൻ അഹ്‌ലുൽ ഹദീസുകാർക്ക് കഴി ഞ്ഞിട്ടില്ലെന്നതിന്റെ ഏറ്റലും വലിയ ദൃഷ്ടാന്തമായിത്തീരുമെന്ന തിൽ സംശയമില്ലല്ലോ. അതു കൊണ്ട് താഴെ നിരത്തിവെക്കുന്ന തെളിവുകൾ ശ്രദ്ധാപൂർവം വായി ക്കുക.

ഹജ്ജ് നിർവഹിക്കുന്നതിന് ആകെ മൂന്ന് രൂപമാണുള്ളത്

1. ഹജ്ജും ഉംറയും ഒന്നിച്ചു നിർവഹിക്കുക. ഇതിനു 'ഖിറാൻ' എന്നാണ് സാങ്കേതികമായി പറ യാറുള്ളത്.

2. ആദ്യം ഉംറ ചെയ്യുക; പിന്നീട് ഹജ്ജ് ചെയ്യുക. ഇതിന് 'തമത്തുഅ്' എന്നു പറയും.

3. ആദ്യം ഹജ്ജ് ചെയ്യുക; പിന്നീട് ഉംറ ചെയ്യുക. ഇതിന് 'ഇഫ്റാദ്' എന്നാണ് പേർ.

മേൽ വിവരിച്ച മൂന്ന് രൂപത്തി ലല്ലാതെ ഒരാൾക്കും ഹജ്ജും ഉംറയും ചെയ്യാൻ സാധ്യമല്ലെന്ന് വ്യക്തമാണല്ലോ. അതേപോലെ ഒരേ സമയം ആ മൂന്ന് രൂപമോ അല്ലെങ്കിൽ രണ്ട് രൂപമോ ഒന്നി ച്ചൊരാൾക്ക് ചെയ്യാൻ സാധ്യമല്ലെ ന്നതും വ്യക്തമാണ്. എന്നിരിക്കെ, നബിയുടെ ജീവിതത്തിൽ നബി ആകെ നിർവഹിച്ച ഹജ്ജിനെപ്പറ്റി വിവരിക്കുമ്പോൾ അതിലേതെങ്കി ലുമൊരു രൂപം നിർണയിച്ചു പറ യൽ നിർബന്ധമല്ലേ? എന്നാൽ സഹാബികളായ പതിനായിരക്ക ണക്കിൽ സാക്ഷികളുണ്ടായിട്ടു പോലും ബുഖാരി, മുസ്ലിം അടക്ക മുള്ള ഒരു അഹ്‌ലുൽ ഹദീസുകാ രന്നും ആ മൂന്നിൽ ഇന്ന രൂപത്തി ലാണ് നബി ഹജ്ജ് നിർവഹിച്ച തെന്ന് സംശയരഹിതമായി തെളി യിക്കാൻ പറ്റിയ ഒറ്റ ഹദീസും രേഖപ്പെടുത്തിവെക്കാൻ സാധ്യമാ യില്ല. എന്നാൽ അതിൽ രണ്ടാ ലൊരു രൂപത്തിലായിരുന്നുവെന്നെ ങ്കിലും തീർത്തുപറയാനവർക്ക് കഴിഞ്ഞോ? അതുമില്ല. പിന്നെ യോ? മൂന്നാലൊരു രൂപത്തിൽ ഹജ്ജ് ചെയ്തുവെന്നാണ് ബുഖാ രി, മുസ്ലിം മുതൽക്കുള്ള എല്ലാ പ്രഗത്ഭരും കൂടി എഴുതി തയ്യാറാ ക്കിയ ഹദീസ് സമാഹാരങ്ങളിൽ നിന്നാകെ ഉരുത്തിരിഞ്ഞു കിട്ടുന്ന ദൃക്സാക്ഷി വിവരണസംഗ്രഹം.

ഉദാഹരണമായി ഹസ്രത്ത് ആയിഷ, അലി, ഇബ്നു ഉമർ മുത ലായ സഹാബിമാരിൽ നിന്ന് നബി ചെയ്ത ഹജ്ജ് 'ഖിറാൻ' രൂപത്തിലായിരുന്നുവെന്ന് ബുഖാ രിയും മുസ്ലിമും മറ്റും നിവേദനം ചെയ്തിരിക്കുന്നു. അതേ ആയിഷ, അലി, ഇബ്നു ഉമർ എന്നിവരിൽ നിന്ന് അതേ ബുഖാരിയും മുസ്ലിമും തന്നെ നബിയുടെ ഹജ്ജ് 'തമത്തുഅ്' രൂപത്തിലായി രുന്നുവെന്നും രേഖപ്പെടുത്തിയിട്ടു ണ്ട്. ആയിഷയിൽ നിന്നു തന്നെ മൂന്നാമതായി ബുഖാരിയും മുസ്ലിമും അതേപോലെ ഇബ്നു അബ്ബാസ്, ഇബ്നു ഉമർ എന്നിവ രിൽ നിന്ന് മുസ്ലിമും മറ്റു പല മുഹ ദ്ദികളും രേഖപ്പെടുത്തിയത് നബി യുടെ ഹജ്ജ് 'ഇഫ്റാദ്' രൂപത്തി ലായിരുന്നുവെന്നാണ്.

**ഹജറുൽ അസ്‌വദ് നബി തൊടുകപോലും ചെയ്തിട്ടില്ലെന്ന് സ്ഥാപി ക്കാൻ പറ്റിയ ഹദീസ് ആദ്യം നിവേദനം ചെയ്ത ശേഷമാണ് ഹജറുൽ അസ്‌വദ് തൊട്ട വടി പോലും നബി ചുംബിച്ചു എന്ന അസംബന്ധം കെട്ടിപ്പറ ഞ്ഞിരിക്കുന്നത്.**

**ഏതെങ്കിലും രൂപത്തി ലുള്ള സത്യാന്വേഷണ ത്തിന് തയ്യാറാവാതെ സത്യങ്ങളെല്ലാം വെറുതെ വന്ന് തലയിൽ കയറുമെന്നാരും പ്രതീ ക്ഷിക്കേണ്ട.**

ചുരുക്കത്തിൽ പതിനായിര ക്കണക്കിന് സഹാബികളെ ദൃക്സാക്ഷികളാക്കി നബി നിർവ ഹിച്ച ഏക ഹജ്ജിന്റെ മൊത്ത ത്തിലുള്ള രൂപമെങ്കിലും കണിശ മായി നിർവഹിക്കാൻ പറ്റിയ ഒറ്റ ഹദീസും ഒരു സഹാബിയിൽ നിന്നും സംശയരഹിതമായി എഴു തിവെക്കാൻ അഹ്ലുൽ ഹദീസു കാർക്ക് കഴിഞ്ഞില്ലെന്നത് ഏറ്റവും ദയനീയവും അത്ഭുതക രവുമായൊരു സത്യമല്ലേ?

അതിലേറെ അത്ഭുതകരമാ യത് മേൽവിവരിച്ച പരസ്പര വിരു ദ്ധങ്ങളായ ഹദീസുകളെല്ലാം ബുഖാരിയും മുസ്ലിമും മറ്റും രേഖ പ്പെടുത്തി വെച്ചത് അവരുടെ ഏറ്റവും മുന്തിയ നിവേദക പരമ്പരകളിലൂടെയാണെന്നതാണ്.

എന്നാൽ മൂന്നിലൊരു രൂപ ത്തിലല്ലാതെ ചെയ്യാൻ കഴിയാത്ത ഹജ്ജിനെപ്പറ്റി മൂന്നാലൊരു രൂപ ത്തിലായിരുന്നു നബി അത് നിർവ ഹിച്ചതെന്ന 'മഹാവിജ്ഞാന' ത്തിലേക്ക് വെളിച്ചം വീശാൻ ഈ പ്രഗൽഭരുടെ സേവനം നമുക്കാവ ശ്യമുണ്ടായിരുന്നോ എന്നാണ് അബൂ ഹുറയ്റാ പ്രഭൃതികളോട് ചോദിക്കാനുള്ളത്. അവരുടെ 'മഹാഭാരതങ്ങൾ' മറ്റൊന്നും എഴു തിവെച്ചിട്ടില്ലെങ്കിലും ബുദ്ധിയുള്ള ആർക്കും സ്വയം മനസ്സിലാക്കാവു ന്നതല്ലേയുള്ളൂ അത്? എന്ന് മാത്ര മല്ല, ഈ അഹ്ലുൽ ഹദീസുകാ രുടെ ഒറ്റ ഗ്രന്ഥത്തിന്റെയും സഹാ യമില്ലാതെ കേവലം ഖുർആൻ മാത്രം പരിശോധിച്ചാൽ തന്നെ നബിയുടെ ഹജ്ജ് 'ഖിറാൻ' രൂപ ത്തിലായിരുന്നുവെന്ന് ഗ്രഹിക്കാൻ വിവേകമുള്ള ആർക്കും പ്രയാസ മില്ല. അത് ശേഷം വിവരിക്കുന്നു മുണ്ട്.

അപ്പോൾ നബിചര്യ മുഴു വൻ വള്ളിപുള്ളി തെറ്റാതെ രേഖ പ്പെടുത്തിവെക്കാൻ കഴിഞ്ഞത്, ബുഖാരി, മുസ്ലിം പോലുള്ളവരുടെ മഹത്തായ സേവനം കൊണ്ടായി രുന്നുവെന്ന് അബൂ ഹുറയ്റാ പ്രഭൃ തികൾ കൊട്ടിഘോഷിക്കുന്നത് തനി വഞ്ചനയും കടുത്ത കള്ള പ്രചാരണവുമല്ലാതെ മറ്റൊന്നുമല്ല. നബിയുടെ സുന്നത്തിന് പകരം അബൂ ഹുറയ്റയെപ്പോലുള്ള ജൂതമുനാഫിഖുകളുടെ ജൂതായി സങ്ങളും കള്ളഹദീസുകളും വള്ളിപുള്ളി തെറ്റാതെ, ഒരു ന്യൂന തയും പറ്റാതെ, കിട്ടിയേടത്തോളം ശേഖരിച്ചെഴുതിവെച്ച സമർഥരായ തനി കപടരായിരുന്നു അവരെന്ന് വേണമെങ്കിൽ പറയാം. അങ്ങനെ പറഞ്ഞാൽ അത് 100% സത്യവു മാണ്. അല്ലാതെ നബിയുടെ ഹദീ സുകളിൽ ഒരു ശതമാനമെങ്കിലും, അല്ലെങ്കിൽ നബിയുടെ 1000 ഖുതു ബകളിൽ ഒരു ഖുതുബയെങ്കിലും, അതുമല്ലെങ്കിൽ പതിനായിരക്കണ ക്കിൽ സഹാബികൾ ദൃക്സാക്ഷി കളായിരുന്ന നബിയുടെ ഏകഹ ജ്ജിന്റെ മൊത്തത്തിലുള്ള ഒരു രൂപമെങ്കിലും കണിശമായി എഴു തിവെക്കാനോ അത് പ്രചരിപ്പി ക്കാനോ കഴിഞ്ഞിട്ടില്ലാത്ത അഹ്ലുൽ ഹദീസുകാരെ പറ്റി നബിചര്യ മുഴുവൻ സംരക്ഷിച്ചവ രായിരുന്നു അവരെന്നോ അവരുടെ ഗ്രന്ഥങ്ങളാണ് ഇസ്ലാമിന്റെ പ്രമാണങ്ങളെന്നോ പറഞ്ഞാൽ അബൂ ഹുറയ്റാ പ്രഭൃതികള ല്ലാതെ ബുദ്ധിയും വിവേകവുമുള്ള മറ്റേതെങ്കിലുമൊരു മുസ്ലിം അത് വകവെച്ചു കൊടുക്കില്ല. മാത്രമല്ല നബിചര്യ മുഴുവൻ വഷളാക്കി ചിത്രീകരിച്ചതും ഖുർആന്റെ ആശ യാദർശങ്ങൾ അടിമുടി അട്ടിമറി ച്ചതും അതുവഴി പരിശുദ്ധ ഇസ്ലാമിനെ വൃത്തികെട്ട ജാഹി ലീമതമാക്കി രൂപാന്തരപ്പെടുത്തി യതുമെല്ലാം അഹ്ലുൽ ഹദീസു കാർ മാത്രമാണെന്ന കടുത്ത സത്യം എന്റെ മുൻഗ്രന്ഥങ്ങളി ലെന്ന പോലെ വരുന്ന ഗ്രന്ഥങ്ങ ളിലും ഇനിയും സ്ഥാപിക്കാൻ പോവുകയാണ്. അതുകൊണ്ട് ഇസ്ലാമിന്റെ ആദർശ സിദ്ധാന്ത ങ്ങളോ കർമാനുഷ്ഠാനങ്ങളോ വിവരിക്കാനോ സ്ഥാപിക്കാനോ അഹ്ലുൽ ഹദീസുകാരുടെ ഒരു ഹദീസും കൊള്ളില്ലെന്നും അവ രുടെ ഈ കള്ള ഹദീസുകളുടെ അടിസ്ഥാനത്തിലുള്ള എന്തെ ങ്കിലും ആദർശമോ ആചാരമോ ഇസ്ലാമിൽ സ്ഥിരപ്പെടുത്താനൊ രിക്കലും പാടില്ലെന്നും മുസ്ലിംക ളുടെ ഏകമൂലപ്രമാണം ഖുർആ നാണെന്നുമുള്ള അടിസ്ഥാന സിദ്ധാന്തങ്ങൾ മുറുകെ പിടിച്ച് ഇസ്ലാമിലെ ഹജ്ജ് കർമമെങ്ങ നെയെന്ന് വരുന്ന അധ്യായങ്ങ ളിൽ വിവരിക്കാം. അതോടൊപ്പം ഉംറയുടെ രൂപവും അതിന്റെ ഇസ്ലാമിക വിധിയുമെന്തൊക്കെ യാണെന്നും കൂട്ടത്തിൽ വിവരി ക്കുന്നുണ്ട്. ഉംറക്ക് മാത്രമായുള്ള തീർഥാടനത്തിന് ഇസ്ലാമിൽ വല്ല സ്ഥാനവുമുണ്ടോ, മദീന ത്തേക്ക് പോവലും നബിയുടെ ഖബർ സന്ദർശിക്കലും അവിടെ പ്രാർഥന നടത്തലുമൊക്കെ ഖുർആനിക ദൃഷ്ട്യാ പുണ്യകർമ ങ്ങളാണോ എന്നെല്ലാം വിശദ മായി പ്രതിപാദിക്കേണ്ടതുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹ ത്താൽ ഈയുള്ളവൻ സ്ഥിരം ചെയ്യാറുള്ളതുപോലെ, ഖുർആൻ സമഗ്രമായി പരിശോധിച്ച് മേൽപ റഞ്ഞ കാര്യങ്ങളെപ്പറ്റിയുള്ള വിശ ദമായ വിവരണം മാന്യവായന ക്കാർക്ക് പ്രതീക്ഷിക്കാം. ഖുർ ആന്റെ അടിസ്ഥാനത്തിൽ ഞാനെഴുതി പ്രസിദ്ധീകരിച്ച ഏതൊരു കാര്യത്തെപ്പറ്റിയും ഖുർ ആൻ പഠിച്ചവർക്ക് സ്വയം പരി



ശോധിക്കുകയോ അല്ലെങ്കിൽ മറ്റു ഖുർആൻ പണ്ഡിതരോട് നേരിട്ട ന്വേഷിക്കുകയോ അതുമല്ലെങ്കിൽ എഴുത്ത് മുഖേന അവരോട് മറു പടി ആവശ്യപ്പെടുകയോ ചെയ്യാ വുന്നതാണ്. ഏതായാലും ഏതെ ങ്കിലും രൂപത്തിലുള്ള സത്യാന്വേ ഷണത്തിന് തയ്യാറാവാതെ സത്യ ങ്ങളെല്ലാം വെറുതെ വന്ന് തല യിൽ കയറുമെന്നാരും പ്രതീക്ഷി ക്കേണ്ടതില്ല.

## ഖുർആനിലെ ഹജ്ജിന്റെ രൂപം

ഹജ്ജിന്റെ പൂർണരൂപം ഹദീസുകൾ കൊണ്ടല്ലാതെ തെളിയില്ലെന്നും ഖുർആനിൽ ഹജ്ജിന്റെ 25 ശതമാനമേ വിവരി ച്ചിട്ടുള്ളൂവെന്നും ബാക്കി 75ഉം വിവരിച്ചത് ഹദീസുകളിലാണെന്നു മാണ് ലോകപുരോഹിതരുടെ വാദം. ആ വാദം നാമും സമ്മതി ക്കുന്നു. പക്ഷേ, അവർ പറയുന്ന 75 ശതമാനവും ജാഹിലീ ഹജ്ജിന്റെ രൂപമാണെന്ന് മാത്രം. അതെല്ലാം വിവരിക്കുന്ന ഹദീസു കൾ മുഴുവനും കള്ള ഹദീസുക ളുമാണ്. അതിനാൽ ആ കള്ള ഹദീസുകളിലൂടെ ലഭിക്കുന്ന ഹജ്ജ് കർമങ്ങളൊന്നും മുസ്‌ലിം കൾക്ക് ബാധകമല്ല. എന്നല്ല, ഖുർ ആൻ വിവരിച്ചതിനപ്പുറം പ്രവർ ത്തിക്കാൻ ശരിയായ മുസ്‌ലിം കൾക്ക് പാടുള്ളതുമല്ല. കഴിഞ്ഞ അധ്യായങ്ങളിൽ അതെല്ലാം വേണ്ടത്ര വിശദീകരിച്ചു പോയതാ ണല്ലോ. അപ്പോൾ ഖുർആനനുസ രിച്ചുള്ള ഹജ്ജിന്റെ രൂപമെങ്ങനെ യാണെന്നാണ് നമുക്കറിയേണ്ടത്. അതാണ് താഴെ വിവരിക്കുന്നതും.

## മീഖാത്ത്

‘മീഖാത്ത്’ എന്ന് ഖുർആൻ പറഞ്ഞത് ഹജ്ജ് കർമം നിർവഹി ക്കാനുള്ള കാലമെന്ന അർഥത്തി ലാണ്; ഹജ്ജിന് ഇഹ്റാം കെട്ടുന്ന സ്ഥലമെന്ന അർഥത്തിലല്ല. സ്ഥ ലമെന്ന അർഥത്തിൽ ‘മീഖാത്ത്’ എന്ന പദത്തെ ഖുർആനൊരി ക്കലും പ്രയോഗിച്ചിട്ടുമില്ല. അപ്പോൾ “മീഖാത്തിൽ വെച്ച് ഇഹ്റാം കെട്ടുക” എന്നൊക്കെ പറയുന്നത് ജാഹിലിയ്യാ കാലത്തെ പ്രയോഗം മാത്രമാണ്. ഖുർആന്റെ ദൃഷ്ടിയിൽ അങ്ങനെ നിർണയിക്കപ്പെട്ട ഒറ്റമീഖാത്തു മില്ല; ഒരു ഇഹ്റാം കെട്ടലുമില്ല. ശവ്വാൽ, ദുൽഖഅദ് എന്നീ അറ ബിമാസങ്ങളിൽ (ഹജ്ജിന്റെ മീഖാത്തായ മാസങ്ങളിൽ) ഏത് സ്ഥലത്ത് നിന്നും ഹജ്ജിന് അർഹരായ മുസ്‌ലിംകൾക്ക് ഹജ്ജിന് തീരുമാനമെടുക്കാവുന്ന താണ്. അതിനാണ് ഇഹ്റാം എന്നു പറയുന്നത്. പ്രസ്തുത ഇഹ്റാമിന്റെ സമയത്ത് ഷർട്ടും പാന്റ്സുമെല്ലാം അഴിച്ചുമാറ്റി കേവലം ഒരു നാടൻ മുണ്ടുടുത്ത്, മറ്റൊരു മുണ്ട് കൊണ്ട് പൂണൂൽ മോഡലിൽ ഒരു കെട്ട് കെട്ടുന്നതി നാണ് സാധാരണ മുസ്‌ലിംകൾ ഇഹ്റാം കെട്ടുക എന്ന് പറയാറു ള്ളത്. ഇതൊന്നും ഖുർആൻ അംഗീകരിച്ച ആചാരങ്ങളല്ല. നേരെ മറിച്ച് ജാഹിലിയ്യാ കാലത്തെ ഹജ്ജ് തീർഥാടകരു ണ്ടാക്കിയ നഗ്ന പ്രസ്ഥാനത്തിന്റെ ഭാഗം മാത്രമാണത്. ഖുർആന തിനെ ശക്തിയായി ആക്ഷേപിക്കു കയാണ് ചെയ്തത്. മാത്രമല്ല ഹജ്ജ് കർമം, നമസ്കാരം മുത ലായ ആരാധനകൾക്കായി മക്കത്തെ പള്ളിയിലേക്കും മറ്റും ചെല്ലുമ്പോൾ അലങ്കാരമുള്ള വസ്ത്രങ്ങൾ അഴിച്ചുമാറ്റുന്നത് ജാഹിലീ സമ്പ്രദായമാണെന്നും അങ്ങനെയുള്ള നിയമങ്ങൾ കെട്ടിപ്രചരിപ്പിക്കുന്നത് തനിഹറാ മാണെന്നും അതുകൊണ്ട് മേലിൽ

**കള്ള ഹദീസുകളിലൂടെ ലഭിക്കുന്ന ഹജ്ജ് കർമങ്ങളൊന്നും മുസ്‌ലിം കൾക്ക് ബാധകമല്ല. എന്നല്ല, ഖുർആൻ വിവരിച്ചതിനപ്പുറം പ്രവർത്തിക്കാൻ ശരിയായ മുസ്‌ലിംകൾക്ക് പാടുള്ളതുമല്ല.**

അലങ്കാരമുള്ള വസ്ത്രങ്ങളും മറ്റും മിതമായ രൂപത്തിൽ ഉപയോഗിക്കുകയാണ് വേണ്ടതെന്നുമൊക്കെ 7:31-33 ൽ ഖുർആൻ തുറന്ന് പ്രഖ്യാപിച്ചത് മുമ്പ് വിശദമായി വിവരിച്ചതാണല്ലോ.

ഇത്രയും വിവരിച്ചതിൽ നിന്ന് ഹജ്ജിന്റെ മീഖാത്തുകളെന്ന് ഇപ്പോൾ അറിയപ്പെടുന്ന സ്ഥലങ്ങളിൽ വെച്ചൊന്നും ഹജ്ജിന് ഇഹ്റാം ചെയ്യാൻ (തീരുമാനമെടുക്കാൻ) പാടില്ലെന്നോ അവിടങ്ങളിൽ വെച്ച് മുമ്പ് 'ഇഹ്റാം കെട്ടി' ഹജ്ജ് നിർവഹിച്ചവരുടെ ഹജ്ജൊന്നും ശരിയാവില്ലെന്നോ ആരും തെറ്റിദ്ധരിച്ചുപോവരുത്. പിന്നെയോ? ഹജ്ജ് കർമമാരംഭിക്കേണ്ട കേന്ദ്രമായ മസ്ജിദുൽ ഹറാമിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് എവിടെ വെച്ചും ഹജ്ജ് ചെയ്യാനുള്ള തീരുമാനമെടുക്കാവുന്നതാണെന്നും അതിന് പ്രത്യേക മീഖാത്തൊന്നും നിർബന്ധമില്ലെന്നുമാണ് മേൽ പറഞ്ഞതിന്റെ വിവക്ഷ. അല്ലാതെ, ഇപ്പോൾ പതിവാക്കിപ്പോരുന്ന മീഖാത്തിൽ നിന്നത് പാടില്ലെന്നല്ല. അതേ പാടുള്ളൂവെന്ന നിയമം ഇസ്‌ലാമിലില്ലെന്ന് സാരം.

ആകയാൽ ഹജ്ജ് മാസങ്ങളിലെ ആദ്യത്തെ മാസമായ ശവ്വാൽ മാസം ആരംഭിച്ച ശേഷം യാത്രയിൽ വെച്ചോ മക്കത്തെത്തിയ ശേഷമോ ഹജ്ജിന് ഇഹ്റാം ചെയ്യാവുന്നതാണ്. അതായത് ഹജ്ജ് കർമത്തോടനുബന്ധിച്ച് ഖുർആൻ കൽപ്പിച്ച വിധിവിലക്കുകളെല്ലാം മാനിച്ച് ഒരു ശിർക്കും ദുരാചാരവും കലരാത്ത രൂപത്തിലുള്ള സംശുദ്ധമായ ഹജ്ജ്, അല്ലാഹുവിന് വേണ്ടി -അവന്റെ പ്രീതിക്ക് വേണ്ടി- പൂർത്തിയാക്കി ചെയ്യാൻ ഞാൻ തീരുമാനിച്ചു എന്ന് മനസ്സിൽ കരുതുക. തുടർന്ന് ഹജ്ജ് കർമത്തിന്റെ പ്രധാന ഘടകമായി ഖുർആൻ സൂചിപ്പിച്ച ദിക്റുല്ലാഹിയിൽ പെട്ട മൊഴികൾ ചൊല്ലുക. അക്കൂട്ടത്തിൽ സാധാരണ ചൊല്ലിവരാറുള്ള തൽബിയത്തും ആവർത്തിക്കാവുന്നതാണ്; അതും ദിക്റുല്ലാഹിയിൽ പെട്ടത് കൊണ്ട് തന്നെ. അതല്ലാതെ ആ തൽബിയത്ത് തന്നെ ചൊല്ലണമെന്ന നിർദേശമൊന്നും ഖുർആനിലില്ല. ഹംദും തസ്ബീഹും തഹ്‌ലീലുമെല്ലാം ആവർത്തിക്കുന്ന കൂട്ടത്തിൽ അതും ആവർത്തിക്കാമെന്ന് മാത്രം. ഹജ്ജിനെ പറ്റിയുള്ള വിവരണം ഖുർആൻ അവതരിപ്പിച്ച കാലത്ത് തന്നെ നിലനിന്നതും ഖുർആൻ എതിർത്തിട്ടില്ലാത്തതും ദിക്റുല്ലാഹി എന്ന് ഖുർആൻ പൊതുവെ പറഞ്ഞതിലുൾപ്പെട്ടതും ആയത് കൊണ്ടാണ് തൽബിയത്ത് ചൊല്ലുന്നതിൽ തെറ്റില്ലെന്ന് പറയാൻ കാരണം. ഇനി ആരെങ്കിലും അത് ചൊല്ലാതെ മറ്റു ദിക്റുകളാണ് ചൊല്ലുന്നതെങ്കിൽ അതിലും തെറ്റ് പറയാനാവില്ല; തൽസംബന്ധമായ പ്രത്യേക നിർദേശങ്ങളൊന്നും ഖുർആനിലില്ലാത്തത് കൊണ്ട് തന്നെ.

ഹജ്ജിന് ഇഹ്റാം ചെയ്യുന്ന ഘട്ടത്തിൽ സുന്നത്ത് ജമാഅത്തുകാരെല്ലാം അലങ്കാരമുള്ള വസ്ത്രങ്ങൾ - പാന്റ്സും ഷർട്ടും ജുബ്ബയും തൊപ്പിയുമെല്ലാം - അഴിച്ചുമാറ്റി അലങ്കാരമില്ലാത്ത രണ്ട് കഷ്ണം മുണ്ട് മാത്രമേ ഉപയോഗിക്കാറുള്ളൂ. അതാണത്രെ അവർ ഖുർആനിൽ നിന്ന് പഠിച്ചത്. എന്നാൽ ഖുർആൻ സുന്നത്തുകാരായ നാം പഠിച്ചത് അങ്ങനെ

**ഹജ്ജിന് ഇഹ്റാം ചെയ്യുന്ന ഘട്ടത്തിൽ സുന്നത്ത് ജമാഅത്തുകാരെല്ലാം അലങ്കാരമുള്ള വസ്ത്രങ്ങൾ - പാന്റ്സും ഷർട്ടും ജുബ്ബയും തൊപ്പിയുമെല്ലാം - അഴിച്ചുമാറ്റി അലങ്കാരമില്ലാത്ത രണ്ട് കഷ്ണം മുണ്ടേ ഉപയോഗിക്കാറുള്ളൂ. അതാണത്രെ അവർ ഖുർആനിൽ നിന്ന് പഠിച്ചത്. എന്നാൽ ഖുർആൻ സുന്നത്തുകാരായ നാം പഠിച്ചത് അങ്ങനെയല്ല; അലങ്കാരമില്ലാത്ത വസ്ത്രങ്ങളാണ് അപ്പോൾ ധരിച്ചതെങ്കിൽ അതെല്ലാം അഴിച്ചുമാറ്റി അലങ്കാരമുള്ള വസ്ത്രങ്ങൾ മിതമായ രൂപത്തിൽ ധരിക്കണമെന്നാണ്.**

യല്ല; അലങ്കാരമില്ലാത്ത വസ്ത്രങ്ങളാണ് അപ്പോൾ ധരിച്ചതെങ്കിൽ അതെല്ലാം അഴിച്ചുമാറ്റി അലങ്കാരമുള്ള വസ്ത്രങ്ങൾ മിതമായ രൂപത്തിൽ ധരിക്കണമെന്നാണ്. ഇത് സംബന്ധിച്ച വിശദമായ വിവരണവും ഖുർആൻ വ്യാഖ്യാനവും ആദ്യം രേഖപ്പെടുത്തിപ്പോയത് വായനക്കാർ ക്കോർമയുണ്ടല്ലോ.

ഹജ്ജിന്റെ ഒരുക്കത്തെ പറ്റിയാണ് മേൽവിവരിച്ചത്. ഇനിയത്തേതാണ് ഹജ്ജിന്റെ പ്രാരംഭ കർമം; അതായത് 'ത്വവാഫ്.'

*(അവസാനിക്കുന്നില്ല)*

Printed & Published by K.K. Salim Hajee @ Guru Offset & Graphics, Clt-4, for Khur-aan Sunnath Society (KSS) Central Committee, Moulavi Chekanoor Memorial Building, Govindapuram P.O, Kozhikode-16. Chief Editor: Mudur Aboobacker.
E-mail: vedadarsanam@mail.com INTERNAL CIRCULATION ONLY.

# യഥാർഥ ഇസ്‌ലാമിനെ അറിയാൻ വായിച്ചിരിക്കേണ്ട ഗ്രന്ഥങ്ങൾ

| | |
|---|---|
| ◆ പ്രമാണയോഗ്യമായ ഹദീസേത്? | 45/- |
| ◆ അബൂ ഹുറയ്റയുടെ തനിനിറം | 50/- |
| ◆ നമസ്കാരം മൂന്ന് മാത്രം: സി.എൻ. മൗലവിക്ക് ചുട്ടമറുപടി | 35/- |
| ◆ ഖുത്തുബ പരിഭാഷയും സ്ത്രീകളുടെ ജുമുഅയും | 25/- |
| ◆ തറാവീഹും തഹജ്ജുദും നബിക്ക് മാത്രം | 20/- |
| ◆ ഖുർആനിൽ ഹജ്ജിനുള്ള സ്ഥാനവും രൂപവും | 30/- |
| ◆ ഖുർആനിലെ നമസ്കാരരൂപം (പുതിയ പതിപ്പ്) | 45/- |
| ◆ സർവമത സത്യവാദം ഖുർആനിൽ | 15/- |
| ◆ ഇസ്രാഉം മിഅ്റാജും | 10/- |
| ◆ നബിയുടെ പേരിൽ സ്വലാത്തും സലാമും ചൊല്ലലെങ്ങനെ? | 15/- |
| ◆ ഇസ്‌ലാമിക ശരീഅത്തും ഇന്ത്യൻ ശരീഅത്തും സുപ്രീം കോർട്ട് വിധിയും | 10/- |
| ◆ മുസ്‌ലിം പിന്തുടർച്ചാ നിയമം: വിമർശകർക്ക് മറുപടി | 45/- |
| ◆ ബുഖാരിയും മുസ്‌ലിമും ലോകപൊള്ളന്മാരാണെന്നതിന്റെ തെളിവുകൾ (പുതിയ പതിപ്പ്) | 15/- |
| ◆ ചേലാകർമം അനിസ്‌ലാമികം | 30/- |
| ◆ ഇസ്‌ലാമും ജനാധിപത്യവും | 20/- |
| ◆ വിശുദ്ധ ഖുർആൻ: മുസ്‌ലിംകളുടെ ഒരേയൊരു പ്രമാണ ഗ്രന്ഥം (ഒന്നും രണ്ടും ഭാഗങ്ങൾ) | 35/- |
| ◆ ആമീൻ എന്ന ഖുർആൻ വിരുദ്ധ പ്രാർഥനാ മൊഴിയും വിഗ്രഹാരാധനയും | 30/- |
| ◆ ഹദീസുകളുടെ പ്രാമാണികത | 35/- |
| ◆ ചേകനൂർ മൗലവി: ജീവിതവും സന്ദേശവും | 50/- |
| ◆ മുസ്‌ലിം വിവാഹവും മനുഷ്യാവകാശങ്ങളും | 20/- |
| ◆ ഖുർആൻ വ്യാഖ്യാനങ്ങളിലെ അപാകങ്ങൾ | 15/- |
| ◆ ശരീഅത്ത്: വികാസവും പരിണാമവും | 50/ |
| ◆ ഇസ്‌ലാമിക സദാചാര മൂല്യങ്ങൾ ഖുർആനിൽ | 30/- |
| ◆ ഖുർആൻ നിഷേധികൾക്ക് മറുപടി | 45/- |
| ◆ ഈ ഹദീസുകൾ ആർക്കു വേണ്ടി? | 7/- |
| ◆ സുകൃതങ്ങൾ ഖുർആനിക വീക്ഷണത്തിൽ | 10/- |
| ◆ ചേകനൂർ മൗലവിയുടെ ആദർശപ്പടയോട്ടം | 10/- |
| ◆ വേദ ദർശനം മാസിക | 12/- |

Secretary, **Khur-aan Sunnath Society**
Moulavi Chekannoor Memorial Building, Manalthazham, Govindapuram P.O.,
Kozhikode-673 016, Ph: 9496244760, e-mail: ksskerala@mail.com




**സെഷൻ 1**

10.00 am **ഖുർആൻ പഠന ക്ലാസ്സുകൾ**

പങ്കെടുക്കുന്നവർ

- **മുതൂർ അബൂബക്കർ**
- **അബ്ദുറഹ്മാൻ കൂത്തുപറമ്പ്**
- **സൈതലവി അൻസാരി**
- **പാലക്കി മുഹമ്മദ്**



**സെഷൻ 2**

5.00 pm **മതഭീകരതാ വിരുദ്ധ ദിനാചരണവും മൗലവി ചേകനൂർ അനുസ്മരണവും**

പങ്കെടുക്കുന്നവർ

- **കാനത്തിൽ ജമീല** (ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്, കോഴിക്കോട്)
- **എ. പ്രദീപ് കുമാർ** (എം. എൽ. എ)
- **പ്രൊഫ. സി. രവിചന്ദ്രൻ** (യൂനിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം)
- **ആർ.വി. ബാബു** (സംസ്ഥാന ജനറൽ സെക്രട്ടറി, ഹിന്ദു ഐക്യവേദി)
- **ഡോ. എം.എൻ കാരശ്ശേരി** (കാലിക്കറ്റ് യൂനിവേഴ്സിറ്റി)
- **ഡോ. ഖദീജാ മുംതാസ്** (നോവലിസ്റ്റ്)
- **കെ.കെ. സാലിം ഹാജി** (സംസ്ഥാന പ്രസിഡണ്ട്, കെ. എസ്. എസ്)
- **ഡോ. അബ്ദുൽ ജലീൽ പുറ്റെക്കാട്** (സംസ്ഥാന വൈസ് പ്രസിഡണ്ട്, കെ. എസ്. എസ്.)

പാരമ്പര്യത്തിനൊരു പൊളിച്ചെഴുത്ത്

വായിക്കുക പ്രചരിപ്പിക്കുക

വേദ ദർശനം

കെ.എസ്.എസ്. മുഖപത്രം

PB No. 143, Kozhikode - 673 001
E-mail: vedadarsanam@mail.com